


കേരള സർക്കാർ









# ബജറ്റ് പ്രസംഗം

## 2014-15


കെ.എം.മാണി

ധന മന്ത്രി


24 ജനുവരി 2014

# ബഡ്ജറ്റ് പ്രസംഗം

## 2014-15

# കെ.എം. മാണി

## ധനകാര്യ മന്ത്രി

2014 ജനുവരി 24

കേരള സർക്കാർ

## ഉള്ളടക്കം


| | പേജ് നമ്പർ |
|---|---|
| **ആമുഖം** | 1 |
| **മുൻഗണനാ പരിപാടികൾ** | 4 |
| **വിവിധ വകുപ്പുകൾ** | |
| കൃഷി | 24 |
| മണ്ണ് - ജലസംരക്ഷണം | 25 |
| മൃഗ സംരക്ഷണം | 25 |
| ക്ഷീര വികസനം | 26 |
| മത്സ്യ മേഖലയുടെ വികസനവും മത്സ്യതൊഴിലാളി ക്ഷേമവും | 26 |
| വനം - വന്യജീവി | 27 |
| ഗ്രാമവികസനം | 27 |
| റവന്യൂ | 28 |
| പഞ്ചായത്ത് | 28 |
| ലീഗൽ മെട്രോളജി | 28 |
| നഗരവികസനം | 29 |
| സഹകരണം | 29 |
| ജലവിഭവം | 30 |
| ശുദ്ധജല വിതരണവും മാലിന്യ നിവാരണവും | 30 |
| ഊർജ്ജം | 31 |
| വ്യവസായം | 32 |
| വിവരസാങ്കേതിക വിദ്യ | 35 |
| തുറമുഖം | 37 |
| പൊതുമരാമത്ത് | 38 |
| ഗതാഗതം | 39 |

| | |
|---|---|
| കെ.എസ്.ആർ.ടി.സി | 40 |
| വിനോദസഞ്ചാരം | 40 |
| ശാസ്ത്രം, സാങ്കേതികം, പരിസ്ഥിതി | 41 |
| വിദ്യാഭ്യാസം | 42 |
| കലയും, സാംസ്കാരികവും | 45 |
| മ്യൂസിയം - മൃഗശാല | 48 |
| ആരോഗ്യം, കുടുംബക്ഷേമം | 48 |
| ഭവന നിർമ്മാണം | 51 |
| വാർത്താവിതരണവും പ്രചരണവും | 52 |
| തൊഴിലും പുനരധിവാസവും | 52 |
| പട്ടികജാതി - പട്ടികവർഗം | 54 |
| മറ്റ് പിന്നാക്ക വിഭാഗങ്ങൾ | 56 |
| ന്യൂനപക്ഷ ക്ഷേമം | 56 |
| മുന്നാക്ക ക്ഷേമം | 56 |
| ആഭ്യന്തരം - നീതിന്യായം | 56 |
| സാമൂഹ്യ നീതി - സുരക്ഷ | 57 |
| കായികവും യുവജനക്ഷേമവും | 60 |
| പൊതുഭരണം | 61 |
| നിയമം | 62 |
| ദേവസ്വം | 62 |
| ഭക്ഷ്യവും പൊതുവിതരണവും | 63 |
| രജിസ്ട്രേഷൻ | 63 |
| സൈനികക്ഷേമം | 64 |
| പ്രവാസികാര്യം | 64 |
| **വിഭവ സമാഹരണം** | 65 |
| **ഉപസംഹാരം** | 104 |

# ആമുഖം

സർ,

1. 2014-15 വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റ് മഹനീയമായ ഈ സഭയ്ക്ക് മുൻപാകെ ഞാൻ അവതരിപ്പിക്കുകയാണ്.

2. 12-ാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വർഷത്തിലേയ്ക്ക് നാം കടക്കുകയാണ്. ബജറ്റ് നിർദ്ദേശങ്ങൾ പരിഗണിക്കുന്ന ഈ അവസരത്തിൽ 2011-12 സാമ്പത്തിക വർഷം മുതൽ ദേശീയ തലത്തിൽ സാമ്പത്തിക വളർച്ചയിൽ പ്രതിഫലിക്കുന്ന മാന്ദ്യവും അതിന്റെ ഫലമായി റവന്യൂ വരുമാനത്തിലുണ്ടാകുന്ന കുറവും കൂടി നാം തിരിച്ചറിയേണ്ടതുണ്ട്. അതേസമയം നാണ്യപ്പെരുപ്പത്തിന്റെ തോത് ശരാശരി 10 ശതമാനത്തോളമായി തുടരുകയും ചെയ്യുന്നു. പണപ്പെരുപ്പം മൂലം അവശ്യ സാധനങ്ങളുടെ വിലവർദ്ധനവ് ഒരു സങ്കീർണ്ണ പ്രശ്നമായി കഴിഞ്ഞ രണ്ട് വർഷക്കാലമായി തുടർന്ന് വരുന്നു.

3. എന്നാൽ നമ്മുടെ സംസ്ഥാനം താരതമ്യേന മെച്ചപ്പെട്ട സ്ഥിതിയിലാണ് എന്നുള്ള കാര്യം ചൂണ്ടിക്കാണിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. പതിനൊന്നാം പദ്ധതിക്കാലയളവിൽ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് 8 ശതമാനമായിരുന്നു. ഈ നിരക്കിലുള്ള വളർച്ചാ നിരക്ക് 12-ാം പദ്ധതിക്കാലയളവിലും നിലനിർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കൂടാതെ നടപ്പു വർഷം വളർച്ചാ നിരക്ക് 8.58 ശതമാനമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നമ്മുടെ ആളോഹരി വരുമാനം

2011-12 ലെ 59052/- രൂപയിൽ നിന്നും 2012-13 ൽ 63491/- രൂപയായി വർദ്ധിച്ചിരിക്കുന്നു.

4. എന്നിരുന്നാലും എല്ലാ മേഖലയിലും സാമ്പത്തിക വളർച്ചയിലുണ്ടായിട്ടുള്ള മാന്ദ്യം നമ്മുടെ വരുമാനത്തിലെ കുറവിന് കാരണമായിട്ടുണ്ട്. നമ്മുടെ വരുമാന വളർച്ചാ നിരക്ക് 11 ശതമാനമാണെങ്കിലും വിവിധ വികസന പ്രവർത്തനങ്ങളും ക്ഷേമ പദ്ധതികളും നടപ്പിലാക്കിയതു മുഖാന്തിരം സംസ്ഥാനത്തിന്റെ ചെലവിനത്തിൽ 20 ശതമാനത്തോളം വർദ്ധനവുണ്ടായിട്ടുണ്ട്. ഇതുമൂലം ബഡ്ജറ്റ് കമ്മിയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ കേന്ദ്ര നികുതി വിഹിതമായി ലഭിക്കേണ്ട തുകയിലും ഗണ്യമായ കുറവുണ്ടായിരിക്കുന്നു. ഈ സാമ്പത്തിക സ്ഥിതിവിശേഷം കണക്കിലെടുത്ത് ഉചിതമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

5. ഉയർന്ന നാണ്യപെരുപ്പത്തിന്റെ പ്രതിഫലനമായി സംസ്ഥാനത്തിന്റെ സാമൂഹ്യമേഖലയിലെ ചെലവുകളിൽ ഉണ്ടാകുന്ന വർദ്ധനവും സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി ഉണ്ടാകുന്ന വരുമാന വളർച്ച ശോഷണത്തിന്റെയും പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ ധന ഉത്തരവാദിത്വ നിയമത്തിൽ നിഷ്കർഷിച്ച പ്രകാരമുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നത് അപ്രായോഗികമായിരിക്കുന്നു. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ 14-ാം ധനകാര്യ കമ്മീഷന് സംസ്ഥാനം നൽകിയ നിവേദനത്തിൽ കമ്മി സംബന്ധമായ സാമ്പത്തിക സൂചകങ്ങൾ യാഥാർത്ഥ്യ ബോധത്തോടുകൂടി പുനർനിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രനികുതി വിഹിതം നിലവിലുള്ള 32 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കണമെന്നും സംസ്ഥാനങ്ങൾക്കിടയിലെ നികുതി വിഭജനത്തിന് കൂടുതൽ ശാസ്ത്രീയമായ മാനദണ്ഡങ്ങൾ സ്വീകരിക്കണമെന്നും സംസ്ഥാനത്തിന്റെ നിവേദനത്തിൽ ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്.

6. സംസ്ഥാനത്ത് അസംഘടിത മേഖലയിൽ ആണ് 77 ശതമാനത്തോളം ആളുകളും പണിയെടുക്കുന്നത്. സാമ്പത്തികമാന്ദ്യം ഈ മേഖലയിൽ നിന്നുള്ള തൊഴിലവസരങ്ങളേയും വരുമാനത്തേയും പ്രതികൂലമായി

ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസനം ഉത്തേജിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും പ്രത്യേക നയങ്ങളും പദ്ധതികളും രൂപീകരിക്കേണ്ടതായിട്ടുണ്ട്. കൃഷി, വിനോദസഞ്ചാരം, മൃഗസംരക്ഷണം, ക്ഷീരവികസനം, ഗ്രാമവികസനം, വിവര സാങ്കേതികം എന്നീ പ്രധാനപ്പെട്ട മേഖലകൾക്ക് കൂടി ഊന്നൽ നൽകിക്കൊണ്ടുള്ള പരിപാടികളാണ് ആസൂത്രണം ചെയ്യേണ്ടത്. നൂതന ആശയങ്ങളും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിന് അനുയോജ്യമായ സാഹചര്യം കൂടി ഒരുക്കേണ്ടതായിട്ടുണ്ട്.

7. നടപ്പു സാമ്പത്തിക വർഷത്തേക്കാളും 17.65 ശതമാനം വർദ്ധനവോടെ 2014-15 ൽ 20,000 കോടി രൂപയുടെ വാർഷിക പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ 31 ശതമാനം വിഹിതം സാമൂഹിക മേഖലയ്ക്കാണ്. ഈ വാർഷിക പദ്ധതിയിൽ ഗ്രാമവികസനത്തിനുള്ള വിഹിതത്തിൽ 27 ശതമാനത്തിന്റേയും വ്യവസായത്തിന് 17 ശതമാനത്തിന്റേയും കൃഷി-ആരോഗ്യ മേഖലകൾക്ക് 16 ശതമാനം വീതവുമുള്ള വർദ്ധനവ് വരുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസന മേഖലയിലെ വൻകിട പദ്ധതികൾക്കായി 1225 കോടി രൂപ എന്ന ഉയർന്ന വിഹിതവും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

8. പ്ലാനിംഗ് കമ്മീഷന്റെ അന്തിമ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും നിലവിലെ പദ്ധതിയടങ്കലെന്ന കാര്യം ഈ മഹനീയ സഭയെ ഞാൻ അറിയിച്ചുകൊള്ളട്ടെ. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര സഹായം സംസ്ഥാന ബജറ്റിൽ വകയിരുത്തി നടപ്പാക്കുന്നതരത്തിൽ പുന:സംഘടിപ്പിക്കാൻ പ്ലാനിംഗ് കമ്മീഷൻ ഈയിടെ തീരുമാനിച്ചിരുന്നു. ഈ മാറ്റങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലിരിക്കുന്നതിനാൽ അന്തിമ അനുമതിയുടെ അടിസ്ഥാനത്തിൽ പദ്ധതി അടങ്കലിൽ നേരിയ വ്യത്യാസം ഉണ്ടായേക്കാം.

## മുൻഗണനാ പരിപാടികൾ

**9. കർഷകർക്ക് 90 ശതമാനം സർക്കാർ പ്രീമിയത്തോടുകൂടി ഇൻകം ഗാരന്റിയും വിലനിർണയ അവകാശവും**

ഇന്ത്യയിൽ ആദ്യമായി സർക്കാർ 90 ശതമാനം പ്രീമിയം നൽകിക്കൊണ്ട് നടപ്പിലാക്കുന്ന ഒരു കർഷക ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷം ഉണ്ട്. വ്യവസായ മേഖലയിലും സേവന മേഖലയിലും ഉല്പാദകനും സേവന ദാതാവിനും വില നിശ്ചയിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കെ പ്രാഥമിക മേഖലയിൽ കൃഷിക്കാർക്ക് തങ്ങൾ ഉല്പാദിപ്പിക്കുന്ന വിഭവങ്ങളുടെ വില നിശ്ചയിക്കുവാൻ കഴിയുന്നില്ല. കർഷകന് ഉല്പാദന ചെലവിനുപരിയായി ന്യായമായ ലാഭം (fair returns) ഉറപ്പുവരുത്തുന്നതിലൂടെ മാത്രമേ കാർഷികോത്പാദന മേഖലയിൽ ഉണർവും പുരോഗതിയും ഉറപ്പുവരുത്താനാകൂ. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് 2 ഹെക്ടർ വരെ കൃഷിഭൂമിയുള്ള ചെറുകിട - നാമമാത്ര കർഷകർക്ക് വേണ്ടി ഒരു ''ഇൻകം ഗാരണ്ടി സ്കീം'' നടപ്പിലാക്കുന്നതാണ്. ഇതിനായി ഇൻഷ്വറൻസ് കമ്പനികൾ വഴി 25 പ്രധാന വിളകളെ ഇൻഷ്വർ ചെയ്യുന്ന വിപുലമായ ഒരു പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകും. ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 90 ശതമാനം സർക്കാർ വഹിക്കും. 10 ശതമാനം മാത്രമായിരിക്കും ഗുണഭോക്താക്കളായ കർഷകർ വഹിക്കേണ്ടി വരിക. ഇത് കർഷകരുടെ ഉത്കണ്ഠ അകറ്റി ആത്മധൈര്യം പകരുന്നതിന് കാരണമാകും. ഈ പദ്ധതിക്കായി 50 കോടി രൂപ വകയിരുത്തുന്നതാണ്.

**10. രണ്ടു ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് ആരോഗ്യ ഇൻഷ്വറൻസ്**

സംസ്ഥാനത്തെ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന വർക്കു സർക്കാർ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ആനുകൂല്യം ചെറുകിട കർഷക സമൂഹത്തിനു മുഴുവൻ ലഭ്യമാക്കണമെന്ന് സർക്കാർ ആഗ്രഹിക്കുന്നു. അതിനാൽ രണ്ടു ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള മുഴുവൻ

കർഷകരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് സർക്കാർ രൂപം നൽകുന്നതാണ്. ഇതിന്റെ പ്രീമിയം തുകയുടെ 50 ശതമാനം സർക്കാർ വഹിക്കുന്നതായിരിക്കും. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പു വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്കായി 50 കോടി രൂപ വകയിരുത്തുന്നു.

## 11. വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്

പെൺകുട്ടികളുടെ വിദ്യാഭ്യാസ വികസനത്തിലും ക്ഷേമത്തിലും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സാമ്പത്തിക ഞെരുക്കംമൂലം ഒരു വിദ്യാർത്ഥിക്കും വിദ്യാഭ്യാസാവസരങ്ങൾ നിഷേധിക്കപ്പെടരുതെന്നാണ് നാം ലക്ഷ്യമിടുന്നത്. ഇതിനായി ബാങ്ക് വായ്പാസൗകര്യങ്ങളും സ്കോളർഷിപ്പുകളും കഴിയുന്നിടത്തോളം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതോടൊപ്പംതന്നെ പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമിയോ രണ്ടര ഹെക്ടറിൽ താഴെ നെൽകൃഷിയോ ഉള്ള ചെറുകിട കർഷകരുടെയും ബി.പി.എൽ വിഭാഗത്തിൽപ്പെട്ട കുടുംബത്തിലെയും പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്ന പെൺകുട്ടികൾക്ക് ലാപ്ടോപ് സൗജന്യമായി ലഭ്യമാക്കും. സംസ്ഥാന ഐ.ടി വകുപ്പുവഴി ആയിരിക്കും ഈ പദ്ധതി നടപ്പാക്കുക. ഇതിനായി പത്തു കോടി രൂപ വകയിരുത്തുന്നു.

## 12. അഗ്രി കാർഡ്

വായ്പ അടക്കമുള്ള സാമ്പത്തിക സഹായങ്ങൾ, സാങ്കേതിക സഹായം, വിപണിയുടെ പിൻതുണ എന്നിവയൊക്കെ അടങ്ങുന്ന പാക്കേജാണ് കാർഷികരംഗം ഊർജ്ജസ്വലമാക്കാൻ ആവശ്യം. നിലവിലെ സാഹചര്യത്തിൽ കാർഷിക വായ്പ ഉൾപ്പെടെയുള്ള സഹായം കർഷകർക്കു ലഭ്യമാകണമെങ്കിൽ നിരവധി കടമ്പകൾ താണ്ടേണ്ടതുണ്ട്. ഈ സ്ഥിതി മാറണം. ഇതിനായി കേരളത്തിലെ രജിസ്ട്രേഷൻ പൂർത്തീകരിച്ച 18.77 ലക്ഷം കർഷകർക്കും അഗ്രി കാർഡ് നൽകുന്നതാണ്.

ഇനിയും രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത കർഷകർക്ക് അതിനുള്ള അവസരം നൽകുന്നതാണ്. കർഷകരെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളെല്ലാം ഈ കാർഡിൽ ഉൾപ്പെടുത്തുന്നതാണ്. ഈ കാർഡുകൾ അടിസ്ഥാന രേഖയായി സ്വീകരിച്ചുകൊണ്ട് താഴെ പറയുന്ന സൗകര്യങ്ങൾ കർഷകർക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതാണ്.

- **എ)** കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും വായ്പകളും മറ്റ് സഹായങ്ങളും
- **ബി)** ബാങ്കുകളിൽ നിന്ന് 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ (ക്രോപ്പ് ലോൺ)
- **സി)** ഏഴു ശതമാനം പലിശ നിരക്കിൽ മദ്ധ്യകാല - ദീർഘകാല വായ്പകൾ. ഇതിന്റെ 50 ശതമാനം പലിശ സബ്സിഡി സംസ്ഥാന സർക്കാർ നൽകുന്നതാണ്.

**13. കേരളത്തെ ഹൈടെക് കാർഷിക സംസ്ഥാനമായി രൂപാന്തരപ്പെടുത്തുന്നു**

സംസ്ഥാനത്തെ ജനങ്ങളുടെ ഏറ്റവും പ്രധാന ജീവിതോപാധിയാണ് കൃഷി. എങ്കിലും കഴിഞ്ഞ ഏതാനും വർഷങ്ങളായി ക്രമാനുഗതമായി കാർഷിക മേഖലയുടെ സമ്പദ്ഘടനയിലെ പങ്ക് കുറഞ്ഞു വരികയാണ്. വളം, കാർഷികോപകരണങ്ങൾ എന്നിവയുടെ വില, തൊഴിലാളികളുടെ വേതനം മുതലായവ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഏകദേശം രണ്ടിരട്ടി വർദ്ധിച്ചിട്ടുണ്ട്. തദനുസൃതമായി ഉത്പാദനമോ കാർഷികോത്പന്നങ്ങളുടെ വിലയോ വർദ്ധിച്ചില്ല. ഇതിനു പുറമെ കാലാവസ്ഥാ വ്യതിയാനവും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള സാമ്പത്തിക പിൻതുണയുടെ കുറവും കർഷകരെ ഈ മേഖലതന്നെ ഉപേക്ഷിച്ചുപോകാൻ പ്രേരിപ്പിക്കുകയാണ്. 96 ശതമാനത്തിലധികം കർഷകരും ഒരു ഹെക്ടറിൽ താഴെ വിസ്തൃതിയുള്ള തുണ്ടു ഭൂമികളിൽ കൃഷി ചെയ്യുന്നവരാണ്. അതിനാൽ ഉത്പാദന വർദ്ധനവിലവൂടെയാണ് ഈ മേഖലയുടെ പ്രശ്നപരിഹാരത്തിന് തുടക്കം കുറിക്കേണ്ടത്. ഇതിനായി ആധുനിക കാർഷിക സാങ്കേതിക വിദ്യകൾ

അവലംബിക്കേണ്ടിയിരിക്കുന്നു. എന്റെ കഴിഞ്ഞ ബജറ്റുകളിൽ ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഏതാനും പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. എന്നാൽ അത് ഇനിയും കൂടുതൽ വ്യാപകമാക്കേണ്ടതുണ്ട്. ആധുനിക സാങ്കേതിക വിദ്യകളുടെ പ്രയോജനം എല്ലാ കർഷകർക്കും ലഭ്യമാക്കിക്കൊണ്ടുമാത്രമേ കാർഷിക രംഗത്ത് മുന്നേറ്റം കൈവരിക്കാനാവൂ. ഈ ലക്ഷ്യം മുൻനിർത്തി ഹൈടെക് കൃഷി രീതികളിൽ പരിശീലനത്തിനും അതിന്റെ വ്യാപനത്തിനും ആവശ്യമായ പിൻതുണ നല്കി കേരളത്തെ ഒരു ഹൈടെക് കാർഷിക സംസ്ഥാനമായി മാറ്റുന്നതിന് ഒരു പദ്ധതി ഞാൻ പ്രഖ്യാപിക്കുകയാണ്.

ഇതനുസരിച്ച് ദേശീയ തലത്തിൽ ഈ രംഗത്തു പ്രവർത്തിക്കുന്ന സ്വാമിനാഥൻ ഫൗണ്ടേഷൻ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ വിദഗ്ധരുടെ സേവനം വിനിയോഗിച്ചുകൊണ്ട് സംസ്ഥാന തലത്തിൽ കാർഷിക ബിരുദധാരികളെയും ബോട്ടണി ബിരുദധാരികളെയും തെരഞ്ഞെടുത്ത് അവർക്ക് മാസ്റ്റർ ഹൈടെക് അഗ്രികൾച്ചർ ട്രെയ്നേഴ്സ് ട്രെയിനിംഗ് നൽകുകയും അവരുടെ സേവനം വിനിയോഗിച്ചുകൊണ്ട് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് രണ്ടു മുതൽ നാലു വരെ പരിശീലകരെ ലഭ്യമാകത്തക്കവിധം ജില്ലാ തലത്തിൽ പരിശീലനം നൽകുകയും ചെയ്യുന്നതാണ്. തുടർന്ന് പ്രാദേശിക തലത്തിൽ ഹൈടെക് കൃഷിരീതികളിൽ താല്പര്യമുള്ള സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കൃഷി ഭവനുകൾ, കോഓപ്പറേറ്റീവ് ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങൾ, ഗ്രാമവികസന വകുപ്പ് ഓഫീസുകൾ എന്നിവയുടെ സഹായത്തോടെ സൗജന്യ പരിശീലനം നൽകും. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന കർഷകർക്ക് സർട്ടിഫിക്കറ്റ് നല്കും. ഇപ്രകാരം പരിശീലനം സിദ്ധിക്കുന്ന കർഷകർക്ക് ഹൈടെക് കൃഷി ഏറ്റെടുക്കുന്നതിനായി പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ അഞ്ചു ലക്ഷം രൂപവരെ ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടെ പലിശരഹിത വായ്പ ലഭ്യമാക്കും. കൃത്യമായി വായ്പ തിരിച്ചടക്കുന്ന കർഷകർക്കായിരിക്കും പലിശ സൗജന്യം നൽകുക.

കഴിഞ്ഞ ബജറ്റുകളിൽ ഹൈടെക് കൃഷിയുടെ ആവശ്യകത കണക്കിലെടുത്ത് അവയുടെ പ്രോത്സാഹനത്തിനായി പോളി ഹൗസുകൾ, റൈസ് ബയോ പാർക്കുകൾ മുതലായ പദ്ധതികൾ ഞാൻ പ്രഖ്യാപിച്ചിരുന്നു. സംസ്ഥാനത്തെ ഓരോ കൃഷിഭവനു കീഴിലും അഞ്ചു പോളിഹൗസുകൾ വീതമെങ്കിലും ആരംഭിക്കുന്നതിനും അവയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിജയത്തിലേക്ക് നയിക്കുന്നതിനും കൃഷിഭവനുകളിലൂടെ സംവിധാനമൊരുക്കും. ഇത്തരം പോളിഹൗസുകളിൽ ഉത്പാദിപ്പിക്കുന്ന കാർഷിക വിഭവങ്ങൾ ഹോർട്ടികൾച്ചർ കോർപ്പറേഷൻ വഴി സംഭരിച്ച് വില്പന നടത്തുന്നതിനും നടപടി സ്വീകരിക്കും. ഗ്രീൻഹൗസുകളുടെ നിർമ്മാണത്തിനും നടത്തിപ്പിനും ആവശ്യമായ പരിശീലനവും എസ്റ്റിമേറ്റും കൃഷിഭവനുകൾ മുഖേന തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക്/സംഘടനകൾക്ക് നൽകുന്നതാണ്. പോളി ഹൗസുകൾ സ്ഥാപിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും താഴെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്.

എ) പോളി ഹൗസുകളുടെ ചെലവിന്റെ 90 ശതമാനം വായ്പ

ബി) വായ്പ മുടക്കം കൂടാതെ തിരിച്ചടയ്ക്കുന്ന കർഷകർക്ക്/ സംഘടനകൾക്ക് എസ്റ്റിമേറ്റ് തുകയുടെ 25 ശതമാനം സബ്സിഡി

സി) സൗജന്യ വൈദ്യുതി

ഡി) കെട്ടിട നികുതി ഇളവ്

ഇ) ഇതോടൊപ്പം കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽ നിന്നും സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള എല്ലാ സാമ്പത്തിക സഹായങ്ങളും അഗ്രി കാർഡ് വഴി ലഭ്യമാക്കുന്നതാണ്.

ഈ പദ്ധതികൾക്കായി 200 കോടി രൂപ വകയിരുത്തുന്നതാണ്..

ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഈ പദ്ധതി പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനുള്ള ഒരു പ്രത്യേക സംവിധാനം (അഗ്രി മിഷൻ) രൂപീകരിക്കുന്നതാണ്.

## 14. കാർഷികോത്പന്ന വിപണനത്തിന് സംഘങ്ങൾക്ക് 5 ലക്ഷം രൂപ വരെ പലിശരഹിത വായ്പ

കാർഷിക മേഖലയുടെ വികസനത്തിന് കാർഷികോത്പാദന വർദ്ധനവിനോടൊപ്പം മെച്ചപ്പെട്ട വിപണന സൗകര്യങ്ങളും അനിവാര്യമാണ്. ഈ രംഗത്ത് പല ഏജൻസികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും സംസ്ഥാനത്തെ കർഷകർ ഉത്പാദിപ്പിക്കുന്ന ഭക്ഷ്യോത്പന്നങ്ങളുടെ വിപണന സംവിധാനം ഇനിയും ശക്തിപ്പെടേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി മിൽമയുടെ പ്രവർത്തനമാതൃകയിൽ കാർഷികോത്പന്നങ്ങൾ കർഷകർക്കും ഉപഭോക്താക്കൾക്കും പ്രയോജനപ്രദമാകും വിധം വിപണനം നടത്തുന്നതിന് ആദ്യപടിയായി വികസന ബ്ലോക്കുകൾ തോറും കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിക്കും. സഹകരണ സംഘങ്ങളുടെ നിയമാവലിക്കനുസൃതമായി രൂപീകരിക്കുന്ന കർഷകരുടെ ഇത്തരം സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും കാർഷികോത്പന്നങ്ങൾ സമാഹരിക്കുന്നതിനും അവ ഗുണമേന്മ നഷ്ടപ്പെടാതെ സമയബന്ധിതമായി വിപണിയിലെത്തിച്ച് വിപണനം നടത്തുന്നതിനും അഞ്ചു ലക്ഷം രൂപ വരെ മൂന്നു വർഷത്തേക്ക് പലിശ രഹിത വായ്പ നല്കും. ഇത്തരം വായ്പകൾ സംഘാംഗങ്ങളുടെ ഉറപ്പിന്മേലായിരിക്കും നല്കുക. വായ്പ കൃത്യമായി തിരിച്ചടക്കുന്ന സംഘങ്ങൾക്ക് പൂർണ്ണമായ പലിശ സബ്സിഡി നൽകും. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

## 15. ഗൃഹനാഥൻ മരണപ്പെട്ടാൽ കാർഷിക കടം ഏറ്റെടുക്കുന്നു

ഒരു ഹെക്ടറിൽ താഴെ കൃഷി ഭൂമിയുള്ള കുടുംബത്തിന്റെ അത്താണിയായിരുന്ന ഗൃഹനാഥന്റെയോ /ഗൃഹനാഥയുടെയോ മരണത്തോടെ അനാഥമാവുകയും കഷ്ടപ്പെടുകയും ചെയ്യുന്ന സാധു കുടുംബങ്ങളെ സഹായിക്കാൻ ഒരു കുടുംബസഹായ പദ്ധതി ഞാൻ

പ്രഖ്യാപിക്കുന്നു. ഈ വിഭാഗത്തിൽപ്പെട്ട വ്യക്തി സഹകരണ ബാങ്കുകളിൽ നിന്നോ വാണിജ്യ ബാങ്കുകളിൽ നിന്നോ എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള കാർഷിക കടബാദ്ധ്യതയുടെ പകുതി സംസ്ഥാന സർക്കാർ ബന്ധപ്പെട്ട ബാങ്കുകൾക്കു നികത്തിക്കൊടുക്കുന്നതുമായിരിക്കും. ഇതിനായി 25 കോടി രൂപ വകയിരുത്തുന്നു.

## 16. ചെറുകിട ഭക്ഷ്യസംസ്ക്കരണ വ്യവസായങ്ങൾക്ക് പ്രോത്സാഹനം

കേരളത്തിലെ ഭക്ഷ്യോത്പാദനം സംസ്ഥാനത്തിന്റെ ആവശ്യങ്ങളുമായി കൂട്ടിമുട്ടുന്നില്ലെങ്കിലും തദ്ദേശീയമായി ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ധാരാളം ഉത്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ അവയുടെ സംസ്ക്കരണ സാദ്ധ്യതകളുടെ അഭാവത്തിൽ നഷ്ടപ്പെടുകയാണ്. ഇത് വലിയ ദേശീയനഷ്ടമാണ് ഉണ്ടാക്കുന്നത്. ചക്ക, ചക്കക്കുരു, മാങ്ങ, കിഴങ്ങുവർഗങ്ങൾ എന്നിവയൊക്കെ ഇതിന് ഉദാഹരണങ്ങളാണ്. ഇപ്രകാരം പാഴായി പോകുന്ന ഭക്ഷ്യോത്പന്നങ്ങൾ സംസ്ഥാനത്തു തന്നെ മൂല്യ വർദ്ധിത വസ്തുക്കളാക്കാൻ കഴിഞ്ഞാൽ പുതിയ കുറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഭക്ഷ്യസുരക്ഷയ്ക്ക് സഹായകമാക്കാനും കഴിയും. ഈ സാഹചര്യത്തിൽ ഭക്ഷ്യോത്പന്ന സംസ്ക്കരണത്തിന് ഒരു പദ്ധതി ഞാൻ മുന്നോട്ടുവയ്ക്കുന്നു. ഇതിൽ തൽപ്പരരായ വ്യവസായ സംരംഭകർക്ക് സ്വയം സംരംഭക വികസന മിഷനുകീഴിൽ പ്രത്യേക പരിശീലനവും സാമ്പത്തിക പിന്തുണയും നൽകും. കേന്ദ്രസർക്കാരിന്റെ ഭക്ഷ്യസംസ്ക്കരണ മിഷനിൽനിന്നുള്ള ആനുകൂല്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് പദ്ധതി നടപ്പിലാക്കുന്നതാണ്.

## 17. ജലസമൃദ്ധ കേരളം

കേരളം ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനമാണെങ്കിലും മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ വേർതിരിഞ്ഞുകിടക്കുന്ന ഭൂപ്രകൃതിയുടെ പ്രത്യേകത കൊണ്ടുതന്നെ, ലഭിക്കുന്ന മഴയുടെ 96 ശതമാനവും മണിക്കൂറുകൾക്കുള്ളിൽ ഒഴുകി കടലിലേക്ക് പോകുന്ന

സ്ഥിതിയാണുള്ളത്. അതിനാൽ മഴ ലഭിക്കാത്ത കാലങ്ങളിൽ മലനാടും തീരപ്രദേശവും ഒരുപോലെ ജലദൗർലഭ്യം നേരിടുന്നു. പൊതു ജലവിതരണ സംവിധാനം സംസ്ഥാനത്തെ പകുതിയിലധികം ജനങ്ങൾക്കും ഇപ്പോഴും ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ ജലജന്യരോഗങ്ങളും പകർച്ച വ്യാധികളും സംസ്ഥാനത്തിനു നിരന്തരം പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. ഇതു നേരിടുന്നതിന് സംസ്ഥാനത്തു ലഭിക്കുന്ന മഴവെള്ളം ശേഖരിച്ചു വയ്ക്കുന്നതോടൊപ്പം തന്നെ ഭൂമിയിൽ പിടിച്ചുനിർത്താനുള്ള സംവിധാനവും വ്യാപകമാക്കിയേ പറ്റൂ. ഇതിനായി നദികൾ, അരുവികൾ ചെറു നീർച്ചാലുകൾ എന്നിവയുൾപ്പെടെ സൗകര്യമുള്ളിടത്തൊക്കെ ചെറുകിട ജലസംഭരണ സംവിധാനങ്ങൾ ഒരുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സാമ്പത്തിക സഹായം നല്കുന്നതിനുള്ള പദ്ധതി ഞാൻ പ്രഖ്യാപിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയർമാരോ അവർ ഉൾപ്പെടുന്ന സാങ്കേതിക വിദഗ്ദ്ധരുടെ പാനലോ ആയിരിക്കും ഇതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക. ഇതിനുള്ള അപേക്ഷകൾ ലഭിച്ച് ആറു മാസത്തിനുള്ളിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബാധ്യസ്ഥമായിരിക്കും. ഇതോടൊപ്പംതന്നെ കിണർ റീചാർജിംഗിനുള്ള മഴക്കുഴികൾ/ ജലസേചനാവശ്യങ്ങൾക്കായി കുളങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ചീഫ് എഞ്ചിനിയർമാരുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾ കേരള ജല അതോറിറ്റിയുടെ സാങ്കേതിക പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമാക്കും. അംഗീകരിക്കപ്പെടുന്ന പ്രോജക്ടുകൾക്ക് 50 ശതമാനം വരെ സാമ്പത്തികസഹായം നല്കും. ഇതോടൊപ്പംതന്നെ ജലശുദ്ധിയെക്കുറിച്ചും ജലജന്യ രോഗങ്ങളെക്കുറിച്ചുമുള്ള അവബോധം സൃഷ്ടിക്കുന്നതിനും ജലശുദ്ധി പരിശോധിക്കുന്നതിനുള്ള സാങ്കേതികവിദ്യ പരിചയപ്പെടുത്തുന്നതിനുമുള്ള സംവിധാനം വ്യാപകമാക്കും. ഇതിനായി 100 കോടി രൂപ വകയിരുത്തുന്നു.

18. **വനിതാ സ്വയംസംരംഭക പദ്ധതികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ**

കഴിഞ്ഞ ബജറ്റിൽ ഞാൻ പ്രഖ്യാപിച്ച സ്വയംസംരംഭക പദ്ധതിക്ക് അനുബന്ധമായി വനിതകളുടെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി മറ്റൊരു പദ്ധതികൂടി ഞാൻ പ്രഖ്യാപിക്കുകയാണ്. ഇതനുസരിച്ച് സ്വയംസംരംഭക പദ്ധതികൾ ആരംഭിക്കുന്നതിന് താൽപര്യമുള്ള വനിതകൾക്ക് പ്രത്യേകമായ പരിശീലനത്തിനും സ്വയംസംരംഭങ്ങൾ ആരംഭിക്കുന്നതിനും കൂടുതൽ സംവിധാനമൊരുക്കും. കോളേജ് തലത്തിൽ പഠിക്കുന്ന പെൺകുട്ടികൾ രൂപീകരിക്കുന്ന സ്വയംസംരംഭക സംഘങ്ങളിലെ അംഗങ്ങൾക്ക് അഞ്ചു ശതമാനം ഗ്രേസ് മാർക്ക് നല്കുന്നതാണ്. ഈ പദ്ധതി കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതാണ്. വനിതകളുടെ വ്യക്തിഗത പദ്ധതികൾക്കും കൂട്ടായ സ്വയംസംരംഭക പദ്ധതികളിൽ ഭൂരിപക്ഷം വനിതകളായ സംരംഭങ്ങൾക്കും ഈ പദ്ധതിയുടെ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാകും. ഇതനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന വനിതാ സംരംഭകർക്ക് വിദഗ്ധ പരിശീലനം സൗജന്യമായിരിക്കും എന്നതിനു പുറമെ സ്റ്റൈപന്റും അനുവദിക്കുന്നതാണ്. പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംരംഭക നിക്ഷേപത്തിന് ആവശ്യമായ തുകയുടെ 80 ശതമാനംവരെ ബാങ്ക് വായ്പ ലഭ്യമാക്കും. വായ്പ ലഭിച്ച് ആറുമാസത്തിനുശേഷം തിരിച്ചടവു തുടങ്ങിയാൽ മതിയാകും. വായ്പ മുടക്കം കൂടാതെ തിരിച്ചടക്കുന്നവർക്ക് 75 ശതമാനം പലിശ സബ്സിഡിയും അഞ്ചുവർഷത്തേക്ക് മുതൽ മുടക്കിന്റെ രണ്ടു ശതമാനം മാനേജീരിയൽ സബ്സിഡിയും അനുവദിക്കും. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

ഇത്തരം സംരംഭങ്ങളുടെ ഉൽപന്നപ്രചരണത്തിന് വാർത്താ മാധ്യമങ്ങളിലൂടെ നൽകുന്ന പരസ്യങ്ങൾക്ക് ഗവൺമെന്റ് പരസ്യ നിരക്ക് ബാധകമാക്കാൻ നടപടി സ്വീകരിക്കും. ഇതിനുപുറമെ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ നടത്തുന്ന ഷോപ്പിംഗ് മേളകളിൽ സ്റ്റാളുകൾക്കും പരസ്യങ്ങൾക്കും 50 ശതമാനം സൗജന്യ നിരക്ക് നൽകും. ഈ

സംരംഭങ്ങളുടെ ഉൽപന്നങ്ങൾക്ക് സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിലൂടെ വിപണനസൗകര്യം ഒരുക്കുന്നതാണ്.

**19. അർബുദരോഗ ബോധവൽക്കരണവും രോഗനിർണയവും**

കേരളത്തിൽ അർബുദരോഗബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ജീവിത ശൈലി രോഗങ്ങളിൽ ഏറ്റവും മാരകമായ ഈ രോഗം കഴിയുന്നിടത്തോളം പ്രതിരോധിക്കാനും രോഗം ബാധിച്ചവരുടെ കാര്യത്തിൽ ആരംഭ ദശയിൽ തന്നെ കണ്ടെത്താനും ചികിത്സ ലഭ്യമാക്കാനും ബോധവത്ക്കരണവും രോഗനിർണ്ണയവും ത്രിതല പഞ്ചായത്തുകളുടെയും ആരോഗ്യ വകുപ്പിലെ ജീവനക്കാർ, ആശാവർക്കേഴ്സ് എന്നിവരുടെയും സഹകരണത്തോടും പങ്കാളിത്തത്തോടും കൂടി നടപ്പിലാക്കും. ഇതിനായി ഓരോ ജില്ലയിലും ചുരുങ്ങിയത് രണ്ടു ലേഡി ഡോക്ടർമാർ ഉൾപ്പെടെ അഞ്ചുവീതം ഡോക്ടർമാരെയും സ്റ്റാഫ് നഴ്സിനെയും പ്രത്യേക പരിശീലനം നൽകി നിയമിക്കും. പരിശീലനം സിദ്ധിച്ച ഈ ഉദ്യോഗസ്ഥരെ ഉപയോഗിച്ച് ജില്ലയിലെ എല്ലാ പഞ്ചായത്തിലും രോഗപരിശോധനാ ക്യാമ്പുകൾ നടത്തുന്നതാണ്. അടുത്ത ഘട്ടമായി രോഗം കണ്ടെത്തുന്നവർക്കു കൂടുതൽ വിദഗ്ധ പരിശോധനാ സൗകര്യം നല്കി ചികിത്സയുടെ ആരംഭം കുറിയ്ക്കും. മൂന്നാം ഘട്ടമായി തുടർചികിത്സയും ആവശ്യമായ പുനരധിവാസ പ്രവർത്തനങ്ങളും നടത്തും. ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

**20. വിദ്യാർത്ഥി പ്രതിഭാ പുരസ്ക്കാരം**

ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിലുള്ള വിദ്യാർത്ഥികളിൽ വ്യാവസായിക അഭിരുചി വളർത്തുന്ന തിനായി നൂതനവും പ്രായോഗികവുമായ ആശയങ്ങൾക്കും കണ്ടുപിടുത്തങ്ങൾക്കും ഈ രംഗത്തെ നേതൃപാടവത്തിനും പ്രോത്സാഹനം നൽകാൻ ഞാൻ ഉദ്ദേശിക്കുന്നു. പരമ്പരാഗതമായ പാഠ്യപദ്ധതികളുടെ ചട്ടക്കൂടിനപ്പുറത്തേക്ക് ഉയർന്നു ചിന്തിക്കുകയും കോർപ്പറേറ്റ്

സ്ഥാപനങ്ങളിലും സംഘടിത മേഖലയിലും തൊഴിൽ കണ്ടെത്തുക എന്നതിനുപരിയായി പുതിയ ചിന്താധാര സൃഷ്ടിച്ച് (എ) നവീന വ്യാവസായിക ആശയങ്ങൾ അവതരിപ്പിക്കുകയും (ബി) വ്യാവസായിക രംഗത്ത് മുതൽക്കൂട്ടാവുന്ന കണ്ടുപിടുത്തങ്ങൾ നടത്തുകയും (സി) പ്രസ്തുത മേഖലയിൽ പ്രായോഗിക തലത്തിൽ നേതൃപാടവം പ്രദർശിപ്പിക്കുകയും ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ഓരോ വിഭാഗത്തിലും ജില്ലാതലത്തിൽ മൂന്നു വീതവും സംസ്ഥാന തലത്തിൽ മൂന്നും വീതവും അംഗീകാരങ്ങൾ നല്കും. സംസ്ഥാന തലത്തിൽ ഒന്നു മുതൽ മൂന്നുവരെ സ്ഥാനങ്ങൾക്ക് യഥാക്രമം ഒരു ലക്ഷം രൂപ, 75,000 രൂപ, 50,000 രൂപ വീതവും അഞ്ചു ശതമാനം ഗ്രേസ് മാർക്കും സർട്ടിഫിക്കറ്റും നല്കും. ജില്ലാ തലത്തിൽ ഒന്നുമുതൽ മൂന്നുവരെ സ്ഥാനങ്ങൾക്ക് യഥാക്രമം 50,000, 35,000, 25,000 രൂപ വീതവും മൂന്നു ശതമാനം ഗ്രേസ് മാർക്കും സർട്ടിഫിക്കറ്റും നല്കും. വ്യക്തിഗതവും അഞ്ചു പേർ വരെയുള്ള വിദ്യാർത്ഥികളുടെ സംഘങ്ങൾ രൂപീകരിക്കുന്ന ആശയങ്ങൾക്കും കണ്ടുപിടിത്തങ്ങൾക്കും സംരംഭങ്ങൾക്കും അംഗീകാരത്തിന് അർഹത ഉണ്ടായിരിക്കും. ഈ പദ്ധതിയുടെ ചുമതല സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പിനായിരിക്കും.

## 21. യുവപ്രതിഭ അവാർഡ്

ഡിഗ്രി തലം മുതൽ ഗവേഷണതലം വരെയുള്ള വിദ്യാർത്ഥികളുടെ വ്യാവസായിക പ്രതിഭ പരിപോഷിപ്പിക്കുന്നതിന് ഒരു പദ്ധതി പ്രഖ്യാപിക്കുന്നു. ഇതനുസരിച്ച് വ്യാവസായിക മേഖലയിൽ പ്രയോജനപ്പെടുത്താവുന്ന നവീനവും പ്രായോഗികവുമായ ആശയങ്ങൾ, കണ്ടുപിടുത്തങ്ങൾ നവീന ആശയാധിഷ്ഠിതമായ വ്യവസായ സംരംഭങ്ങൾ എന്നിങ്ങനെ മൂന്നു വിഭാഗത്തിൽ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും അംഗീകാരം നല്കും.

സംസ്ഥാന തലത്തിൽ ഓരോ വിഭാഗത്തിലും ഒന്നു മുതൽ മൂന്നുവരെ സ്ഥാനങ്ങൾ നേടുന്നവർക്ക് മൂന്ന് ലക്ഷം, രണ്ട് ലക്ഷം, ഒരു ലക്ഷം രൂപ എന്ന ക്രമത്തിൽ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും അഞ്ചു

ശതമാനം ഗ്രേസ് മാർക്കും നല്കും. ജില്ലാ തലത്തിൽ ഓരോ വിഭാഗത്തിലും ഒന്നു മുതൽ മൂന്നു വരെ സ്ഥാനങ്ങൾ നേടുന്നവർക്ക് ഒരു ലക്ഷം രൂപ, 75,000 രൂപ, 50,000 രൂപ എന്ന ക്രമത്തിൽ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും മൂന്നു ശതമാനം ഗ്രേസ് മാർക്കും നല്കും. വ്യക്തിഗതവും അഞ്ചുവരെ വിദ്യാർത്ഥികൾ അടങ്ങുന്ന സംഘങ്ങളുടെയും നൂതന സംഭാവനകൾക്കും അംഗികാരത്തിന് അർഹത ഉണ്ടായിരിക്കും. സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പിനായിരിക്കും ഈ പദ്ധതിയുടെ ചുമതല.

## 22. കൃഷി അധിഷ്ഠിത വ്യാവസായിക അവാർഡ്

കൃഷി അധിഷ്ഠിത വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നൂതന ആശയങ്ങൾ സംഭാവന ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് മത്സരാധിഷ്ഠിതമായ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നല്കും. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന സംരംഭങ്ങൾക്ക് യഥാക്രമം അഞ്ചുലക്ഷം, മൂന്നുലക്ഷം, ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും നല്കും. ഇതിനുപുറമെ ഈ വ്യവസായ സംരംഭങ്ങൾ ഉപയോഗിക്കുന്ന വൈദ്യുതി ചാർജിന്റെ 25 ശതമാനവും ഇവ ബാങ്ക് ലോൺ എടുത്തിട്ടുണ്ടെങ്കിൽ അഞ്ചു ശതമാനം പലിശ സബ്സിഡിയും മൊത്തം മുതൽ മുടക്കിന്റെ ഒരു ശതമാനം തുക മാനേജീരിയൽ സബ്സിഡിയും അവാർഡു വർഷം പ്രത്യേക ആനുകൂല്യമായി നല്കും. സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പ് മുഖേന ഈ പദ്ധതി നടപ്പിലാക്കും.

## 23. മത്സ്യവിപണനകേന്ദ്രങ്ങൾ തുറക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം

630 കിലോമീറ്റർ കടൽത്തീരമുള്ള കേരളത്തെ സംബന്ധി ച്ചിടത്തോളം മത്സ്യബന്ധനമേഖല വളരെയേറെ പ്രാധാന്യമർഹിക്കുന്നു. മത്സ്യബന്ധനത്തിലൂടെ ഉപജീവനം നടത്തുന്ന ലക്ഷക്കണക്കിനു കുടുംബങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷക്ക് ഇവർ വലിയ സംഭാവനയാണ് നല്കുന്നത്. ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് ഞാൻ അവതരിപ്പിച്ചിട്ടുള്ള എല്ലാ ബജറ്റുകളിലും

മത്സ്യമേഖലയിൽ പ്രവർത്തിക്കുന്നവരുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. എന്നാൽ ഈ രംഗത്ത് ഇനിയും ധാരാളം പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളുണ്ട്. കരയിലെത്തിക്കുന്ന മത്സ്യസമ്പത്ത് ഗുണമേന്മ നഷ്ടപ്പെടാതെ ശുചിയായി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത് മത്സ്യമേഖലയുടെ പ്രോത്സാഹനത്തിന് അത്യാവശ്യമാണ്. മത്സ്യത്തിന് ആകർഷകമായ വിപണിയും വിലയും ലഭ്യമാക്കാൻ ഇത് അനുപേക്ഷണീയമാണ്. ഇക്കാര്യം പരിഗണിച്ച് അനുയോജ്യമായ പ്രദേശത്ത് സ്ഥലസൗകര്യം ലഭ്യമാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ മത്സ്യവിപണനശാലകൾ വീതം നിർമ്മിക്കുന്നതിന് കോർപ്പറേഷനുകൾക്ക് നാലു ലക്ഷം രൂപ വീതവും മുനിസിപ്പാലിറ്റികൾക്ക് മൂന്നു ലക്ഷം രൂപ വീതവും പഞ്ചായത്തുകൾക്ക് രണ്ടു ലക്ഷം രൂപ വീതവും ലഭ്യമാക്കും. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 30 കോടി രൂപ വകയിരുത്തുന്നു.

24. **മത്സ്യതൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ**

മത്സ്യതൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യും. അതിലേക്ക് പ്രാഥമിക മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലൂടെ നടപ്പിലാക്കുന്ന ഒരു പദ്ധതി ആവിഷ്കരിക്കുന്നതാണ്. ഈ പദ്ധതിക്കായി 100 കോടി രൂപ വകയിരുത്തുന്നതാണ്.

25. **കാർഷിക വികസന പദ്ധതികൾക്ക് മുൻതൂക്കം നൽകുന്ന പഞ്ചായത്തുകൾക്ക് മാച്ചിംഗ് ഗ്രാന്റ്**

സംസ്ഥാനത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ ഏകദേശം 16 ശതമാനം മാത്രമാണ് കേരളത്തിൽ ഉത്പാദിപ്പിക്കുന്നത്. നെൽകൃഷിക്ക് പ്രോത്സാഹനം നൽകുന്നതോടൊപ്പം ഭക്ഷ്യസുരക്ഷയ്ക്ക് സഹായകമായ കിഴങ്ങുവർഗ്ഗങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, എന്നിവയുടെയൊക്കെ ഉത്പാദനം വർദ്ധിപ്പിച്ചുകൊണ്ട് ഭക്ഷ്യക്കമ്മി ഒരു പരിധിവരെ നേരിടാൻ കഴിയും. ഇതിന്റെ പ്രോത്സാഹനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗണ്യമായ സംഭാവന നൽകാനാവും. അത്യുത്പാദന

ശേഷിയുള്ള വിത്തുകളുടെയും തൈകളുടെയും ഉത്പാദനം, വിതരണം, ഭക്ഷ്യോത്പന്ന സംസ്കരണം, കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ടിഷ്യൂ കൾച്ചർ, ജൈവകൃഷി, ആധുനിക കാർഷിക ഉപകരണങ്ങൾ മറ്റ് ഉത്പാദന സാമഗ്രികളുടെ ഉപയോഗം എന്നിവയിൽ കർഷകർക്ക് വ്യാപകമായ പരിശീലനം മുതലായ കാർഷിക വികസന പരിപാടികൾ സംഘടിപ്പിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ബജറ്റിന്റെ 15 ശതമാനത്തിലധികം കാർഷിക വികസന പരിപാടികൾക്ക് ചെലവഴിക്കുന്നപക്ഷം പതിനഞ്ചു ശതമാനത്തിലധികമായി ചെലവഴിക്കുന്ന പദ്ധതിവിഹിതത്തിനു തുല്യമായ തുക മാച്ചിംഗ് ഗ്രാന്റായി സർക്കാർ നൽകുന്നതായിരിക്കും. ഇതിലേക്ക് 25 കോടി രൂപ വകയിരുത്തുന്നു.

## 26. അത്യുല്പാദനശേഷിയുള്ള വിത്ത്/തൈ ഉല്പാദന കേന്ദ്രങ്ങൾ

കാർഷികരംഗത്ത് ഉൽപാദനക്ഷമത വർദ്ധിപ്പിച്ചു കൊണ്ടുമാത്രമേ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനാവൂ. ഇതിനായി അത്യുൽപ്പാദന ശേഷിയുള്ള വിത്തുകളും തൈകളും കുറഞ്ഞ നിരക്കിൽ കർഷകർക്ക് ആവശ്യാനുസരണം ലഭ്യമാക്കേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി എല്ലാ ബ്ലോക്കുകളിലും അത്യുൽപാദന ശേഷിയുള്ള ഓരോ വിത്ത്/തൈ ഉത്പാദന കേന്ദ്രങ്ങൾ ആരംഭിക്കും. ഇതിനായി മാതൃകാപരമായി പ്രവർത്തിക്കുന്ന കർഷകരെ തെരഞ്ഞെടുത്ത് കുടുംബശ്രീ/ജനശ്രീ/ഗൃഹശ്രീ എന്നിവയുടെയും തൊഴിലുറപ്പു പദ്ധതിയുടെയും സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കും. പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായിട്ടായിരിക്കും വിത്ത്/തൈ ഉൽപാദനം നടത്തുക. ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന വിത്ത്/തൈകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും സബ്സിഡി ആനുകൂല്യത്തോടും കൂടി അർഹരായ കർഷകർക്ക് ലഭ്യമാക്കും. കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ സമിതികൾ രൂപീകരിച്ച്

ഇത്തരം നഴ്സറികളുടെ പ്രവർത്തനത്തിന് മേൽനോട്ടം നല്കും. ഇതിനായി 15 കോടി രൂപ വകയിരുത്തുന്നു.

## 27. പാഴ്വസ്തുക്കളിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ

കൃഷിയിൽനിന്നുള്ള പാഴ്വസ്തുക്കൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റാൻ കഴിഞ്ഞാൽ ഈ മേഖലയെ കൂടുതൽ ആദായകരമാക്കി മാറ്റാം. നാനോ-സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പാഴ്വസ്തുക്കളിൽ നിന്ന് നാനോ പാർട്ടിക്കിൾസ് വേർതിരിച്ചെടുക്കുവാൻ സാധിക്കും. ഇതുപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ കഴിയും. പ്രധാനമായും പാക്കേജിംഗ്, ജലശുദ്ധീകരണം, ബയോ-മെഡിക്കൽ ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്നതിനാണ് ഇവ ഉപയോഗപ്പെടുത്തുന്നത് . ഈ പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

## 28. വെർട്ടിക്കൽ ഫാമിംഗ്

കൃഷിയും മൃഗസംരക്ഷണവും ഫിഷറീസും സംയോജിപ്പിച്ച് ഒരു സെന്റ് കൃഷിഭൂമിയിൽ നിന്ന് രണ്ടു ലക്ഷം രൂപ വരെ വാർഷികലാഭം നേടാവുന്ന വെർട്ടിക്കൽ ഫാമിംഗ് പ്രോൽസാഹിപ്പിക്കുന്നതാണ്. കാർഷികാവശ്യത്തിന് പരിമിതമായ ഭൂമി മാത്രമുള്ളവർക്കും ഈ പദ്ധതി പ്രയോജനപ്പെടു ത്താവുന്നതാണ്. പത്തു സെന്റെങ്കിലും വിസ്തീർണ്ണമുള്ള വെർട്ടിക്കൽ ഫാമിംഗ് യൂണിറ്റിന് ഗവൺമെന്റ് നിർദ്ദിഷ്ട തോതിൽ സബ്സിഡി അനുവദിക്കുന്നതാണ്.

## 29. ന്യായവില നൽകി കാർഷികോൽപന്നങ്ങളുടെ സംഭരണം

കാർഷികോൽപന്നങ്ങളുടെ വിലയിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന തകർച്ച ഉത്ക്കണ്ഠാജനകമാണ്. ഉല്പാദന ചെലവുമായി പൊരുത്തപ്പെടുന്ന ന്യായവില കൃഷിക്കാരന് ഉറപ്പുവരുത്തേണ്ടത് എന്തുകൊണ്ടും ആവശ്യമാണ്. റബർവില ക്രമാതീതമായി കുറഞ്ഞാൽ വിപണിയിൽ ഇടപെട്ട് കർഷകർക്കു ന്യായവില ഉറപ്പാക്കാൻ ഗവൺമെന്റ്

ശ്രമിക്കുന്നതാണ്. മറ്റ് കാർഷിക ഉൽപന്നങ്ങളുടെ കാര്യത്തിലും സമാനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**30. വന്യമൃഗ ശല്യദൂരീകരണം**

വനത്തിനു സമീപത്ത് ജീവിക്കുന്ന കർഷകർ അനുഭവിയ്ക്കുന്ന കാട്ടുമൃഗശല്യം ആശങ്കാജനകമാണ്. ഇവയുടെ ആക്രമണത്തിൽനിന്ന് രക്ഷനൽകുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടത് ആവശ്യമാണെന്ന് ഞാൻ കരുതുന്നു. ചുരുക്കം ചില സ്ഥലങ്ങളിൽ കരിങ്കൽ ഭിത്തികളും മറ്റു സ്ഥലങ്ങളിൽ വൈദ്യുതി കമ്പിവേലികളും സ്ഥാപിച്ചുകൊണ്ട് ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വനം വകുപ്പിന്റെയും പഞ്ചായത്തുതല കർമ്മ സമിതികളുടെയും സംയുക്താഭിമുഖ്യത്തിലും സഹകരണത്തിലും ഈ പദ്ധതി വിജയകരമായി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതിന് 10 കോടി രൂപ അധികമായി വകയിരുത്തുന്നു.

**31. ഗ്ലോബൽ അഗ്രി-മീറ്റ്**

കാർഷിക-ഭക്ഷ്യ സംസ്ക്കരണ രംഗങ്ങളിൽ നിക്ഷേപം ആകർഷിക്കുന്നതിനായി ശ്രീലങ്ക, തായ്ലാന്റ്, വിയറ്റ്നാം, നെതർലാന്റ്, ഇസ്രായേൽ എന്നീ രാജ്യങ്ങളും, ചേമ്പർ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രിയും സംസ്ഥാന സർക്കാരും ചേർന്ന് കൊച്ചിയിൽ ഒരു ഗ്ലോബൽ അഗ്രി-മീറ്റ് സംഘടിപ്പിയ്ക്കുന്നതായിരിക്കും. ഇതിലേക്ക് 25 ലക്ഷം രൂപ വകയിരുത്തുന്നു.

**32. കേരളാ ബ്രാൻഡ് ഉല്പന്നങ്ങൾ**

കേരളത്തിന്റെ തനതായ ഉല്പന്നങ്ങൾക്ക് വിപണിയിൽ പ്രീമിയം വില ലഭ്യമാക്കുന്നതിന് "കേരളാ ടൂറിസം" മാതൃകയിൽ " Made in Kerala - safe to eat" എന്ന ബ്രാൻഡ് CII യുമായി ചേർന്ന് വിപണിയിൽ അവതരിപ്പിക്കും.

33. **കേരള ഉല്പന്നങ്ങൾക്ക് ദേശീയ - അന്തർദ്ദേശീയ വിപണികളുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തും**

നെതർലാൻഡും കേന്ദ്ര സർക്കാരുമായി ചേർന്ന് പഴം, പച്ചക്കറി, പുഷ്പം, ഡയറി, പിഗ്ഗറി എന്നീ രംഗങ്ങളിൽ സെന്റേഴ്സ് ഫോർ എക്സലൻസ് വികസിപ്പിച്ചെടുക്കും.

നാളികേരം, ഏത്തക്കുല മറ്റിനം വാഴക്കുലകൾ, കൈതച്ചക്ക മുതലായ ഉല്പന്നങ്ങൾ റെയിൽവേയുമായി ചേർന്ന് ഇൻഡ്യൻ നഗരങ്ങളിലും കപ്പൽ കമ്പനികളുമായി ചേർന്ന് യു.എ.ഇ ഉൾപ്പെടെയുള്ള മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലും വിപണനം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതിക്കു രൂപം നൽകും.

34. **നാനോ ടെക്നോളജി**

മാനവരാശിയുടെ ഭാവി വികസനത്തെ നിർണായകമായി സ്വാധീനിക്കാൻ പോകുന്ന മേഖലയാണ് നാനോ ടെക്നോളജി. ഈ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വിവിധ സർവ്വകലാശാലകളിൽ ഈ രംഗത്തു പ്രവർത്തിക്കുന്ന ഗവേഷകർക്ക് ആശയ കൈമാറ്റം നടത്തുന്നതിനും മഹാത്മാഗാന്ധി സർവ്വകലാശാലയിലെ നാനോ ടെക്നോളജി സെന്ററിന്റെ കീഴിൽ കൺവേർജൻസ് അക്കാഡമിയ സെന്റർ സ്ഥാപിക്കുന്നതാണ്. ഇതിനായി ഒരു കോടി രൂപ മാറ്റിവയ്ക്കുന്നു.

35. **അനാഥ കുഞ്ഞുങ്ങൾക്ക് പരിരക്ഷ**

അച്ഛനും അമ്മയും നഷ്ടപ്പെട്ട് അനാഥരായി തീർന്നവരും 10 വയസ്സിൽ താഴെ പ്രായമുള്ളവരുമായ കുട്ടികളുടെ ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാഭ്യാസച്ചെലവിന്റെ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുന്നതാണ്.

## 36. നിത്യ രോഗികളുടെ ചികിൽസാ ചെലവിലേയ്ക്ക് പ്രത്യേക സഹായം

ഒരു ലക്ഷം രൂപയിൽ താഴെ വാർഷികവരുമാനമുള്ള കുടുംബങ്ങളിൽ ഗുരുതരാവസ്ഥയിൽ കഴിയുന്ന നിത്യരോഗികളുടെ ചികിൽസാ ചെലവിലേയ്ക്ക് പ്രതിമാസം പരമാവധി 1000 രൂപവരെ സർക്കാർ സഹായമായി നൽകുന്നതാണ്.

## 37. ഇന്റർനാഷണൽ മീഡിയ എഡ്യൂക്കേഷൻ സെന്റർ ആന്റ് ന്യൂസ് ആർക്കൈവ്സ്

തിരുവനന്തപുരം പ്രസ് ക്ലബ്ബിനോടനുബന്ധിച്ച് ഇന്റർനാഷണൽ മീഡിയ എഡ്യൂക്കേഷൻ സെന്റർ ആന്റ് ന്യൂസ് ആർക്കൈവ്സ് സ്ഥാപിക്കുന്നതിന് അഞ്ചു ലക്ഷം രൂപ വകയിരുത്തുന്നു.

## 38. സാമ്പത്തിക വളർച്ചയ്ക്കും തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാനുമുള്ള പദ്ധതികൾ

സാമ്പത്തിക മാന്ദ്യം കാരണം പരമ്പരാഗത തൊഴിൽ മേഖലകളായ കൃഷി, മൃഗസംരക്ഷണം, ക്ഷീരോത്പാദനം, മത്സ്യബന്ധനം എന്നി മേഖലകളിലെ വരുമാനവും തൊഴിൽ അവസരങ്ങളും വളരെ കുറഞ്ഞിട്ടുണ്ട്. ഈ മേഖലകളെ പുനഃരുജ്ജീവിപ്പിക്കാനായി ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതാണ്. ഈ പദ്ധതി അനുസരിച്ച് ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്ന ചെറുകിട കർഷകർക്കും ഉൽപാദകർക്കും മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന വർക്കും അനുയോജ്യമായ പലിശ സബ്സിഡി നൽകുന്നതായിരിക്കും. വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നതിന് വിധേയമായിരിക്കും ഈ ആനുകൂല്യം. സബ്സിഡി ബാങ്കുകൾ വഴിയാണ് വിതരണം ചെയ്യുക. ഈ പദ്ധതി മൂലം മേൽപറഞ്ഞ മേഖലകളിൽ ഗണ്യമായ വളർച്ചയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി 10 കോടി രൂപ നീക്കിവയ്ക്കുന്നു.

സംസ്ഥാന ഐ.ടി മിഷൻ മുഖേന സർക്കാർ നിരവധി ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 500- ഓളം വിവിധ സേവനങ്ങൾ വെബ്സൈറ്റ് മുഖേനയും അക്ഷയ സെന്ററുകൾ വഴിയും

ലഭ്യമാണ്. അടുത്ത വർഷം 400 പുതിയ സേവനങ്ങൾ കൂടി ഇലക്ട്രോണിക് മാധ്യമം മുഖേന ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുപുറമേ, സർക്കാർ ഓഫീസുകളിൽ കാര്യക്ഷമതയും സുതാര്യതയും മെച്ചപ്പെടുത്തുന്നതിനായി ഇലക്ട്രോണിക് ഫയലിംഗ് സംവിധാനം ഏർപ്പെടുത്താനുള്ള പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഈ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള അക്ഷയ സെന്ററുകളിൽ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താനും കൂടുതൽ സെന്ററുകൾ ആവശ്യാനുസരണം തുടങ്ങാനും സർക്കാർ ഉദ്ദേശിക്കുന്നു. ഇതുവഴി 10000 ഓളം പുതിയ തൊഴിൽ അവസരങ്ങൾ ഉണ്ടാകും. പൗരന്മാർക്ക് യഥാസമയം വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി മുന്തിയ പരിഗണന സർക്കാർ നൽകിയിട്ടുണ്ട്. ഈ ലക്ഷ്യം നിറവേറ്റുന്നതിലേയ്ക്കായി ആധുനിക സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഓൺലൈൻ ഫയലിംഗ് സംവിധാനം, ഫയലുകളും രേഖകളും ഡിജിറ്റൽ രൂപത്തിലാക്കുക എന്നീ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. സർക്കാർ വകുപ്പുകൾ, യൂണിവേഴ്സിറ്റികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവയിലും പുതുതായി ആരംഭിക്കുന്ന ഓഫീസുകളിലും സ്ഥാപനങ്ങളിലും ഈ സൗകര്യങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. നിലവിലുള്ള സ്ഥാപനങ്ങളിലും ഈ സംവിധാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഐ.ടി. മിഷനെ ചുമതലപ്പെടുത്തുന്നു. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നതാണ്.

രണ്ട് ലക്ഷത്തിൽപരം ചെറുകിട വ്യവസായങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ശരാശരി 15 ശതമാനം പുതിയ വ്യവസായങ്ങൾ ഓരോ വർഷവും തുടങ്ങുന്നു. സാമ്പത്തിക വളർച്ചയ്ക്കും പുതിയ തൊഴിൽ അവസരങ്ങൾ ഉണ്ടാകുന്നതിനും ഈ മേഖലയുടെ വളർച്ച അതിപ്രധാനമാണ്. പുതിയ ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി അവയ്ക്കുള്ള അനുമതികൾ സെൽഫ് സർട്ടിഫിക്കേഷൻ (Self Certification) വഴി ലഭ്യമാക്കുന്നതാണ്.

ഇതിനായി ബന്ധപ്പെട്ട നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ ഉടൻതന്നെ വരുത്തുന്നതാണ്.

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വിനോദസഞ്ചാര മേഖലയ്ക്ക് വളരെ പ്രാധാന്യമുണ്ട്. പ്രതിവർഷം ഒരു കോടിയിലധികം വിനോദസഞ്ചാരികൾ കേരളം സന്ദർശിക്കുന്നുണ്ട്. കഴിഞ്ഞ വർഷത്തെ കണക്കുകൾ അനുസരിച്ച് ഈ മേഖലയിൽ നിന്ന് ഇരുപതിനായിരം കോടി രൂപയിലധികം വരുമാനമുള്ളതായും പത്തു ലക്ഷത്തോളം പേർക്ക് തൊഴിൽ ലഭിക്കുന്നതായും കാണുന്നു. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങളായുള്ള സാമ്പത്തിക മാന്ദ്യം കാരണം ഈ മേഖലയിലും വളർച്ച തീരെകുറവാണ്. അതിനാൽ ഈ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ വളർച്ചയ്ക്കും വേണ്ടിയുള്ള നടപടികൾ അത്യാവശ്യമാണ്. വിനോദസഞ്ചാര വകുപ്പിന്റെ മാർക്കറ്റിംഗ് പ്രവർത്തനത്തിനുള്ള വിഹിതം 40 കോടി രൂപയായി വർദ്ധിപ്പിക്കുന്നതാണ്.

### 39. നൈപുണ്യ പ്രോത്സാഹനം

നൈപുണ്യമുള്ള ഒരു പുതിയ തലമുറയാണ് ഇനി വളർന്നു വരേണ്ടത്. നൈപുണ്യ വളർച്ചയ്ക്ക് സ്കൂൾ തലങ്ങളിൽ തന്നെ ആവശ്യമായ സംവിധാനങ്ങളും പ്രോത്സാഹനങ്ങളും നൽകുവാൻ കഴിഞ്ഞാൽ ഈ ലക്ഷ്യം വളരെ വേഗതയിൽ കൈവരിക്കുവാൻ നമുക്ക് സാധിക്കുന്നതാണ്. തദനുസരണമായ ഒരു ആസൂത്രണവും ബജറ്റിംഗും അതിലേയ്ക്ക് ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുന്നു. അതിനാൽ ഓരോ വകുപ്പുകൾക്കും നീക്കിവയ്ക്കുന്ന ബജറ്റ് വിഹിതത്തിൽ 1 ശതമാനം തുക വിദ്യാർത്ഥി-യുവജന വിഭാഗങ്ങൾ വിഭാവനം ചെയ്യുന്ന തൊഴിൽദായക പരിപാടികളുടെ ആവിഷ്ക്കാരത്തിനും നടത്തിപ്പിനുമായി മാറ്റിവയ്ക്കുന്നതാണ്.

## 40. കർഷക നൈപുണ്യ അവാർഡ്

സംസ്ഥാന, ജില്ലാ അടിസ്ഥാനത്തിൽ കാർഷിക മികവിന് ഒന്നാമതായി തെരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും നല്ല കർഷകർക്ക് ആഗോള തലത്തിലും ദേശീയതലത്തിലും പഠന യാത്രയ്ക്കായി യഥാക്രമം 5 ലക്ഷം, 2 ലക്ഷം രൂപാ വീതം ട്രാവൽ ഗ്രാന്റ് അനുവദിക്കുന്നതാണ്.

## വിവിധ വകുപ്പുകൾ

### കൃഷി

41. ഉത്പാദനം, സംഭരണം, വിതരണം എന്നീ മേഖലകൾ കാര്യക്ഷമമാക്കുന്നതിനോടൊപ്പം ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഗവേഷണകേന്ദ്രങ്ങളെ ശക്തിപ്പെടുത്തി, ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള പ്രായോഗിക നടപടികളിലൂടെ മാത്രമേ കാർഷിക മേഖലയെ ഉയർച്ചയിലേയ്ക്ക് കൊണ്ടുപോകാനാകൂ. കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി ആകെ 964.82 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

42. കുമരകം, മണ്ണുത്തി, വെള്ളായണി, പട്ടാമ്പി, അമ്പലവയൽ തുടങ്ങി കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള ഗവേഷണ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് ആകെ 3.5 കോടി രൂപ വകയിരുത്തി
യിട്ടുണ്ട്.

43. ജില്ലാ കൃഷിവിജ്ഞാന കേന്ദ്രങ്ങളിലൂടെ സാങ്കേതിക വിദ്യാകൈമാറ്റം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി 1.61 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

44. സംയോജിത സേവന വിതരണത്തിന്റെ ഭാഗമായി, തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കേന്ദ്രസഹായത്തോടെ കാർഷിക വിപണന കേന്ദ്രങ്ങൾ (Malls) സ്ഥാപിക്കുന്നതിനുവേണ്ടി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

45. കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകരെ സംരക്ഷിക്കുവാൻ ഒരു പാക്കേജ് അനുവദിക്കുന്നതാണ്. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

**മണ്ണ് - ജലസംരക്ഷണം**

46. മനുഷ്യന്റെ വർദ്ധിച്ചുവരുന്ന ഇടപെടൽ മൂലം ഭൂതലത്തിന് (landscape) ദ്രുതഗതിയിൽ മാറ്റം വന്നുകൊണ്ടിരിക്കുന്നതിനാൽ മണ്ണ് - ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് വർദ്ധിച്ച പ്രാധാന്യമാണുള്ളത്. ഈ മേഖലയ്ക്കായി ഈ വർഷം ആകെ 73.25 കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**മൃഗസംരക്ഷണം**

47. മൃഗ സംരക്ഷണ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ ഈ മേഖലയ്ക്ക് മൊത്തം 295.16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

48. കുളമ്പുരോഗം സംസ്ഥാനത്ത് ഒരു ഭീഷണിയായി ഉയർന്നു വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാന/മേഖലാ രോഗ നിർണ്ണയ പരിശോധനാശാലകൾ ശക്തിപ്പെടുത്തുന്നതിനും, അനുബന്ധ പ്രവർത്തനങ്ങൾക്കുമായി കേന്ദ്രസഹായത്തോടെ 9.19 കോടി രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട്.

49. കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ കാസർഗോഡ് ഒരു പുതിയ ബ്രീഡർ ഫാം ആരംഭിക്കുന്നതിന് 4 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

**ക്ഷീരവികസനം**

50. പാലുൽപാദനത്തിൽ നമ്മുടെ സംസ്ഥാനം സ്വയം പര്യാപ്തത കൈവരിക്കേണ്ടതുണ്ട്. ഈ മേഖലയുടെ ശാക്തീകരണത്തിനായി മുൻ വർഷത്തേക്കാൾ 47% അധികതുക നീക്കി വച്ചിട്ടുണ്ട്.

51. എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്ത് ക്ഷീരഗ്രാമമായി പ്രഖ്യാപിക്കുന്നതാണ്.

**മത്സ്യമേഖലയുടെ വികസനവും മത്സ്യതൊഴിലാളി ക്ഷേമവും**

52. കേരളത്തിലെ മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി 177.40 കോടി രൂപ ഈ വർഷം നീക്കിവയ്ക്കുന്നു. ഇത് കഴിഞ്ഞ വർഷത്തേക്കാൾ ഇത് 12% കൂടുതലാണ്.

53. ഉൾനാടൻ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മാതൃക മത്സ്യകൃഷിയിടങ്ങൾ സ്ഥാപിക്കുന്നതിനും നവീന അക്വാകൾച്ചർ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 5 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

54. പരപ്പനങ്ങാടിയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കും മറ്റുമായി ഒരു കോടി രൂപ വകയിരുത്തുന്നതാണ്.

55. വിഴിഞ്ഞം, പുല്ലുവിള മത്സ്യഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

56. മത്സ്യതൊഴിലാളികൾക്ക് ഉത്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉത്പാദന ബോണസ് അനുവദിക്കാനുള്ള ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിലേക്കായി 2 കോടി രൂപ വകയിരുത്തുന്നു.

57. എറണാകുളം വല നിർമ്മാണ ഫാക്ടറിയിലെ പഴയ വല നിർമ്മാണ യന്ത്രങ്ങൾ ഘട്ടം ഘട്ടമായി മാറ്റിക്കൊണ്ട് പുതിയ മെഷീനുകൾ സ്ഥാപിക്കാനുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിലേക്കായി 5 കോടി രൂപ വകയിരുത്തുന്നു.

**വനം – വന്യജീവി**

58. വനമേഖലയുടെ സംരക്ഷണം അത്യന്താപേക്ഷിതമാകയാൽ ഈ മേഖലയെ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ജലസംരക്ഷണപദ്ധതികൾ ആരംഭിക്കൽ, മഴനിഴൽ പ്രദേശങ്ങളെ ഹരിതാഭമാക്കൽ, പ്രകൃതി ആസ്വാദനകേന്ദ്രങ്ങൾ സ്ഥാപിക്കൽ, മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കൽ, പട്ടിക വർഗ്ഗ വിഭാഗത്തിലെ ചെറുപ്പക്കാരെ ടൂറിസ്റ്റ് ഗൈഡുകളാക്കൽ തുടങ്ങിയ വിവിധങ്ങളായ പദ്ധതികൾക്കുവേണ്ടി 150 കോടി രൂപ ഈ മേഖലയ്ക്കായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

59. പെരിയാർ, പറമ്പിക്കുളം കടുവാസങ്കേതങ്ങളുടെ വിവരാധിഷ്ഠിത സാങ്കേതിക വികസനത്തിനായി ഒരു നൂതന പദ്ധതി കേന്ദ്രസഹായത്തോടെ ആവിഷ്കരിക്കുന്നതിന് 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

60. പതിനഞ്ച് വന്യമൃഗ സംരക്ഷണകേന്ദ്രങ്ങളുടേയും, അഞ്ച് ദേശീയോദ്യാനങ്ങളുടേയും ഉന്നമനത്തിനുള്ള കേന്ദ്രസഹായ പദ്ധതികൾക്കായി ഇക്കൊല്ലം 14.07 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

**ഗ്രാമവികസനം**

61. 2014-15 ൽ ഗ്രാമവികസന മേഖലയ്ക്കായി 617.23 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

62. ഗ്രാമീണ റോഡുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഗ്രാമ വികസനം യഥാർത്ഥ്യമാക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള PMGSY പദ്ധതി വഴി ഈ വർഷം 1000 കി.മി. റോഡ് നിർമ്മിക്കുവാൻ ലക്ഷ്യമിടുന്നു. ടെണ്ടർ എക്സസ് മൂലമുണ്ടാകുന്ന അധിക ബാദ്ധ്യതയ്ക്കും മറ്റുമായി സംസ്ഥാനം 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

63. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന വിഹിതമായി ഈ വർഷം 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

64. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ജനക്ഷേമകരമായ വിവിധ പദ്ധതികളുടെ വിഹിതമായി ഗ്രാമ പഞ്ചായത്തുകൾക്ക് 28 കോടി

രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 61.448 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾക്ക് 9.18 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**റവന്യൂ**

65. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയ്ക്ക് വേണ്ടി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

66. ഭൂമി സംബന്ധിച്ച രേഖകൾ വിതരണം ചെയ്യുന്ന റവന്യൂ, സർവെ, രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിക്കുന്ന പദ്ധതിക്കായി 2 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ഈ വർഷം ഒരു ജില്ലയിൽ പൈലറ്റ് പദ്ധതിയായി ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

67. 01.01.1977 നു മുമ്പ് ഭൂമി കൈവശം ഉണ്ടായിരുന്ന മുഴുവൻ മലയോര കർഷകർക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിന് ഒരു തീവ്രയത്ന പരിപാടി നടപ്പിലാക്കുന്നതാണ്.

**പഞ്ചായത്ത്**

68. തിരുവല്ല പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിന് പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ഈ വർഷം സ്വീകരിക്കുന്നതാണ്.

69. പി.എൻ പണിക്കർ ഫൗണ്ടേഷൻ വഴി ലക്ഷ്യമിടുന്ന സമ്പൂർണ്ണ ഇ-സാക്ഷരത പദ്ധതിയുടെ നടത്തിപ്പിനായി ഓരോ പഞ്ചായത്തിനും 2 ലക്ഷം രൂപ വീതം പ്ലാൻ ഫണ്ടിൽ നിന്നും ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നതാണ്.

**ലീഗൽ മെട്രോളജി**

70. ലീഗൽ മെട്രോളജി വകുപ്പിന് ഒരു ഏഴുനില കെട്ടിടം തിരുവനന്തപുരത്ത് നിർമ്മിക്കുന്നതിനായി 5.78 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## നഗര വികസനം

71. ധാരാളം അന്യസംസ്ഥാന തൊഴിലാളികൾ തങ്ങളുടെ ജീവിതവൃത്തിക്കായി കേരളത്തിൽ തൊഴിലെടുക്കുന്നുണ്ട്. അവർക്ക് സുരക്ഷിതമായി രാത്രികാലങ്ങളിൽ കഴിയുന്നതിനുവേണ്ട സൗകര്യം വളരെ കുറവാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 5 രാത്രികാല വാസകേന്ദ്രങ്ങൾ നഗരപ്രദേശങ്ങളിൽ നിർമ്മിക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

72. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം വികസന അതോറിറ്റികൾക്കായി 45 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

73. കേരള നഗര-ഗ്രാമ വികസന ധനകാര്യ കോർപ്പറേഷന് (KURDFC) മൂലധന നിക്ഷേപമായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

74. തിരൂർ മുനിസിപ്പാലിറ്റിയിലുള്ള 13 ഏക്കർ സ്ഥലത്ത് രാജീവ്ഗാന്ധി മെമ്മോറിയൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 20 ലക്ഷം രൂപ വകയിരുത്തുന്നു.

## സഹകരണം

75. 2014-15 സാമ്പത്തിക വർഷത്തിൽ സഹകരണ മേഖലയുടെ സമഗ്ര വികസനത്തിനായി 83.39 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻ വർഷത്തെ അപേക്ഷിച്ച് 11.19% കൂടുതലാണിത്.

76. തിരുവനന്തപുരം ജില്ലയിലെ സഹകരണ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളെല്ലാം ഒരു കുടക്കീഴിലാക്കുന്നതിനും ആധുനിക സൗകര്യങ്ങളോടുകൂടിയ സഹകരണ വകുപ്പ് ആസ്ഥാനമന്ദിര നിർമ്മാണത്തിനുമായി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

77. കളമശ്ശേരി എച്ച്.എം.റ്റി കവലയിലും കടുങ്ങല്ലൂർ മുപ്പത്തടം കവലയിലും കുന്നുകരയിലും ഓരോ ത്രിവേണി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതാണ്.

78. കുറവിലങ്ങാട്ടുള്ള ഗാന്ധിഗ്രാം അഗ്രോബേസ്ഡ് ഇൻഡസ്ട്രിയൽ കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ വകയിരുത്തുന്നതാണ്.

**ജലവിഭവം**

79. ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾക്കുമായി 749.64 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് മുൻവർഷത്തേതിനെ അപേക്ഷിച്ച് 48.40% അധികമാണ്.

80. തൊടുപുഴയിൽ ഒരു ഇറിഗേഷൻ മ്യൂസിയം സ്ഥാപിക്കുന്നതാണ്.

81. കുട്ടനാട്ടിലെ വെള്ളപ്പൊക്ക ബാധിതരായ പാവപ്പെട്ട ആളുകൾക്കുവേണ്ടിയുള്ള പുനരധിവാസ പദ്ധതി (Rehabilitation of flood affected poor people of Kuttanad) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

82. കാവേരി ട്രിബ്യൂണലിന്റെ അവാർഡ് പ്രകാരം ലഭ്യമാകുന്ന ജലം ഉപയോഗപ്പെടുത്താൻ പട്ടിശ്ശേരിയിൽ ഒരു ഡാം നിർമ്മിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

**ശുദ്ധജല വിതരണവും മാലിന്യനിവാരണവും**

83. ശുദ്ധജലദൗർലഭ്യം ലോകം അഭിമുഖീകരിക്കുന്ന ഒരു വലിയ പ്രശ്നമാണ്. ഈ പശ്ചാത്തലത്തിൽ ശുദ്ധജല വിതരണത്തിനും മാലിന്യ നിവാരണത്തിനുമായി ആകെ 774 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

84. കുമരകം, പാറശ്ശാല, ചിക്കോട്, എരുമേലി, കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ എന്നിവിടങ്ങളിലെ ശുദ്ധജലവിതരണ പദ്ധതികൾ ഉൾപ്പെടെ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്കായി 60 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

85. ശാസ്താംകോട്ട ശുദ്ധജല തടാകത്തിന്റെ സംരക്ഷണത്തിന്റെ ഭാഗമായി കൊല്ലം നഗരത്തിൽ കല്ലടയാറിൽ നിന്ന് കൂടി ജലവിതരണം നടത്തുന്ന

പദ്ധതിക്കും കൊച്ചി നഗരത്തിലെ ജലവിതരണം മെച്ചപ്പെടുത്തുന്ന പദ്ധതിക്കുമായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

86. അരുവിക്കര, വെള്ളനാട്, ഉഴമലയ്ക്കൽ, ആര്യനാട് വില്ലേജുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 10 കോടി രൂപ വകയിരുത്തുന്നു.

87. കോഴിക്കോട് കായണ്ണ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കായണ്ണച്ചിറ നന്നാക്കിയെടുക്കുന്നതാണ്. ഇതിലേയ്ക്കായി 2 കോടി രൂപ വകയിരുത്തുന്നു.

88. താനൂർ അനുബന്ധ പഞ്ചായത്തുകളുടെ കുടിവെള്ള പദ്ധതിയ്ക്കായി 5 കോടി രൂപ വകയിരുത്തുന്നതാണ്.

89. മുട്ടട മുതൽ കേശവദാസപുരം വരെയും ഉള്ളൂർ മുതൽ അമ്പലമുക്ക് വരെയും നിലവിലുള്ള കുടിവെള്ള പൈപ്പുകളും, കേടായ പമ്പുകളും മോട്ടോറുകളും മാറ്റുന്നതിനും 1 കോടി രൂപ വകയിരുത്തുന്നു.

**ഊർജ്ജം**

90. ഊർജ്ജ മേഖലയിൽ ഈ വർഷം ആകെ 1370.04 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നത്.

91. കേരള സംസ്ഥാന വൈദ്യുതി ബോർഡ് നടപ്പിലാക്കുന്ന ജല വൈദ്യുത പദ്ധതികൾക്കായി ഈ വർഷം 215.26 കോടി രൂപയും, സൗരോർജ്ജ പദ്ധതികൾ വികസിപ്പിച്ച് 60 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 10 കോടി രൂപയും, വാതകാധിഷ്ഠിത വൈദ്യുതി ഉല്പാദന പ്രവർത്തനങ്ങൾക്കായി 2 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം 100 മെഗാവാട്ട് ആയി വർദ്ധിപ്പിക്കാനും താപ വൈദ്യുതി നിലയങ്ങൾക്കുമായി 5 കോടി രൂപ വീതവും നീക്കിവച്ചിട്ടുണ്ട്.

92. ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ഡാം സുരക്ഷാ പദ്ധതികൾക്കും ഡാം പുനരധിവാസ പദ്ധതികൾക്കുമായി 32 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

93. ട്രാൻസ്മിഷൻ പ്രവർത്തനങ്ങൾക്കായി 22 പുതിയ സബ് സ്റ്റേഷനുകളും ലൈനുകളും 2014-15-ൽ പൂർത്തിയാക്കാനുദ്ദേശിക്കുന്നു. ഇതിലേയ്ക്കായി 240 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

94. വൈദ്യുതി വിതരണ രംഗത്തെ പ്രവർത്തനങ്ങൾക്കായി 317 കോടി രൂപ ഈ വർഷം നീക്കിവച്ചിട്ടുണ്ട്.

95. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ ഭവനങ്ങളിലെ വൈദ്യുതീകരണത്തിനായുള്ള 'രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന' യ്ക്കായി (RGGVY) 26 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനായി 10 കോടി രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

96. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നതിനായി 1.05 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**വ്യവസായം**

97. ഗ്രാമീണ ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണവും വികസനവും ലക്ഷ്യമിട്ട് വിവിധ പരിപാടികൾ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വികസനത്തിന് ചെറുകിട ഗ്രാമ വ്യവസായങ്ങളുടെ പങ്ക് വളരെ വലുതാണ്. സംസ്ഥാനത്തിന് അനുയോജ്യമായ പദ്ധതികളിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഇനിയും കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. പരമ്പരാഗത ചെറുകിട വ്യവസായങ്ങൾ, കരകൗശല മേഖല, വ്യവസായ പാർക്കുകൾ, നിക്ഷേപ പ്രോത്സാഹന പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ഒറ്റത്തവണ കേന്ദ്രസഹായമായ 23.44 കോടി രൂപ ഉൾപ്പെടെ **639.40** കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

98. സംസ്ഥാനത്ത് ലഭ്യമായ മാനവശേഷിയേയും വിഭവങ്ങളെയും പരമാവധി പ്രയോജനപ്പെടുത്തി പരിസ്ഥിതി സൗഹൃദമായതും സുസ്ഥിരവുമായ വിധത്തിലുള്ള വികസനത്തിന് ഉതകുന്ന ഹരിത വ്യവസായങ്ങളാണ്

ഭാവിയിൽ സംസ്ഥാനത്തിന് അനുയോജ്യമായത്. സംസ്ഥാനത്ത് ഉയർന്നുവരുന്ന പൊതുജനാഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും കേരളത്തിന്റെ പ്രത്യേകതകൾ കൊണ്ടും പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കാത്ത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണ്. ഇത്തരത്തിലുള്ള സമീപനത്തോടുകൂടി നിലവിലുള്ള വ്യവസായനയത്തിൽ മാറ്റം വരുത്തുന്നതാണ്. പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളെയും സംരംഭകരെയും ആകർഷിക്കുന്നതിനായി 100 കോടി രൂപ ചെലവിൽ ഗ്രീൻഫിനാൻസ് പദ്ധതിക്ക് തുടക്കമിടും. ഈ ഗ്രീൻ ഫിനാൻസ് പദ്ധതിക്ക് 10 കോടി രൂപ വകയിരുത്തുന്നതാണ്.

99. എറണാകുളം നഗരത്തിന് ചുറ്റുപാടുമുള്ള ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾക്ക് ആഗോള നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും ദേശീയവും അന്തർദേശീയവുമായ ബന്ധങ്ങൾ ഉണ്ടാക്കുന്നതിനും വേണ്ടി ഒരു അന്തർദേശീയ ഫർണിച്ചർ ഹബ് 6.50 കോടി രൂപ ചെലവിൽ കേന്ദ്ര സഹായത്തോടെ സ്ഥാപിക്കുന്നതാണ്.

100. യുവ സംരംഭകർക്ക് നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രാരംഭ സഹായമെന്ന നിലയിൽ ഒരു പ്രോജക്ടിന് പരമാവധി 5 ലക്ഷം രൂപ ധനസഹായം നൽകുന്നതാണ്. ഇതിനായി ആകെ 5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

101. കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രാരംഭ സബ്സിഡി നൽകുക എന്ന പദ്ധതിയുടെ ഭാഗമായി 01.04.2013 ന് ശേഷം പത്ത്പേരിൽ കുറയാതെ തൊഴിൽ നൽകിയതും വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്നതും സർക്കാരിൽ നിന്നോ മറ്റേജൻസികളിൽ നിന്നോ യാതൊരു സഹായവും നിലവിൽ ലഭിക്കാൻ യോഗ്യതയില്ലാത്തതുമായ തൊഴിൽ സ്ഥാപനങ്ങൾക്ക് ഒരു തൊഴിൽ സ്ലോട്ടിന് 10,000/- രൂപാ വീതം സബ്സിഡിയായി നൽകുന്നതാണ്. ഇതിനായി ആകെ 2 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

102. വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനും വികസിപ്പിക്കുന്നതിനും പ്രാരംഭ വിഹിതമായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

103. കൈത്തറി മേഖലയിലേയ്ക്ക് പുതുതലമുറയിലുള്ള സംരഭകരെ ആകർഷിച്ച് ഈ പരമ്പരാഗത മേഖലയുടെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനു വേണ്ടി ഇന്നവേറ്റീവ് എന്റർപ്രൈസ് പ്രൊമോഷൻ പ്രോഗ്രാം എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 1.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 50 ലക്ഷം രൂപ പുതിയ യൂണിറ്റുകൾ ആരംഭിക്കാനുള്ള മാർജ്ജിൻ മണി നൽകുന്നതിനാണ്.

104. കൈത്തറി മേഖലയിലെ നെയ്ത്തുതൊഴിലാളികൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ പ്രൊഡക്ഷൻ ഇൻസന്റീവ് നൽകുന്നതിനും കൂടുതൽ സംരംഭകരെ കൈത്തറി ഉൽപാദന വിതരണ രംഗത്തേക്ക് ആകർഷിക്കുന്നതിനുമായി പ്രത്യേക പാക്കേജ് അനുവദിക്കും. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി അധിക മാർജിൻ മണി നൽകുന്നതാണ്. ഈ പദ്ധതികൾക്കായി 10 കോടി രൂപ നീക്കിവയ്ക്കുന്നു. കൈത്തറി റിബേറ്റ് തീർക്കാനായി 7 കോടി രൂപ പ്രത്യേകം വകയിരുത്തുന്നതാണ്.

105. കേന്ദ്രസഹായ പദ്ധതിയായ പുനസംഘടന - പുനരുദ്ധാരണ - പരിഷ്കരണത്തിന്റെ ഭാഗമായി ഹാന്റക്സിന് 1 കോടി രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നതാണ്.

106. യന്ത്രത്തറികളുടെ ഉൽപാദനക്ഷമത കൂട്ടുന്നതിനു വേണ്ടി പദ്ധതി കൂടുതൽ ഊർജ്ജിതപ്പെടുത്തും. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

107. സ്പിന്നിംഗ് മില്ലുകളുടെ ആധുനികരണത്തിനായി 8.98 കോടി രൂപ വകയിരുത്തുന്നു.

108. കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി കശുവണ്ടി വികസന കോർപ്പറേഷന് 28 കോടി രൂപയും കാപ്പക്സിന് 18 കോടി രൂപയും ഓഹരി മൂലധനമായി വകയിരുത്തിയിട്ടുണ്ട്.

109. കരകൗശല മേഖലയിലെ പരിചയ സമ്പന്നരായ തൊഴിലാളികൾക്ക് വരുമാനവർദ്ധനവ് ഉണ്ടാക്കാനുള്ള പദ്ധതിയുടെ ഭാഗമായി പ്രാഥമിക

സഹകരണ സംഘങ്ങൾക്കും സുരഭിക്കും കരകൗശല വികസന കോർപ്പറേഷനുമായി 2 കോടി രൂപ വീതം വകയിരുത്തുന്നു.

110. ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിൽ നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ കാസ്റ്റിക് സോഡ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നതാണ്. ഇത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വേണ്ടിയുള്ള പൊതുവിഹിതത്തിൽ നിന്നും നൽകുന്നതാണ്.

111. കിൻഫ്ര ഏറ്റെടുത്തു നടത്തുന്ന വിവിധ പ്രോജക്റ്റുകളുടെ അടിസ്ഥാനസൗകര്യവികസനത്തിനായി 2014-15 ൽ 148.79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ പദ്ധതികളായ മട്ടന്നൂരിലെ ഇൻഡസ്ട്രിയൽ പാർക്ക്, എറണാകുളത്തെ ഗ്രീൻ ഫീൽഡ് ഇലക്ട്രോണിക് പാർക്ക്, പാലക്കാട്ടെ നോൺ-കൺവൻഷണൽ എനർജി പാർക്ക്, എക്കോ ഇൻഡസ്ട്രിയൽ പാർക്ക്, മരുന്നുൽപ്പാദനത്തിനായുള്ള ഗ്ലോബൽ ആയുർവ്വേദ വില്ലേജ് തുടങ്ങിയവയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ വ്യവസായ വികസന മേഖലകളിലെ ഭൗതിക സൗകര്യങ്ങളുടെ വികസനത്തിനും ഭൂമി ഏറ്റെടുത്ത് ലാന്റ് ബാങ്കുകൾ സ്ഥാപിക്കുന്ന പദ്ധതിയും ഇതിലുൾപ്പെടുന്നു.

112. കയർ വ്യവാസായ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2014-15 വർഷത്തിലെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി 116.93 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**വിവരസാങ്കേതിക വിദ്യ**

113. സംസ്ഥാനങ്ങളുടെ വികസന പ്രവർത്തനങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിനും നയപരവും ഭരണപരവുമായ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും വിവരസാങ്കേതിക വിദ്യ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. ഇ-റെഡിനസിൽ നമ്മുടെ സംസ്ഥാനം ഒന്നാമതാണെന്നുള്ള വിവരം സഭയെ അറിയിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. 2003 ൽ കമ്പ്യൂട്ടർ സാക്ഷരത എന്ന ചെറിയ ലക്ഷ്യവുമായി മലപ്പുറത്തു തുടക്കം കുറിച്ച അക്ഷയ പദ്ധതിയാണ് ഇ-ഗവേണൻസ് രംഗത്ത്

കേരളത്തിന്റെ നേട്ടങ്ങളുടെ അടിസ്ഥാനം. 2014-15 സാമ്പത്തിക വർഷം 40 വകുപ്പുകളിലെ 600 ലേറെ സേവനങ്ങൾ ഇ-ഡിസ്ട്രിക്ട് പ്രോജക്ട് വഴി നടപ്പിലാക്കുന്നതാണ്. വിവര സാങ്കേതിക മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് ഈ മേഖലയ്ക്ക് 313.33 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

114. വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് വിവിധ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉദ്യോഗസ്ഥർ, അധ്യാപകർ, കർഷകർ, വിദ്യാർത്ഥികൾ, തൊഴിലാളികൾ എന്നിവർക്കുള്ള വിവിധ സേവനങ്ങൾ പൂർണമായും ഓൺലൈൻ ആയി നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി പ്രക്രിയകൾ എത്രയും വേഗം ആധുനീകരിക്കേണ്ടതുണ്ട്. ഓൺലൈൻ സേവനങ്ങൾക്കനുഗുണമായി ഡോക്യുമെന്റുകളും ഫയലുകളും ഡിജറ്റൈസ് ചെയ്യുന്നതിനു പുറമേ വകുപ്പുകളിൽ നിലവിലുള്ള സംവിധാനങ്ങളും നടപടിക്രമങ്ങളും ലളിതവത്ക്കരിച്ച് ഉപയോക്തൃ സൗഹൃദമാക്കി തീർക്കുകയും ചെയ്യേണ്ടതുണ്ട്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾക്കായി പത്തു കോടി രൂപ സംസ്ഥാന ഐ.ടി മിഷന് വകയിരുത്തുന്നതാണ്.

115. ദേശീയ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ടെക്നോപാർക്കിലെ സ്റ്റേറ്റ് ഡേറ്റാ സെന്ററിന്റെ നവീകരണത്തിനും തുടർ പ്രവർത്തനത്തിനും വേണ്ടി കേന്ദ്രസഹായം ഉൾപ്പെടെ 13.34 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

116. കേരളത്തിന്റെ അഭിമാനസ്തംഭ പദ്ധതികളായ 'ടെക്നോപാർക്ക്', 'സൈബർ പാർക്ക്', 'ഇൻഫോപാർക്ക്' എന്നിവയുടെ അടിസ്ഥാന സൗകര്യവികസനത്തിനും സ്ഥലമേറ്റെടുക്കലിനും വേണ്ടി 134.45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

117. കൊച്ചിയിലെ കളമശ്ശേരി കിൻഫ്രാ ഹൈടെക് പാർക്കിലെ കേരള സ്റ്റേറ്റ് ടെക്നോളജി ഇന്നവേഷൻ സോണിനായി (KSTIZ) 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

118. യുവജനങ്ങളിൽ സംരംഭകത്വം വളർത്തുന്നതിന്റെ ഭാഗമായി 'സംരംഭകത്വ വികസന ക്ലബ്ബുകൾ' ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ

ആരംഭിക്കുന്നതിനായി 3.95 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 10000 സ്കൂൾ വിദ്യാർത്ഥികൾക്ക് റാസ്ബറി പൈ കമ്പ്യൂട്ടറുകൾ നൽകുവാനുള്ള പദ്ധതിയ്ക്കായ് 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

119. സംരംഭകത്വം വളർത്തുന്നതിന്റെ ഭാഗമായി കോളേജ് വിദ്യാർത്ഥികളുടെ ഏറ്റവും മികച്ച 100 ടീമുകൾക്ക് സ്റ്റാർട്ട്-അപ് കിറ്റുകൾ നൽകുന്നതാണ്. നൂതന കമ്പ്യൂട്ടറുകളും അനുബന്ധ ഇലക്ട്രോണിക് ഉപകരണങ്ങളും നൽകുന്ന ഈ പദ്ധതിയ്ക്ക് 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

120. യുവജനങ്ങളിൽ സംരംഭകത്വം വളർത്തുന്നതിന്റെ ഭാഗമായി സംരംഭകരായ വിദ്യാർത്ഥികൾക്ക് നേതൃപാടവം ലഭിക്കുന്നതിനു വേണ്ടി സ്റ്റാൻഫോർഡ്, ഹാർവാർഡ് യൂണിവേഴ്സിറ്റികളുടെ സഹകരണത്തോടുകൂടി ട്രെയിനിംഗ് ക്യാമ്പുകൾ, അവധിക്കാല നേതൃപാടവ പരിശീലന ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിന് 4 കോടി രൂപയും വിദ്യാർത്ഥികൾക്കും സംരംഭകർക്കും സംരഭകത്വത്തിൽ മുന്നോക്കം നിൽക്കുന്ന രാജ്യങ്ങൾ സന്ദർശിച്ച് നൂതന വിദ്യകൾ മനസ്സിലാക്കാനുതകുന്ന പദ്ധതിയ്ക്ക് 4 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

121. സർക്കാരിന്റെ നയപരവും ഭരണപരവുമായ പ്രവർത്തനസുതാര്യത ഉറപ്പുവരുത്തുന്നതിനായി സെക്രട്ടേറിയേറ്റിൽ പുതുതായി നടപ്പിലാക്കുന്ന 'ഇ-ഓഫീസ്' സംവിധാനം പൈലറ്റ് പദ്ധതിയായി ധനകാര്യ വകുപ്പിൽ നടപ്പിലാക്കുന്നു. ഈ പദ്ധതിയ്ക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

122. പൊതുജനങ്ങൾക്ക് സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന 'സർവ്വീസ് പ്ലസ്'എന്ന പുതിയ പദ്ധതിക്ക് 2 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

**തുറമുഖം**

123. തുറമുഖ മേഖലയുടെ പദ്ധതി വിഹിതമായി 98.69 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിഴിഞ്ഞം ഡീപ് വാട്ടർ ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ അംഗീകൃത മാസ്റ്റർപ്ലാനിന്റെയും പ്രോജക്ട് റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതാണ്. ഇതിനു

വേണ്ടിവരുന്ന തുക അടിസ്ഥാന സൗകര്യ വികസനത്തിനുള്ള വൻകിട പദ്ധതികൾക്കുവേണ്ടി ഉൾക്കൊള്ളിച്ചിട്ടുള്ള തുകയിൽ നിന്ന് ആവശ്യാനുസരണം ഉപയോഗപ്പെടുത്തുന്നതാണ്.

124. എൽ.പി.ജി, രാസപദാർത്ഥങ്ങൾ, ആസിഡുകൾ, ദ്രവ ക്ലോറിൻ പോലുള്ള അപകടകരമായ ചരക്കുകൾ ജലമാർഗ്ഗം വഴി കടത്തുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതാണ്.

**പൊതുമരാമത്ത്**

125. പൊതുമരാമത്ത് വകുപ്പിൽ റോഡുകളും പാലങ്ങളും വിഭാഗത്തിനായി 836.41 കോടി രൂപയും പൊതുവിഭാഗ കെട്ടിടങ്ങൾക്കായി 46.69 കോടി രൂപയും വകയിരിത്തിയിട്ടുണ്ട്.

126. പാലായിൽ കുരിശുപള്ളി ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ഒരു ഫ്ളെ ഓവർ നിർമ്മിക്കും. ഇതിനായി 1 കോടി രൂപ വകയിരുത്തുന്നു.

127. ഇടുക്കിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് 1 കോടി രൂപ വകയിരുത്തുന്നു.

128. ഇടുക്കി- അയ്യപ്പൻ കോവിൽ പാലം നിർമ്മാണത്തിനായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

129. തളിപ്പറമ്പ്-കുപ്പംപുഴയ്ക്ക് കുറുകേ മണിക്കൽ പാലം നിർമ്മിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

130. കൈനഗരി-മുണ്ടയ്ക്കൽ പാലത്തിന് വേണ്ടി 1 കോടി രൂപ വകയിരുത്തുന്നു.

131. നെയ്യാറ്റിൻകര ഠൗൺ ഹാൾ വികസനത്തിനും സ്വദേശാഭിമാനി പാർക്ക് നവീകരിക്കുന്നതിനുമായി 5 ലക്ഷം രൂപ വകയിരുത്തുന്നു.

132. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കടയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി 1 കോടി രൂപ വകയിരുത്തുന്നു.

133. പാലക്കാട് മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന തരത്തിൽ കുറ്റിപ്പുറം പാലത്തിന് സമാന്തരമായി തൃത്താല കാങ്കപ്പുഴയ്ക്ക് കുറുകെ റഗുലേറ്റർ

കം ബ്രിഡ്ജ് പണിയുന്നതാണ്. ഇതിന് ഒരു കോടി രൂപ വകയിരുത്തുന്നു.

134. കോന്നി സിവിൽ സ്റ്റേഷൻ അഡീഷണൽ ബ്ലോക്ക് പണിയുന്നതിന് 1 കോടി രൂപ വകയിരുത്തുന്നു.

135. എം.സി. റോഡിൽ കുളനട-പന്തളം ബൈപാസ്സും പാലവും നിർമ്മിക്കുന്നതിന് 2 കോടി രൂപ വകയിരുത്തുന്നതാണ്.

136. വിനോദസഞ്ചാരകേന്ദ്രം എന്ന നിലയിൽ പ്രശസ്തമായ വർക്കലയുടെ അടിസ്ഥാനസൗകര്യവികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള വർക്കല ബൈപാസ്സിന്റേയും ഇടവ ബൈപാസ്സിന്റേയും നിർമ്മാണത്തിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

**ഗതാഗതം**

137. വൈറ്റില മൊബിലിറ്റി ഹബ്ബ്, തിരുവനന്തപുരം മൾട്ടി മോഡൽ ആന്റ് എയർപോർട്ട് ഹബ്ബ് എന്നിവ ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതാണ്. ഇതിനായി 1 ലക്ഷം രൂപ ടോക്കൺ വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് ആവശ്യമായി വരുന്ന അധിക വിഹിതം വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള വിഹിതത്തിൽനിന്നും കണ്ടെത്തുന്നതാണ്.

138. മുംബൈ റയിൽ വികാസ് കോർഷറേഷൻ നടത്തുന്ന പ്രായോഗികത പഠനത്തിന് ശേഷം തിരുവനന്തപുരം - ചെങ്ങന്നൂർ/ഹരിപ്പാട് സെക്ടറിൽ ഒന്നാം ഘട്ടമെന്ന നിലയിൽ സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതാണ്. ഗതാഗതക്കുരുക്ക് രൂക്ഷമായിരിക്കുന്ന ഇന്നത്തെ അവസ്ഥയ്ക്ക് ഒരു പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് ടോക്കൺ എന്ന നിലയിൽ 1 ലക്ഷം രൂപ വകയിരുത്തുന്നു. ഈ പദ്ധതിയ്ക്ക് കൂടുതൽ പണം ആവശ്യമാകുന്ന വേളയിൽ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായുള്ള വിഹിതത്തിൽനിന്നും കണ്ടെത്തുന്നതാണ്.

139. നിലമ്പൂർ-നഞ്ചൻകോഡ് റെയിൽവേ ലൈൻ എത്രയുംവേഗം റെയിൽവേയുടേയും സംസ്ഥാന സർക്കാരിന്റേയും പങ്കാളിത്തത്തോടുകൂടി

നടപ്പിലാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 5 കോടി രൂപ വകയിരുത്തുന്നു.

**കെ.എസ്.ആർ.ടി.സി**

140. കെ.എസ്.ആർ.ടി.സി ബസ് ഡിപ്പോകളുടേയും വർക്ക് ഷോപ്പുകളുടേയും നവീകരണം, പുതിയ ബസ് സ്റ്റേഷനുകളുടെ നിർമ്മാണം ആധുനിക സംവിധാനങ്ങളുള്ള ഗാരേജുകളുടെ നിർമ്മാണം തുടങ്ങിയവയ്ക്കായി 17.32 കോടി രൂപ ഈ വർഷം നീക്കിവച്ചിട്ടുണ്ട്.

141. കെ.എസ്.ആർ.ടി.സി.യിൽ സമ്പൂർണ്ണ കമ്പ്യൂട്ടർ വത്ക്കരണത്തിനും ഈ-ഗവേണൻസ് നടപ്പിലാക്കുന്നതിനു മായി 10.30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

142. കോർപ്പറേഷൻ അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഗണിച്ച് പ്രത്യേക സഹായമായി 150 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

**വിനോദസഞ്ചാരം**

143. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വിനോദ സഞ്ചാരത്തിനുള്ള പ്രാധാന്യം കണക്കിലെടുത്ത് ഈ മേഖലയുടെ വിവിധ പ്രവർത്തനങ്ങൾക്കായി ഈ വർഷം **206.65** കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

144. സ്വകാര്യ മേഖലയിൽ വിനോദസഞ്ചാരത്തിനായി അടിസ്ഥാനസൗകര്യങ്ങളുടെ വികസനം, ഉത്തരവാദിത്വ വിനോദ സഞ്ചാര രീതികൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇൻസന്റീവ് നൽകുന്ന പദ്ധതിക്കായി 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

145. കോവളം, കുമരകം, തേക്കടി, ഫോർട്ട്കൊച്ചി, മൂന്നാർ, വയനാട്, വാഗമൺ എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വിപുലീകരണത്തിനും വരുമാന വർദ്ധന പ്രവർത്തനങ്ങൾക്കുമായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

146. ഇടുക്കി ഗ്രാമീണ ടൂറിസം പദ്ധതിക്കും വടക്കേപ്പുഴ ഹൈഡൽ ടൂറിസം പദ്ധതിക്കും ഓരോ കോടി രൂപ വകയിരുത്തുന്നതാണ്.

147. വർക്കലയിൽ പി.പി.പി. മാതൃകയിൽ സീ-ലൈഫ് ലെഷർ പാർക്ക് സ്ഥാപിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

148. നെയ്യാർഡാമിനെ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സെന്ററാക്കി മാറ്റുന്നതാണ്. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

149. നിലമ്പൂർ ഈസ്റ്റേൺ കോറിഡോർ ടൂറിസം പദ്ധതിക്കുവേണ്ടി 1 കോടി രൂപ വകയിരുത്തുന്നതാണ്.

## ശാസ്ത്രം, സാങ്കേതികം, പരിസ്ഥിതി

150. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, റീജിയണൽ ക്യാൻസർ സെന്റർ എന്നീ സ്ഥാപനങ്ങളുടെ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി 131.12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

151. കേന്ദ്രവും സംസ്ഥാനവും തമ്മിൽ ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ പരസ്പരം സാങ്കേതിക വിദ്യകൾ രൂപപ്പെടുത്തുകയും കൈമാറുകയും ചെയ്യുമ്പോൾ സുസ്ഥിര വികസനം യാഥാർത്ഥ്യമാകുന്നു. ഈ ലക്ഷ്യം മുൻ നിർത്തി കേന്ദ്ര-സംസ്ഥാന ടെക്നോളജി പാർട്ണർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നു.

152. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഏർപ്പെടുത്തുന്ന യുവ ശാസ്ത്രജ്ഞൻമാർക്കുള്ള അവാർഡ്, ശാസ്ത്ര സാങ്കേതിക മാനേജ്മെന്റിൽ പരിശീലനം തുടങ്ങിയ ശാസ്ത്ര ഗവേഷണ പരിസ്ഥിതി കൗൺസിലിന്റെ വിവിധ പദ്ധതികൾക്കായി 22.51 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

153. സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആന്റ് എൻവയോൺമെന്റൽ സ്റ്റഡീസിന്റെ (CSES) ഗവേഷണ പ്രവർത്തനങ്ങൾക്ക് 10 ലക്ഷം രൂപ വകയിരുത്തുന്നു.

154. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ബയോമെഡിക്കൽ മാലിന്യ

നിർമ്മാർജ്ജനത്തിന് നാല് കോടി രൂപാ വീതം ചെലവഴിച്ച് ഓരോ യൂണിറ്റ് സ്ഥാപിക്കുന്നതാണ്. ചെലവിന്റെ 50% പ്രൈവറ്റ് കമ്പനിയും 25% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. ഇതിന്റെ സംസ്ഥാന വിഹിതമായി 3 കോടി രൂപ വകയിരുത്തുന്നു.

**വിദ്യാഭ്യാസം**

155. പഞ്ചവൽസര പദ്ധതികളുടെ വികസന സമീപന രേഖയിൽ അതിപ്രധാന സ്ഥാനമുള്ള വിദ്യാഭ്യാസത്തിന് പ്രത്യേക പരിഗണനയാണ് ഈ സർക്കാർ നൽകി വരുന്നത്. സാമൂഹിക ബോധമുള്ള പൗരൻമാരെ വാർത്തെടുക്കുന്നതിന് വിദ്യാഭ്യാസത്തിനുള്ള പങ്ക് നിസ്തുലമാണ്. 2014-15 സാമ്പത്തിക വർഷം ഈ മേഖലയ്ക്കായി 879 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

156. കല, കായികം, തൊഴിൽ-വിദ്യാഭ്യാസം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ആശ്വാസ് (ASWAS) എന്ന പുതിയ പദ്ധതി സെക്കണ്ടറി തലത്തിൽ കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി ആകെ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

157. കായിക മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് തിരുവനന്തപുരം ജി.വി.രാജ സ്പോർട്സ് സ്കൂളിലേയും, കണ്ണൂർ സ്പോർട്സ് ഡിവിഷനു കീഴിലെ ജി.വി.എച്ച്.എസ്. സ്പോർട്സ് സ്കൂളിലേയും അടിസ്ഥാന സൗകര്യവികസനത്തി നായി 8 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

158. സർക്കാർ സ്വയംഭരണ കോളേജുകളും കല്പിത സർവ്വകലാശാലകളും നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കുന്നതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

159. സർവകലാശാലകളെയും കോളേജുകളെയും ബന്ധിപ്പിച്ചു കൊണ്ടുള്ള ഓൺലൈൻ ഭരണ സംവിധാനം കൊണ്ടുവരുന്നതാണ്.

160. കേന്ദ്രഗവൺമെന്റിന്റെ പുതിയ പദ്ധതിയായ 'രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ' (RUSA) സംസ്ഥാനങ്ങൾക്ക് വൻതോതിൽ കേന്ദ്രവിഭവങ്ങൾ ലഭ്യമാക്കുന്നതിനുള്ള അവസരങ്ങളാണ് നൽകുന്നത്. ഇതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുവേണ്ടി ഒരു പ്രോജക്ട് ഡയറക്ടറേറ്റ്

രൂപീകരിക്കുന്നതാണ്. സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുഖേന ഈ പദ്ധതി നടപ്പിലാക്കും.

161. സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് വ്യവസായ/ബിസിനസ് രംഗത്ത് പ്രാവീണ്യം നേടുന്നതിനു

വേണ്ടിയുള്ള പദ്ധതിയാണ് Additional Skill Aquisition Programme. ഏഷ്യൻവികസന ബാങ്ക് സഹായം നൽകുന്ന ഈ പദ്ധതിക്ക് 85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

162. സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ ക്ലാസ് റൂമുകൾ സ്മാർട്ട് ക്ലാസ് റൂമുകൾ ആക്കി മാറ്റുന്നതാണ്. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

163. ഇന്ററാക്ടീവ് ഡിസ്റ്റന്റ് ഇ-ലേണിംഗ് രീതിയിൽ അദ്ധ്യാപക പരിശീലനം നടത്തുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങൾ ക്കായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് പൊതു-സ്വകാര്യ സംരംഭമായി നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

164. കോഴിക്കോട് വനിത പോളിടെക്നിക്ക് കോളേജ് കാമ്പസിൽ ഒരു ഉൽപാദന-പരിശീലന കേന്ദ്രം (Production cum Training Centre) ആരംഭിക്കുന്നതാണ്. ഇതിനായി 30 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

165. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പഠിച്ചിറങ്ങുന്ന എഞ്ചിനീയറിംഗ് ഡിഗ്രി/ഡിപ്ലോമ വിദ്യാർത്ഥികളിൽ ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിന് എഞ്ചിനീയറിംഗ് കോളേജുകളിലും പോളി ടെക്നിക്കുകളിലും ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കും. ഇതിനായി 75 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

166. പോളിടെക്നിക്കുകളിലെ തുടർവിദ്യാഭ്യാസ സെല്ലുകൾ നടത്തിവരുന്ന ഹ്രസ്വകാല കോഴ്സുകളുടെ സിലബസും പരീക്ഷാഫീസും ഏകീകരിച്ച് കേരള തുടർവിദ്യാഭ്യാസ കേന്ദ്രത്തിന്റെ ഭരണ നിയന്ത്രണത്തിലാക്കുന്നതാണ്.

167. എല്ലാ സർക്കാർ സ്ഥാപനങ്ങളിലും, ഓഫീസുകളിലും ഇ-ഗവേണൻസ് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. അതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികളുടെ കമ്പ്യൂട്ടർ പരിജ്ഞാനം പരിശോധിക്കുന്നതിലേക്കായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് 'കമ്പ്യൂട്ടർ പരിജ്ഞാന യോഗ്യതാ പരീക്ഷ' (Computer Application Eligibility Test) നടത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

168. തൊഴിൽ രഹിതരായ യുവാക്കളെ ശാക്തീകരിക്കുക എന്ന ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള 'കമ്മ്യൂണിറ്റി കോളേജ്' എന്ന പദ്ധതി പോളിടെക്നിക്കുകൾ വഴി നടപ്പിലാക്കാൻ വേണ്ടി 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

169. കേരളത്തിൽ ഒരു ഐ.ഐ.റ്റി എന്നത് നമ്മുടെ ചിരകാല അഭിലാഷമാണ്. പാലക്കാട് ഒരു ഐ.ഐ.റ്റി സ്ഥാപിക്കുന്നതിന് വേണ്ട വിശദമായ പദ്ധതി റിപ്പോർട്ട് കേന്ദ്രഗവൺമെന്റ് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

170. കോട്ടയം ജില്ലയിൽ കുറുവിലങ്ങാട്ട് ഒരു സയൻസ് സിറ്റി സ്ഥാപിക്കുന്നതാണ്. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നതാണ്.

171. ശാസ്ത്ര സാഹിത്യരംഗങ്ങളിൽ ഒരു കർമ്മയോഗിയായിരുന്ന ശ്രീ. ഐ.സി. ചാക്കോയുടെ ഗവേഷണങ്ങളും ജീവിത വീക്ഷണങ്ങളും പുറംലോകം അറിയുന്നതിന് അദ്ദേഹത്തിന്റെ നാമധേയത്തിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ ഒരു ചെയർ സ്ഥാപിക്കുന്നതാണ്.

172. കോഴിക്കോട് മുക്കം പഞ്ചായത്തിൽ സർക്കാർ ഭൂമിയിൽ ഒരു പോളിടെക്നിക് ആരംഭിക്കുന്നതാണ്.

173. മാനന്തവാടിയിൽ ദ്വാരക ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക്കായി ഉയർത്തുന്നതാണ്.

174. മുൻ മന്ത്രിയും നിയമസഭാ ഡെപ്യൂട്ടി സ്പീക്കറുമായിരുന്ന അന്തരിച്ച ശ്രീ. കെ. നാരായണക്കുറുപ്പിന്റെ നാമധേയത്തിൽ കാഞ്ഞിരപ്പള്ളിയിലെ പൊൻകുന്നം കുന്നംഭാഗം ഗവൺമെന്റ് ഹൈസ്കൂൾ സ്ഥലത്ത് ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതാണ്. ഇതിനായി 2 കോടി രൂപ വകയിരുത്തുന്നു.

175. സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഗ്രാന്റിനുള്ള വിഹിതം 10 കോടി രൂപയിൽനിന്ന് 15 കോടി രൂപയായി ഉയർത്തുന്നു.

176. സ്പെഷ്യൽ സ്കൂളിൽ ജോലിചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപകർക്ക് ഓണറേറിയം നൽകുന്നതിനുള്ള വിഹിതം 3.5 കോടി രൂപയിൽനിന്നും 5 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

177. സാക്ഷരതാ മിഷനു കീഴിൽ പ്രവർത്തിക്കുന്ന പ്രേരക്മാർക്കും അസിസ്റ്റന്റ് പ്രേരക് മാർക്കും ഉള്ള ഓണറേറിയം 100 രൂപ വീതം വർദ്ധിപ്പിക്കുന്നതാണ്. ഇതിലേക്ക് 50 ലക്ഷം രൂപ വകയിരുത്തുന്നതാണ്.

178. കളമശ്ശേരി പോളിടെക്നിക്കിൽ സി-ഡാക്കിന്റെ ഒരു സെന്റർ സ്ഥാപിക്കുന്നതാണ്.

179. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് വിക്ടേഴ്സ് ചാനൽ. കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിലെ വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകത്തക്ക വിധത്തിൽ കോട്ടയത്തെ ഡി.ഡി. ഓഫീസ് കെട്ടിടത്തിൽ ലഭ്യമായ സ്ഥലത്ത് ഇതിന് മേഖലാ സ്റ്റുഡിയോ സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപ വകയിരുത്തുന്നു.

## കലയും സാംസ്കാരികവും

180. സാംസ്ക്കാരിക വകുപ്പിന്റെ കീഴിലുള്ള മലയാളം മിഷന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 80 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

181. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെക്കുറിച്ച് അവബോധം വളർത്തുവാനും സാംസ്കാരിക രൂപങ്ങൾ ശാക്തീകരിക്കാനും ഇന്ത്യയ്ക്കകത്തും പുറത്തും കേരള സംസ്കാരത്തെ വ്യാപിപ്പിക്കാനുതകുന്ന രീതിയിലുള്ള ഒരു വെബ്സൈറ്റ് തുടങ്ങുന്നതിനും പരിപാലിക്കുന്നതിനും 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

182. കൊച്ചി മുസിരിസ് ബിനാലെ നടത്തിപ്പിനായി 2 കോടി രൂപ വകയിരുത്തുന്നതാണ്.

183. കോഴിക്കോട് പബ്ലിക് ലൈബ്രറിക്കുള്ള സാമ്പത്തിക സഹായമായി 10 ലക്ഷം രൂപ അനുവദിക്കുന്നതാണ്.

184. പന്മന ആശ്രമത്തിന് ധനസഹായം നൽകുന്നതിനായി 20 ലക്ഷം രൂപ നീക്കിവയ്ക്കുന്നതാണ്

185. തൃത്താലയിലെ കുംബിടിയിൽ ഒരു കലാഗ്രാമം സ്ഥാപിക്കുന്നതാണ്. ഇതിലേക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നതാണ്.

186. പയ്യന്നൂർ കേന്ദ്രമായി പൂരക്കളി കലാ അക്കാദമി സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപ വകയിരുത്തുന്നതാണ്.

187. ഉണ്ണായി വാര്യർ സാംസ്കാരിക കലാനിലയത്തിനുള്ള സഹായം 25 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതാണ്.

188. തകഴി സ്മാരകത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 2 ലക്ഷം രൂപ സഹായധനം അനുവദിക്കുന്നതാണ്.

189. വൈക്കം മുഹമ്മദ് ബഷീറിന്റെ ജൻമനാടായ തലയോലപ്പറമ്പിൽ അദ്ദേഹത്തിന് സ്മാരകം പണിയുന്നതിനുവേണ്ടി 5 ലക്ഷം രൂപ വകയിരുത്തുന്നു.

190. ഇരിങ്ങാലക്കുടയിൽ അന്താരാഷ്ട്ര പൈതൃക കലാനഗരം ആരംഭിക്കും. ഇതിലേയ്ക്കായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

191. തൃശ്ശൂർ ജില്ലയിൽ വേലൂരിൽ സ്ഥിതിചെയ്യുന്ന മുന്നൂറു വർഷത്തിലേറെ പഴക്കമുള്ള അർണോസ് ഭവന്റെ പുനരുദ്ധാരണത്തിന് 15 ലക്ഷം രൂപ വകയിരുത്തുന്നു.

192. ശ്രീമൂലം പ്രജാസഭാംഗവും സാമൂഹിക പരിഷ്കർത്താവും സാംബവ മഹാസഭാ സ്ഥാപകനുമായ കാവാരികുളം കണ്ടൻ കുമാരന് സ്മാരകം നിർമ്മിക്കുന്നതിന് സാംബവ മഹാസഭയ്ക്ക് 2 ലക്ഷം രൂപ വകയിരുത്തുന്നു.

193. വൈക്കം സത്യാഗ്രഹത്തിന്റെ ഓർമ്മ നിലനിർത്തുന്നതിന് ഒരു മ്യൂസിയവും മഹാത്മാഗാന്ധിയുടെ പൂർണ്ണകായ പ്രതിമയും സ്ഥാപിക്കുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

194. മുൻ മുഖ്യമന്ത്രി അച്ചുതമേനോന്റെ നാമധേയത്തിലുള്ള സ്റ്റഡി സെന്ററിനായി 5 ലക്ഷം രൂപ വകയിരുത്തുന്നു.

195. കാർട്ടൂണിസ്റ്റ് ശങ്കറിന്റെ പേരിലുള്ള കായംകുളത്തെ കാർട്ടൂൺ മ്യൂസിയത്തിന് 3 ലക്ഷം രൂപ വകയിരുത്തുന്നു.

196. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയ്ക്ക് 50 ലക്ഷം രൂപ വകയിരുത്തുന്നു.

197. ഇലഞ്ഞിക്കൽ സിസ്റ്റർ ബെനീഞ്ഞ സ്മാരകത്തിന് 10 ലക്ഷം രൂപ വകയിരുത്തുന്നു.

198. വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത സ്വാതന്ത്ര്യ സമരസേനാനി എം.ആർ.ജി പണിക്കർ ജന്മശതാബ്ദി സ്മാരകത്തിന് 25 ലക്ഷം രൂപ വകയിരുത്തുന്നു.

199. കുഞ്ചൻ സ്മാരക കലാപീഠത്തിന്റെ നവീകരണത്തിനായി 3 ലക്ഷം രൂപ വകയിരുത്തുന്നു.

200. തിരുവനന്തപുരത്ത് വൈകുണ്ഠസ്വാമി അന്തർദ്ദേശീയ ഗവേഷണ പഠനകേന്ദ്രം ആരംഭിക്കുന്നതിന് വൈകുണ്ഠസ്വാമി ധർമ്മപ്രചാരണ സഭയ്ക്ക് 10 ലക്ഷം രൂപ വകയിരുത്തുന്നു.

201. മലയിൻകീഴ് മാധവകവിയ്ക്ക് സ്മാരകനിർമ്മാണ സഹായത്തിനായി 5 ലക്ഷം രൂപ വകയിരുത്തുന്നു.

202. തിരുവനന്തപുരത്ത് വഴുതയ്ക്കാട് നിർമ്മാണത്തിലിരിക്കുന്ന ടി.കെ.ദിവാകരൻ സ്മാരക കേന്ദ്രത്തിന് സാമ്പത്തിക സഹായമായി 5 ലക്ഷം രൂപ വകയിരുത്തുന്നു.

203. ഡി.സി. കിഴക്കേമുറിയുടെ ജന്മനാട്ടിൽ അദ്ദേഹത്തിന് സ്മാരകം നിർമ്മിക്കുന്നതിനായി 3 ലക്ഷം രൂപ വകയിരുത്തുന്നു.

204. കായിക്കരയിലുള്ള മഹാകവി കുമാരനാശാന്റെ സ്മാരകത്തിനായി 2 ലക്ഷം രൂപ വകയിരുത്തുന്നു.

205. ഇലവുംതിട്ട മൂലൂർ സ്മാരകത്തിനുള്ള വാർഷിക ഗ്രാന്റ് 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതാണ്.

206. മീനച്ചിൽ താലൂക്കിൽ വാസ്തുവിദ്യാ പഠനഗവേഷണ പരിശീലന വിഭാഗം ആരംഭിക്കുന്നതിനായി 1 ലക്ഷം രൂപ വകയിരുത്തുന്നതാണ്.

207. ദേശീയതലത്തിൽ ശ്രദ്ധ നേടിയിട്ടുള്ള വേദസംവേദനാ സംഗമവേദിയായ കടവല്ലൂർ അന്യോന്യത്തിന് മൂന്നു ലക്ഷം രൂപ ഗ്രാന്റ് അനുവദിക്കുന്നു.

208. മലയാള സാഹിത്യ രംഗത്തെ അതികായനായിരുന്ന പാലാ നാരായണൻ നായരുടെ സ്മരണയ്ക്കായി ഒരു സ്മാരകമന്ദിരം പണിയുന്നതിന് 15 ലക്ഷം രൂപ വകയിരുത്തുന്നു.

209. മലയാള സിനിമയിലെ പ്രഗത്ഭ നടൻമാരായിരുന്ന പ്രേം നസീർ, ഭരത് ഗോപി, പ്രശസ്ത സാഹിത്യകാരൻ ജി. ശങ്കരപ്പിള്ള, സിനിമാനിർമ്മാതാവ് ശോഭനാ പരമേശ്വരൻ നായർ എന്നിവരുടെ ഓർമ്മയ്ക്കായി ചിറയിൻകീഴിൽ ഒരു കലാസാംസ്കാരിക കേന്ദ്രം ആരംഭിക്കുന്നതാണ്. ഇതിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

210. തിരുവനന്തപുരം നെയ്യാറ്റിൻകരയിലുള്ള സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ വീട് ഏറ്റെടുത്ത് സ്മാരകമാക്കുന്നതിന് 15 ലക്ഷം രൂപ വകയിരുത്തുന്നു.

211. തിരുവനന്തപുരത്തെ സെൻട്രൽ ആർക്കേവ്സ് ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. ഇതിലേക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

212. തിരുവനന്തപുരത്ത് സ്വാതന്ത്ര്യസമര ചരിത്ര മ്യൂസിയം സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

**മ്യൂസിയം – മൃഗശാല**

213. ചരിത്ര മ്യൂസിയത്തിന്റെ നവീകരണം, മൃഗശാലകളിലും മ്യൂസിയങ്ങളിലും ഇന്ററാക്ടീവ് ഡിസ്പ്ലേ യൂണിറ്റുകൾ പുതുതായി സ്ഥാപിക്കുക തുടങ്ങി മറ്റിതര പ്രവർത്തനങ്ങൾക്കുമായി ആകെ 14.5 കോടി രൂപ വകയിരുത്തുന്നു.

214. ഒല്ലൂർ നിയോജകമണ്ഡലത്തിലെ പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ പൂർത്തീകരണത്തിനായി 50 ലക്ഷം രൂപ വകയിരുത്തുന്നതാണ്.

**ആരോഗ്യം, കുടുംബക്ഷേമം**

215. ആരോഗ്യമുള്ള ജനതയിലൂടെ മാത്രമേ ഒരു രാഷ്ട്രത്തിന് പുരോഗതി കൈവരിക്കാനാകൂ. 2014-15 വാർഷിക പദ്ധതിയിൽ ഈ മേഖലയ്ക്കായി ആകെ **629.40** കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

216. 18 വയസ്സിനു താഴെ പ്രായമുള്ള സംസ്ഥാനത്തെ എല്ലാ കുട്ടികളുടെയും ചികിത്സാചെലവ് സർക്കാർ വഹിക്കുന്ന പദ്ധതിയായ ആരോഗ്യ കിരണം പദ്ധതി' 2014-15 ൽ നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിയിൽ രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രമം (RBSK) പദ്ധതിയുടെ കീഴിൽ ഉൾപ്പെടാത്ത അസുഖങ്ങളുടെ (അപകടം ഉൾപ്പെടെയുള്ള) ചികിത്സാചെലവാണ് സർക്കാർ വഹിക്കുന്നത്. ഇതിന് 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

217. കൊരട്ടി കുഷ്ഠരോഗാശുപത്രിയിലെ 110 ഏക്കർ സ്ഥലം ഉപയോഗപ്പെടുത്തിക്കൊണ്ട് പുതുതായി ഒരു ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് ട്രെയിനിംഗ് സെന്റർ ആരംഭിക്കും. ഇതിന്റെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനായി കേന്ദ്രസഹായം ഉൾപ്പെടെ 5 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

218. സർക്കാരിതര സംഘടനകൾ, മൃഗക്ഷേമ ബോർഡ് എന്നിവരുടെ സഹായത്തോടുകൂടി പേ-വിഷ നിർമ്മാർജന ബോധ വൽക്കരണം സംഘടിപ്പിക്കും. ഇതിലേക്കായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

219. ജില്ലാ ആശുപത്രികളേയും ജനറൽ ആശുപത്രികളെയും കേരള അക്രഡിറ്റേഷൻ സ്റ്റാന്റേഡ്സ് പ്രകാരമുള്ള ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിനായി കേന്ദ്രസഹായം ഉൾപ്പെടെ ആകെ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

220. തൊടുപുഴ താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന്റെ ഭാഗമായി ഒരു അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതാണ്. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

221. തൃശൂർ ജില്ലാ ആശുപത്രിയായി ഉയർത്തിയ വടക്കാഞ്ചേരി ആശുപത്രിയുടെ വികസനത്തിന് 50 ലക്ഷം രൂപ വകയിരുത്തുന്നതാണ്.

222. കാസർഗോഡ് ജില്ലയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡർമറ്റോളജിയുടെ കീഴിൽ ഒരു സെന്റർ ഫോർ ഇന്റഗ്രേറ്റഡ് മെഡിസിൻ & പബ്ലിക് ഹെൽത്ത് ആരംഭിക്കുന്നതിന് 1 കോടി രൂപ വകയിരുത്തുന്നതാണ്.

223. സർക്കാർ ആശുപത്രികളിൽ അണുബാധ നിയന്ത്രണവും ശുചീകരണവും നടത്തുന്നതിന് 'ചിപ്സ്' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 1 കോടി രൂപ വകയിരുത്തുന്നതാണ്.

224. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാനർ സ്ഥാപിക്കുന്നതിന് 8 കോടി രൂപ വകയിരുത്തുന്നതാണ്.

225. വർത്തമാന കേരളം അഭിമുഖീകരിക്കുന്ന ഗുരുതര പ്രശ്നങ്ങളിലൊന്നായ വന്ധ്യത വളരെയേറെ ചികിത്സാ ചെലവുള്ള ഒന്നാണ്. ഇക്കാര്യത്തിൽ പാവപ്പെട്ടവർക്ക് സഹായം നൽകാൻ ഉതകുന്ന തരത്തിൽ തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിക്ക് പുറമെ മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിലും വന്ധ്യതാ ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതാണ്. ഇതിനായി കേന്ദ്രസഹായം ഉൾപ്പെടെ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

226. കേന്ദ്ര സഹായത്തോടെ എല്ലാ സർക്കാർ മെഡിക്കൽ കോളേജിലും ബയോ മെഡിക്കൽ വിഭാഗം സ്ഥാപിക്കുന്നതാണ്. 3 കോടി രൂപ ഇതിലേക്കായി നീക്കി വയ്ക്കുന്നു.

227. വയനാട് മെഡിക്കൽ കോളേജിന് ചന്ദ്രപ്രഭ ചാരിറ്റബിൾ ട്രസ്റ്റ് 50 ഏക്കർ സ്ഥലം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണം ഉൾപ്പെടെ അടിസ്ഥാന സൗകര്യ വികസനത്തിന് 5 കോടി രൂപ വകയിരുത്തുന്നു.

228. വൃദ്ധജനങ്ങളുടെ എണ്ണം കൂടിവരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം ഗവ:ആയുർവേദ ആശുപത്രിയിൽ പ്രത്യേക വൃദ്ധജന പരിപാലന കേന്ദ്രം കേന്ദ്രസഹായത്തോടെ ശക്തിപ്പെടുത്തുന്നതിലേക്കായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

229. മുതിർന്ന പൗരൻമാരുടെ ആരോഗ്യ സംരക്ഷണത്തിനായി AGE (Assistance for Geriatric Emergencies) പദ്ധതിയിൻകീഴിൽ ജില്ലാ ആശുപത്രികളിൽ ജറിയാട്രിക് ക്ലിനിക്കുകൾ ആരംഭിക്കുന്നതാണ്.

230. നഗരങ്ങളിലെ ചേരികളിൽ താമസിക്കുന്ന ജനങ്ങൾക്കുവേണ്ടി പ്രത്യേക ആരോഗ്യപദ്ധതിയായ ഉഷസ് (Urban Slum Health Upliftment Scheme – USHUS) നടപ്പിലാക്കുന്നതാണ്.

231. മധ്യകേരളത്തിൽ ക്യാൻസർ ചികിത്സയ്ക്ക് പാവപ്പെട്ട രോഗികൾക്ക് മതിയായ ചികിത്സാ സംവിധാനങ്ങളുടെ അഭാവം ഉണ്ട്. ചെലവ് കുറഞ്ഞ രീതിയിൽ മെച്ചപ്പെട്ട ആധുനിക ക്യാൻസർ ചികിത്സ ഈ മേഖലയിലെ രോഗികൾക്ക് ലഭ്യമാക്കുന്നതിനായി കൊച്ചി കേന്ദ്രീകരിച്ച് ഒരു ക്യാൻസർ സെന്റർ ആരംഭിക്കുന്നതാണ്.

232. കോട്ടയം മെഡിക്കൽ കോളേജിൽ ക്യാൻസർ രോഗികളുടെ ചികിൽസയ്ക്കായി ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിന് കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്ന് 5 കോടി രൂപ അനുവദിക്കുന്നതാണ്.

233. ക്യാൻസർ രോഗം നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്ററിന് 18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പാല മുനിസിപ്പാലിറ്റിയിൽ ഒരു ക്യാൻസർ ഇൻഫർമേഷൻ സെന്ററും ഏർളി ക്യാൻസർ ഡിറ്റക്ഷൻ സെന്ററും തുടങ്ങുന്നതിനായി 20 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

234. കോട്ടയം മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം സ്ഥാപിക്കുന്നതിന് 2 കോടി രൂപ വകയിരുത്തുന്നു.

235. ശബരിമലയുടെ പ്രധാന ഇടത്താവളമായ ചെങ്ങന്നൂർ താലൂക്കാശുപത്രിയെ കൂടുതൽ സൗകര്യങ്ങൾ നൽകി വികസിപ്പിക്കുന്നതാണ്.

236. മണിമല ഗവൺമെന്റ് പി.എച്ച്.സി. യെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നതാണ്.

237. കോന്നി താലൂക്ക് ആശുപത്രി അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നതാണ്.

## ഭവന നിർമ്മാണം

238. ഭവന നിർമ്മാണം ഒരു അടിസ്ഥാന ആവശ്യം എന്ന നിലയ്ക്ക് ഈ മേഖലയുടെ വികസനത്തിന്റെ വേഗത ത്വരിതപ്പെടുത്തുന്നതിന് പ്രധാന പങ്കാണ് വഹിക്കുന്നത്. ആയിരക്കണക്കിന് വിദഗ്ദ്ധ/അവിദഗ്ദ്ധ തൊഴിലാളികൾക്ക് തൊഴിലും വരുമാനവും ഈ മേഖല പ്രദാനം ചെയ്യുന്നു.

സാമ്പത്തിക ദുർബല വിഭാഗക്കാർ താഴ്ന്ന വരുമാനക്കാർ എന്നിവരിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വേണ്ടിയുള്ള പദ്ധതികളായ സാഫല്യം, ഗൃഹശ്രീ തുടങ്ങിയ വിവിധ പദ്ധതികൾ ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കി വരുന്നു. ഈ പദ്ധതികൾക്കായി ആകെ 32.59 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

239. 1 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ദുർബല വിഭാഗക്കാർക്ക് 4 ശതമാനം പലിശയ്ക്കും 2 ലക്ഷം രൂപ വരെ വാർഷികവരുമാനമുള്ള താഴ്ന്ന വരുമാനക്കാർക്ക് 6.5 ശതമാനം പലിശയ്ക്കും ഭവനവായ്പ അനുവദിക്കുന്ന **'സൗഭാഗ്യ ഭവന പദ്ധതി'** നടപ്പിലാക്കുന്നതാണ്. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നതാണ്.

240. കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന് ഓഹരി മൂലധനമായി 5 കോടി രൂപ അനുവദിക്കുന്നതാണ്.

**വാർത്താ വിതരണവും പ്രചരണവും**

241. കോട്ടയത്ത് പ്രവർത്തനം ആരംഭിച്ച കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ' കേരള ചാപ്റ്ററിന്റെ കെട്ടിട നിർമ്മാണത്തിനായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

242. ശോച്യാവസ്ഥയിലുള്ള ആലപ്പുഴ ജില്ലാ ഇൻഫർമേഷൻ ഓഫീസിന് പുതിയ കെട്ടിട നിർമ്മാണത്തിനായി 25 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

243. കോട്ടയം പ്രസ് ക്ലബ്ബിന്റെ മീഡിയാ & റിസർച്ച് സെന്ററിന്റെ നിർമ്മാണത്തിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു .

**തൊഴിലും പുനരധിവാസവും**

244. ഈ മേഖലയുടെ ഉന്നമനത്തിനായി 2014-15 വർഷത്തിൽ ആകെ 470 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

245. വ്യവസായ പരിശീലന കേന്ദ്രങ്ങളുടെ (ITI) നവീകരണത്തിനായി റവന്യൂ ശീർഷകത്തിൽ 47.10 കോടി രൂപയും മൂലധന ശീർഷകത്തിൽ 16 കോടി രൂപയും ഉൾപ്പടെ ആകെ 63.10 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

246. സർക്കാർ മേഖലയിലെ നൈപുണ്യ വികസനത്തിൽ കേരളം മറ്റിതര ഇന്ത്യൻ സംസ്ഥാനങ്ങളേക്കാൾ വളരെ പിന്നിലാണ്. ഈ അവസ്ഥ മാറ്റുന്നതിനുവേണ്ടി കോഴിക്കോട് ജില്ലയിലെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശത്ത് ഒരു പുതിയ റസിഡൻഷ്യൽ വ്യവസായ പരിശീലന കേന്ദ്രം സ്ഥാപിക്കുന്ന

താണ്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

247. വ്യോമയാനത്തിലും മറ്റു നൈപുണ്യമേഖലകളിലും സാങ്കേതികപരിജ്ഞാനവും പരിശീലനവും നൽകുന്നതിന് കേരള സ്കിൽസ് എക്സലൻസ് അക്കാദമിയുടെ ആഭിമുഖ്യത്തിൽ പി.പി.പി. മാതൃകയിൽ തിരുവനന്തപുരത്ത് ഒരു ടെക്നിക്കൽ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതാണ്. അതുപോലെ 3 ഡി നിർമ്മാണം, ഫൈബർ ഓപ്റ്റിക്സ് എന്നീ രംഗങ്ങളിൽ സ്കിൽ ഡവലപ്മെന്റ് സെന്ററുകളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന് 20 കോടി രൂപ വകയിരുത്തുന്നു.

248. അസംഘടിത മേഖലയിലെ രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യരായ തൊഴിൽ രഹിതർക്കായി 'വിവിധോദ്ദേശ തൊഴിൽ ക്ലബുകൾ' (Multi Purpose Job Clubs) ക്കായി 2 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

249. വനിതകളെ സ്വയം തൊഴിൽ സജ്ജരാക്കുന്നതിന് വേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ളവരും തൊഴിലില്ലാത്തവരുമായ വിധവകൾ, വിവാഹ ബന്ധം വേർപെടുത്തിയ വനിതകൾ, വിവാഹം കഴിക്കാത്ത വനിതകൾ തുടങ്ങിയവരുടെ ക്ഷേമത്തിനായി എംപ്ലോയ്മെന്റ് വകുപ്പ് വഴിയുള്ള 'ശരണ്യ' പദ്ധതിക്കായി 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

250. കേരളത്തിൽ പണിയെടുക്കുന്ന അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും അവരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനുമായുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഇവരുടെ കുലം, കുടുംബപശ്ചാത്തലം, ജാതി തുടങ്ങിയവയെ സംബന്ധിച്ച് ആധികാരിക വിവരങ്ങൾ ശേഖരിച്ച് പേരുകൾ

രജിസ്റ്റർ ചെയ്യുന്നതിനും എല്ലാ വിവരങ്ങളും ഉൾക്കൊണ്ട യു.ഐ.ഡി. (UID) കാർഡുകൾ ഇവർക്കു നൽകുന്നതിനുമായ പദ്ധതിയ്ക്കായി 3.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

251. കർഷകതൊഴിലാളികൾ, കശുവണ്ടിതൊഴിലാളികൾ, മത്സ്യതൊഴിലാളികൾ മറ്റു പരമ്പരാഗത തൊഴിലാളികൾ എന്നിവരുടെ കടുംബക്ഷേമം മുൻനിർത്തി ഒരു ഇൻഷ്വറൻസ് സ്കീം പ്രഖ്യാപിക്കുന്നു. ഇവരിലാർക്കെങ്കിലും മരണം സംഭവിക്കുകയാണെങ്കിൽ അവരുടെ കുടുംബാവകാശിക്ക് 2 ലക്ഷം രൂപ ലഭിക്കത്തക്കവിധത്തിലുള്ള ഒരു സുരക്ഷാ ഇൻഷ്വാൻസാണ് വിഭാവനം ചെയ്യുന്നത്. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

**പട്ടികജാതി-പട്ടിക വർഗം**

252. പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമത്തിനായി അനവധി പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് **460.78** കോടി രൂപയും പട്ടിക ജാതി വിഭാഗങ്ങൾക്ക് **1034.42** കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

253. താമസയോഗ്യമായ ഭവനങ്ങൾ ഇല്ലാത്ത ആദിവാസി കുടുംബങ്ങൾക്ക് പുതിയ ഭവനം പണിയുന്നതിനാവശ്യമായ സഹായം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ ഇത്തരം 1000 കുടുംബങ്ങൾക്ക് പുതിയ ഭവനം പണിയാൻ ധനസഹായമായി 2.50 ലക്ഷം രൂപ വീതം സർക്കാർ നൽകുന്നതാണ്.

254. അഡിഷണൽ ട്രൈബൽ സബ് പ്ലാനിൽ ഉൾപ്പെടുത്തി പട്ടിക വർഗ്ഗ ജനതയുടെ സാംസ്കാരിക തനിമ നിലനിർത്തിക്കൊണ്ട് അവരുടെ സാമൂഹിക-സാമ്പത്തിക ഉന്നമനത്തിനായി 'സംയോജിത സുസ്ഥിര വികസന പദ്ധതി' (ഇന്റഗ്രേറ്റഡ് സസ്റ്റെനബിൾ ഡവലപ്മെന്റ് ഓഫ് ഷെഡ്യൂൾഡ് ട്രൈബ് പോപ്പുലേഷൻ ഇൻ ഐഡന്റിഫൈഡ് ലൊക്കേഷൻ/സെറ്റിൽമെന്റ്) നടപ്പിലാക്കുന്നതിന് 150 കോടി രൂപ

വകയിരുത്തിയിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട ഏറ്റവും പിന്നാക്കം നിൽക്കുന്ന 14 കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

255. പട്ടികജാതി വിഭാഗക്കാർക്ക് 50000/- രൂപവരെയുള്ള വായ്പകൾക്ക് കടാശ്വാസം നൽകി വരുന്നുണ്ട്. ഈ ആനുകൂല്യം പട്ടികവർഗക്കാർക്ക് കൂടി ബാധകമാക്കുന്നതാണ്. ഇതിനായി 2 കോടി രൂപ നീക്കി വയ്ക്കുന്നതാണ്.

256. തൊഴിൽ/ വിദ്യാഭ്യാസം/പരിശീലനം എന്നിവയ്ക്കായി സ്വന്തം ഭവനം വിട്ട് മറ്റ് പ്രദേശങ്ങളിലേക്ക് പോകേണ്ടി വരുന്ന പട്ടികവർഗ വനിതകൾക്ക് അവരുടെ കുട്ടികളോടുകൂടി ഒരുമിച്ചു താമസിക്കാൻ കഴിയുന്ന വിധത്തിൽ വിവിധോദ്ദേശ ഹോസ്റ്റലുകൾ (Multi Purpose Hostel for ST's) ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി 1 ലക്ഷം രൂപ ടോക്കൺ വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ഇതിന് കേന്ദ്ര സഹായവും പ്രതീക്ഷിക്കുന്നുണ്ട്.

257. പട്ടികജാതി വിഭാഗത്തിലെ ഭവനരഹിതർക്ക് വീടുകൾ നിർമ്മിക്കുന്നതിനും, ഭാഗികമായി നിർമ്മിച്ച വീടുകളുടെ പണി പൂർത്തിയാക്കുന്നതിനും, ശോച്യാവസ്ഥയിലുള്ള ഭവനങ്ങൾ നവീകരിക്കുന്നതിനുമുള്ള പദ്ധതികൾക്കായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

258. ഭൂരഹിതരായ പാവപ്പെട്ട പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിനു വേണ്ടി ധന സഹായം നൽകുന്ന പദ്ധതിക്കായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

259. പട്ടിക വർഗ്ഗ വിഭാഗങ്ങളിലെ തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ഈ വിഭാഗത്തിലെ വ്യവസായ സംരംഭകർക്ക് ധനസഹായം നൽകുന്നതിനായി 2 കോടി രൂപ വകയിരുത്തുന്നു.

260. അയ്യങ്കാളി സെന്റർ ഫോർ റിസർച്ച് സ്റ്റഡീസിന് 20 ലക്ഷം രൂപ വകയിരുത്തുന്നു.

**മറ്റ് പിന്നാക്ക വിഭാഗങ്ങൾ**

261. മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി ആകെ 80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

262. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ - ശുപാർശിത സമുദായ വികസന കോർപ്പറേഷൻ (Kerala State Development Corporation for Christian converts and the recommended communities Limited) നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

**ന്യൂനപക്ഷ ക്ഷേമം**

263. ന്യൂനപക്ഷ ക്ഷേമപ്രവർത്തനങ്ങൾക്കായി ആകെ 55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഓഹരി മൂലധനമായി നൽകുന്ന 15 കോടി രൂപയും ഉൾപ്പെടുന്നുണ്ട്.

**മുന്നാക്ക ക്ഷേമം**

264. കേരള സംസ്ഥാന മുന്നാക്കക്ഷേമ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിന് 25 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. ഇതിൽ 4 കോടി രൂപ സ്വയം തൊഴിൽ പദ്ധതിക്കായും 1 കോടി രൂപ നൈപുണ്യ വികസനത്തിനായും മാറ്റിവച്ചിട്ടുണ്ട്.

265. കേരള സംസ്ഥാന മുന്നാക്ക വിഭാഗ ക്ഷേമ കമ്മീഷൻ രൂപീകരിക്കുന്നതിനാവശ്യമായ പ്രാരംഭ ചെലവുകൾക്കും നടത്തിപ്പിനുമായി ഒരു കോടി രൂപ നീക്കിവയ്ക്കുന്നു.

**ആഭ്യന്തരം, നീതിന്യായം**

266. അക്രമങ്ങൾക്കെതിരെ സ്ത്രീകൾക്ക് സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി 'നിർഭയ കേരളം, സുരക്ഷിത കേരളം' എന്ന ഒരു

സമഗ്ര പദ്ധതി കേരള പോലീസ് നടപ്പാക്കുന്നതാണ്. ഇതിന് 7 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

267. കേരളത്തിലെ ഗോത്രവർഗ കോളനികൾ കേന്ദ്രീകരിച്ച് ദേശവിരുദ്ധ ശക്തികൾ അവരുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളെ ശക്തമായി നേരിടുന്നതിനു

വേണ്ടിയുള്ള പോലീസിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി 6 ജില്ലകളിൽ ട്രൈബൽ ക്യുക്ക് റിയാക്ഷൻ ടീം എന്ന പേരിൽ സ്പെഷ്യൽ ടീമിന് രൂപം നൽകുന്നതാണ്. ഇതിലേക്കായി 5.67 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

268. ഇരിങ്ങാലക്കുടയിൽ കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിനായി 15 ലക്ഷം രൂപ വകയിരുത്തുന്നു.

## സാമൂഹ്യ നീതി – സുരക്ഷ

269. 2014–15 വർഷത്തിൽ സാമൂഹിക സുരക്ഷയ്ക്കും ക്ഷേമത്തിനും പോഷകാഹാര മേഖലയ്ക്കുമായി 505 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

270. കൗമാരപ്രായക്കാർക്കിടയിൽ വർദ്ധിച്ചുവരുന്ന സ്വഭാവ വൈകല്യങ്ങൾ കണ്ടെത്തി തിരുത്തുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി 'കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്വം' (Our Responsibility to Children, Kerala) എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

271. സാമ്പത്തിക ക്ലേശം മൂലം ചികിൽസയ്ക്ക് ബുദ്ധിമുട്ടുന്നതും, സാമൂഹികമായും, മാനസികമായും കഷ്ടതയനുഭവിക്കുന്നവരുമായ കേരളത്തിലെ ഓരോ പൗരനും സാമ്പത്തിക സഹായം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ഒരു പുതിയ പദ്ധതിയാണ് 'വി-കെയർ' (We Care). കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിക്കു വേണ്ട മൂലധനം മനുഷ്യസ്നേഹികളായ വ്യക്തികൾ,

സ്ഥാപനങ്ങൾ തുടങ്ങിയവയിലൂടെ ഒരു പൊതു മാർഗ്ഗേന സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്. 2014-15 ൽ ഇങ്ങനെ 100 കോടി രൂപ സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ നടത്തിപ്പ് ചെലവുകൾക്കായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

272. കുടുംബത്തിൽ നിന്ന് അതിക്രമങ്ങൾ നേരിടുന്ന, 18 വയസ്സിനു മേൽ പ്രായമുള്ള നിരാലംബരായ സ്ത്രീകൾക്കായുള്ള അഭയ കേന്ദ്രങ്ങൾ ജില്ലകൾ തോറും സ്ഥാപിക്കുന്ന ഒരു നൂതന പദ്ധതിയായ 'വനിതകൾക്കുള്ള അഭയകേന്ദ്രങ്ങൾ (Shelter Homes for Women) നടപ്പിലാക്കുന്നതിനായി 2014-15 ൽ 1.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

273. അംഗവൈകല്യമുള്ളവരുടെ സാമൂഹികവും സാമ്പത്തികവും ഉൾപ്പെടെയുള്ള വിവിധ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് വേണ്ടിയുള്ള വിശദ വിവരശേഖരണത്തിനായി വിവിധ വകുപ്പുകളുടെ സഹായത്തോടെ 'സ്റ്റേറ്റ് വൈഡ് ഡിസബിലിറ്റി സർവെ' നടത്താൻ ഉദ്ദേശിക്കുന്നു. ഇതിന് കേന്ദ്ര സഹായം ഉൾപ്പെടെ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

274. സർക്കാരിതര സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടു കൂടി 14 വൃദ്ധ സദനങ്ങൾ ആരംഭിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുതിർന്ന പൗരൻമാരുടെ സൗജന്യ സംരക്ഷണത്തിൽ ത്യാഗ മനോഭാവത്തോടെ ഏർപ്പെട്ടിട്ടുള്ള സന്നദ്ധ സംഘടനകൾക്ക് നിർദ്ദിഷ്ട നിരക്കിലുള്ള ഗ്രാന്റ് ലഭ്യമാക്കുന്നതാണ്.

275. ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനു വേണ്ടി കുട്ടികളുടെ അവകാശം സംരക്ഷിക്കുന്നതിനായുള്ള സംസ്ഥാന കമ്മിഷൻ ആസ്ഥാനത്ത് ഒരു 'പോക്സോ' (Protection of Children from Sexual Offences - POCSO) ഡിവിഷൻ ആരംഭിക്കുന്നതാണ്. ഇതിനായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

276. കുടുംബനാഥൻ/കുടുംബനാഥയുടെ അകാല ദേഹവിയോഗം, സ്ഥായിയായ അംഗവൈകല്യം എന്നിവ മൂലം അശരണരാകുന്നവരുടെ കുടുംബത്തിന്

പ്രതിമാസം 2000 രൂപ അതിജീവന ധനസഹായം (Sustaining Fund) നൽകുന്ന ഒരു സാമൂഹ്യക്ഷേമ പദ്ധതി ഞാൻ പ്രഖ്യാപിക്കുന്നു. കുടുംബത്തിലെ ഒരു അംഗത്തിനുമാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ. ഗുണഭോക്താവ് കുടുംബനാഥയെങ്കിൽ ശിഷ്ടകാലവും, മറിച്ച് കുട്ടികളാണ് ഗുണഭോക്താവെങ്കിൽ പ്രായപൂർത്തിയാകുന്നതു വരെയുമാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുക. ഏതെങ്കിലും വിധത്തിലുള്ള സ്ഥിരവരുമാനം, പെൻഷൻ, ഇൻഷ്വറൻസ് പരിരക്ഷ (എം.എ.സി.റ്റി ഉൾപ്പെടെ) ഉള്ളവർ ഇതിന് അർഹരായിരിക്കുകയില്ല.

277. നിർഭയ പദ്ധതിയുടെ 'ഷെൽട്ടൽ ഹോം' മഞ്ചേശ്വരം മണ്ഡലത്തിൽ സ്ഥാപിക്കുന്നതാണ്.

278. വികലാംഗപെൻഷനു തുല്യമായി മാനസികരോഗികൾക്കും പ്രതിമാസം 800 രൂപ പെൻഷനായി അനുവദിക്കുന്നതാണ്.

279. സ്കൂൾ പാചക തൊഴിലാളികളുടെ ദിവസ വേതനത്തിൽ 100 രൂപയുടെ വർദ്ധനവ് വരുത്തുന്നതാണ്.

280. അവശകലാകാര പെൻഷൻ, സർക്കസ് കലാകാര പെൻഷൻ എന്നിവ യഥാക്രമം 750 രൂപയായും 1200 രൂപയായും വർദ്ധിപ്പിക്കുന്നതാണ്.

281. പത്രപ്രവർത്തകർക്കും, നോൺ ജേർണലിസ്റ്റുകൾക്കുമുള്ള പെൻഷൻ യഥാക്രമം 8000 രൂപയായും 5000 രൂപയായും വർദ്ധിപ്പിക്കുന്നതാണ്.

282. സംസ്ഥാനത്ത് നിലവിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകളും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും താഴെപ്പറയുന്ന വിധം വർദ്ധിപ്പിക്കുന്നതാണ്.

| പെൻഷൻ / ആനുകൂല്യം | ഇപ്പോഴത്തെ നിരക്ക് | വർദ്ധിപ്പിച്ച നിരക്ക് |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 500 | 600 |
| ചെറുകിട നാമമാത്ര കർഷക പെൻഷൻ | 500 | 600 |
| അഗതി (വിധവാ) പെൻഷൻ | 700 | 800 |
| വികലാംഗ പെൻഷൻ | 700 | 800 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ 80% ന് മേൽ വൈകല്യമുള്ളവർക്ക് | 1000 | 1100 |
| 50 വയസ്കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 700 | 800 |
| വാർദ്ധക്യകാല പെൻഷൻ | 500 | 600 |
| 80 വയസ്സ് കഴിഞ്ഞവർക്ക് വാർദ്ധക്യകാല പെൻഷൻ | 1100 | 1200 |
| അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, യാചക മന്ദിരങ്ങൾ, വികലാംഗർക്ക് വേണ്ടിയുള്ള സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് നൽകുന്ന പ്രതിമാസ ഗ്രാന്റ് | 700 | 800 |
| സർക്കാർ എയിഡഡ് അന്ധ-ബധിര വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് ഭക്ഷണത്തിന് പ്രതിമാസ ഗ്രാന്റ് | 900 | 1000 |
| വൃക്കതകരാറുമൂലം സ്ഥിരമായി ഡയാലിസിസ് വേണ്ടിവരുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വൃക്ക രോഗികൾക്ക് നൽകുന്ന പ്രതിമാസ പെൻഷൻ | 900 | 1100 |
| ക്ഷയ രോഗികൾക്കുള്ള ധനസഹായം | 800 | 1000 |
| കുഷ്ഠരോഗികൾക്കുള്ള ധനസഹായം | 800 | 1000 |
| ക്യാൻസർ രോഗികൾക്കുള്ള ധനസഹായം | 800 | 1000 |
| അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ ഓണറേറിയം | 1400 | 1600 |
| ആശാപ്രവർത്തകരുടെ ഓണറേറിയം | 700 | 900 |

**കായികവും യുവജനക്ഷേമവും**

283. കായികയുവജനക്ഷേമ മേഖലയ്ക്കായി 2014-15 സാമ്പത്തിക വർഷം **69** കോടി രൂപ വകയിരുത്തിയിട്ടുണ്ട്. യുവജനങ്ങൾക്ക് മികച്ച വിദ്യാഭ്യാസം നൽകുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കഴിവുകൾ വികസിപ്പിക്കുക തുടങ്ങിയവ ലക്ഷ്യമാക്കിക്കൊണ്ട് 2013 ൽ കേരള സംസ്ഥാന യുവജന കമ്മീഷൻ രൂപവത്ക്കരിച്ചുകഴിഞ്ഞു. 2014-15 സാമ്പത്തിക വർഷത്തിൽ യുവജനങ്ങളുടെ ഉന്നമനത്തിനായി സെമിനാറുകൾ, സിംപോസിയങ്ങൾ,

വർക്ക്ഷോപ്പുകൾ, അദാലത്തുകൾ തുടങ്ങിയ വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

284. ദേശീയ നിലവാരത്തിൽ സിന്തറ്റിക് ട്രാക്കോടുകൂടിയ ഒരു സ്റ്റേഡിയം തിരുവനന്തപുരം വലിയതുറയിൽ സ്ഥാപിക്കുന്നതാണ്. ഇതിലേക്കായി 2 കോടി രൂപ വകയിരുത്തുന്നതാണ്.

285. കൈപ്പറമ്പിൽ ഒരു ജില്ലാ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിലേക്കായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

286. പാലക്കാട് ഒരു സിന്തറ്റിക് ട്രാക്ക് സ്ഥാപിക്കുന്നതാണ്. സ്പോർട്സ് കൗൺസിലിനുള്ള വിഹിതത്തിൽ ഇതിനുള്ള തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

287. അരീക്കോട് ഫുട്ബോൾ സ്റ്റേഡിയത്തിനെ മികവിന്റെ കേന്ദ്രമാക്കുന്നതിനും ഒരു സിന്തറ്റിക് ടർഫ് നിർമ്മിക്കുന്നതിനും 10 ലക്ഷം രൂപ വകയിരുത്തുന്നു.

288. കോതമംഗലം ചേലാട് പോളിടെക്നിക് ഗ്രൗണ്ടിനോടുചേർന്ന് നിർമ്മാണത്തിലിരിക്കുന്ന സ്പോർട്സ് കോംപ്ലക്സിന് 10 ലക്ഷം രൂപ വകയിരുത്തുന്നു.

**പൊതുഭരണം**

289. ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓൺലൈൻ പരീക്ഷാ സമ്പ്രദായം നടപ്പാക്കിവരികയാണ്. ആധുനിക സൗകര്യങ്ങളോടുകൂടി തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട്, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിലായി ഏഴ് ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ കേന്ദ്രസഹായത്തോടുകൂടി ആരംഭിക്കുന്നതിന് 5 കോടി രൂപ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

290. ജീവനക്കാരുമായി തികച്ചും സൗഹൃദ പൂർണമായ ബന്ധമാണ് സർക്കാരിനുള്ളത്. ജീവനക്കാർക്ക് ആദ്യമായി എൽ.റ്റി.സി അനുവദിച്ചത് ഈ സർക്കാരാണ്. ക്ഷാമബത്ത കുടിശിക ഇല്ലാതെ യഥാസമയം നൽകിയിട്ടുണ്ട്. അടുത്ത ശമ്പള പരിഷ്കരണത്തിനുവേണ്ടി ശമ്പള കമ്മീഷനെ നിയമിച്ചുകഴിഞ്ഞു. പെൻഷൻകാരുടെ കാര്യത്തിലും സർക്കാർ സമാന സമീപനമാണ് സ്വീകരിച്ചുവരുന്നത്. പെൻഷൻകാർ സർക്കാരിന്റെ

മുന്നിൽ ഉന്നയിച്ചിട്ടുള്ള വിവിധ ആവശ്യങ്ങൾ പുതുതായി രൂപീകരിക്കപ്പെട്ട ശമ്പള കമ്മീഷന്റെ പരിഗണനയ്ക്ക് വിടുന്നതാണ്.

291. ഹൃദ്രോഗം, ക്യാൻസർ, വൃക്കരോഗങ്ങൾ, തലച്ചോർ സംബന്ധമായ രോഗങ്ങൾ ആകസ്മികമായ അപകടങ്ങൾ എന്നിവ മൂലം ചികിത്സ തേടേണ്ടി വരുന്ന സർക്കാർ സർവ്വീസ് പെൻഷൻകാർക്ക് ഒരു ലക്ഷം രൂപയുടെയും അമ്പതിനായിരം രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന രണ്ട് സ്കീമുകൾ 2014 ജൂലൈ-1 ന് നിലവിൽ വരത്തക്കവിധം നടപ്പിലാക്കുന്നതാണ്. ഇതിന്റെ വിശദാംശങ്ങൾ അടിയന്തിരമായി തയ്യാറാക്കി സമർപ്പിക്കുന്നതിന് സ്റ്റേറ്റ് ഇൻഷ്വറൻസ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതാണ്.

## നിയമം

292. വക്കീൽ ഗുമസ്തന്മാരുടെ ക്ഷേമനിധി പ്രകാരമുള്ള ആനുകൂല്യം രണ്ടര ലക്ഷം രൂപയായി ഉയർത്തുന്നതാണ്.

## ദേവസ്വം

293. ശബരിമല മാസ്റ്റർപ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്.

294. ശബരിമല തീർത്ഥാടനകാലത്തുള്ള ഗതാഗതകുരുക്ക് പരിഹരിക്കുന്നതിനായി ആദിശങ്കരന്റെ ജന്മനാടായ കാലടിയിൽ നിന്ന് ശബരിമലയിലേയ്ക്ക് കാലടി-മൂവാറ്റുപുഴ-കൂത്താട്ടുകുളം - ഉഴവൂർ - മരങ്ങാട്ടുപള്ളി - ചേർപ്പുങ്കൽ-കൊഴുവനാൽ-പള്ളിക്കത്തോട്-കൊടുങ്ങൂർ-മണിമല-ഇടമണ്ണ് -കണ്ണമ്പള്ളി- പെരുനാട് വഴി-പമ്പയ്ക്ക് 'ശബരി-ഹരിവരാസനം' എന്ന പേരിൽ ഒരു പാത നിർമ്മിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

295. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് നിലയ്ക്കലിൽ സമ്പൂർണ്ണ കുടിവെള്ള പദ്ധതി നടപ്പിലാക്കും. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

296. കാവുകളും, കുളങ്ങളും സംരക്ഷിക്കുന്ന പദ്ധതിയ്ക്ക് 1 കോടി രൂപ നീക്കിവയ്ക്കുന്നതാണ്.

297. മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപ മാറ്റിവയ്ക്കുന്നതാണ്.

**ഭക്ഷ്യവും പൊതുവിതരണവും**

298. ഭക്ഷ്യവസ്തുക്കളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന നടത്തുന്നതിന് സ്ഥാപിതമായ FQML-ന്റെ (Food Quality Monitoring Laboratary ) കീഴിൽ ഒരു മരുന്നുപരിശോധനാ യൂണിറ്റ് ആരംഭിക്കുന്നതിന് 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

299. പച്ചക്കറിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി എറണാകുളത്ത് പഴം പച്ചക്കറി എന്നിവ ശീതീകരിച്ച് സൂക്ഷിക്കുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് 1.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

300. അവശ്യ സാധനങ്ങളുടെ വിലവർദ്ധനവ് തടയാൻ സർക്കാർ ശക്തമായ കമ്പോള ഇടപെടലുകൾ നടത്തിവരികയാണ്. സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ നൽകുന്ന പദ്ധതി ഈ വർഷവും തുടരും. ശക്തമായ വിപണി ഇടപെടലിന് സപ്ലൈകോയ്ക്ക് വേണ്ട പിന്തുണ നല്കുന്നതിന് 65 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കൺസ്യൂമർഫെഡിന് വിപണി ഇടപെടലിന് **11** കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

**രജിസ്ട്രേഷൻ**

301. എറണാകുളം ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിന് ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതാണ്. ഇതിനായി 1 കോടി രൂപ നീക്കിവയ്ക്കുന്നതാണ്.

302. എടവണ്ണ ആസ്ഥാനമാക്കി ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതാണ്.

303. സ്റ്റാമ്പ് വെണ്ടേഴ്സിന് നിലവിൽ അനുവദിച്ചിട്ടുള്ള വില്പന പരിധി ഉയർത്തേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു. അതിനാൽ അതിന്റെ പരിധി അമ്പതിനായിരം രൂപയായി ഉയർത്തുന്നു.

**സൈനിക ക്ഷേമം**

304. തിരുവനന്തപുരം നഗരത്തിലെ തെരഞ്ഞെടുക്കപ്പെട്ട ജനസാന്ദ്രതയേറിയ സ്ഥലങ്ങളിൽ സുരക്ഷ പ്രദാനം ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ള 'ഉത്തരവാദിത്വമുള്ള സുരക്ഷ' (InE Safe Home Project) പദ്ധതി വിമുക്തഭടൻമാരുടെ സേവനം ഉപയോഗപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി കേരള സംസ്ഥാന വിമുക്തഭടൻമാരുടെ വികസനത്തിനും പുനരധിവാസത്തിനുമുള്ള കോർപ്പറേഷന് 1 കോടി രൂപ നൽകുന്നതാണ്.

**പ്രവാസികാര്യം**

305. ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ നിരവധി മലയാളികൾ വിസാ റാക്കറ്റിന്റേയും വ്യാജ റിക്രൂട്ട്മെന്റിന്റേയും കബളിപ്പിക്കലിന് വിധേയമായി കിടക്കുന്നുണ്ട്. ഈ സാഹചര്യം ഒഴിവാക്കുന്നതിന് അച്ചടി ശ്രവ്യ ദൃശ്യ മാധ്യമങ്ങളിലൂടെ സമഗ്ര ബോധവത്ക്കരണം നടത്തുന്നതിനായി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

306. തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരുന്ന പ്രവാസികളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി ഒരു പരിശീലന പരിപാടി സർക്കാർ വിഭാവനം ചെയ്യുന്നു . ഇതിനായി യോഗ്യതയുള്ള പ്രവാസികളെ മാസ്റ്റർ ട്രെയിനർമാരായി നിയമിക്കും. 2 കോടി രൂപ ഇതിലേക്കായി നീക്കിവച്ചിട്ടുണ്ട്.

307. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് മിഴിവേകുന്നതിനായി ശാസ്ത്ര, സാങ്കേതിക, അക്കാഡമിക് രംഗത്ത് മികവും അതാത് മേഖലകളിൽ പ്രാവീണ്യം പുലർത്തുന്നതുമായ പ്രവാസികളുടെ 'ഡേറ്റാ ബാങ്ക്' തയ്യാറാക്കുന്നതാണ്. ഇതിലേക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

308. കേരളത്തിൽ വേരുകളുള്ള അമേരിക്കൻ/യൂറോപ്യൻ പ്രവാസികളായ മലയാളികളെ കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെക്കുറിച്ചും നിക്ഷേപ അവസരങ്ങളെക്കുറിച്ചും ബോധവത്ക്കരിക്കുന്നതിന് സെമിനാറുകളും മറ്റും സംഘടിപ്പിക്കുന്നതിനായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

309. കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക പങ്കു വഹിക്കുന്ന പ്രവാസി മലയാളി സമൂഹത്തിന്റെ പുനരധിവാസത്തിനുള്ള പാക്കേജിനായി 10 കോടി രൂപ വകയിരുത്തുന്നു.

**വിഭവസമാഹരണം**

**രജിസ്ട്രേഷൻ വകുപ്പ്**

310. സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില നിരക്കുകൾ 8 വർഷം മുമ്പുള്ള നിരക്കുകളാണ്. അത് നിലവിലുള്ള കമ്പോള വിലയേക്കാൾ വളരെ കുറവാണെന്ന് കാണുന്ന സാഹചര്യത്തിൽ ഭൂമിയുടെ ന്യായവില നിരക്കുകളിന്മേൽ ഒരു നിശ്ചിതശതമാനം വർദ്ധനവ് വരുത്തുവാൻ അധികാരപ്പെടുത്തുന്ന നിയമ ഭേദഗതി കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നു.

311. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ /സഹകരണ സൊസൈറ്റികൾ ചിട്ടിക്ക് സമാനമായ രീതിയിലുള്ള പ്രതിമാസ നിക്ഷേപ പദ്ധതി നടത്തി വരികയാണ്. ഈ സ്കീം കേരള മുദ്രപ്പത്ര നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നു. ഈ സ്കീമിലേയ്ക്ക് നിക്ഷേപകരും സഹകരണ ബാങ്കുകളും/സൊസൈറ്റികൾ തമ്മിൽ ഉണ്ടാക്കുന്ന എല്ലാ ഉടമ്പടികൾക്കും/കരണങ്ങൾക്കും ആൾ ഒന്നിന് 100 രൂപ നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നതാണ്.

312. ഗ്രാമ നഗര വ്യത്യാസമില്ലാതെ വികസിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് അടിസ്ഥാന സൗകര്യവികസനത്തിന് മുതൽകൂട്ടാകുന്ന തരത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കുകൾ പഞ്ചായത്ത്, മുൻസിപ്പൽ കൗൺസിൽ മുൻസിപ്പൽ കോർപ്പറേഷൻ എന്ന രീതിയിൽ 5,6,7

ശതമാനം നിരക്കുകൾ ഏകീകരിച്ച് വ്യത്യാസമില്ലാതെ എല്ലാ വിലയാധാരങ്ങൾക്കും 6% എന്ന ഏകീകൃത നിരക്ക് ഏർപ്പെടുത്തുന്നതാണ്.

313. വാണിജ്യ ബാങ്കുകൾ നല്കുന്ന എല്ലാ കാർഷിക വായ്പകളുടെയും വിദ്യാഭ്യാസ വായ്പകളുടെയും നിലവിലുള്ള 5% മുദ്രവില നിരക്കുകൾ സർക്കാർ പൂർണ്ണമായും ഒഴിവാക്കുന്നതാണ്. മറ്റ് വായ്പകളുടെ പണയത്തിനുള്ള മുദ്ര വില 5% ശതമാനത്തിൽ നിന്ന് 0.50% എന്ന നിരക്കിൽ പരമാവധി 20000 രൂപയായി കുറവ് ചെയ്യുന്നതും ഇവയുടെ രജിസ്ട്രേഷൻ ഫീസ് നിരക്കുകളിലും റീകൺവെയൻസ് ആധാരങ്ങളുടെ ഫീസ് നിരക്കിലും നിലവിലുള്ള 2% നിരക്ക്, പരമാവധി 500 രൂപയ്ക്ക് വിധേയമായി 1% ആയി കുറവ് ചെയ്യാനും ഉദ്ദേശിക്കുന്നു.

314. സംസ്ഥാനത്ത് കമ്പനികളുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷന് മുദ്രവില നിശ്ചയിക്കപ്പെട്ടിട്ടുണ്ടെങ്കിലും ചാരിറ്റബിൾ സൊസൈറ്റികളുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും റൂൾസ് & റെഗുലേഷനും സ്റ്റാമ്പ് ഡ്യൂട്ടി നിശ്ചയിക്കപ്പെട്ടിട്ടില്ല. ചാരിറ്റബിൾ സൊസൈറ്റികളുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും റൂൾസ് & റെഗുലേഷനും മുദ്രവില 500 രൂപ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

315. എ.റ്റി.എം മെഷീനുകൾ, മൊബൈൽ ടവറുകൾ എന്നിവ സ്ഥാപിക്കുന്നതിന് സ്ഥല ഉടമയുമായി ഉണ്ടാക്കുന്ന എല്ലാ ഉടമ്പടികൾക്കും കരണങ്ങൾക്കും അവ പുതുക്കുന്നതിനും യഥാക്രമം 2500/-, 5000/- രൂപ നിരക്കിൽ പ്രതിവർഷം സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

316. സംസ്ഥാനത്ത് ചിട്ടി വരിയോല അല്ലെങ്കിൽ കുറി വരിയോലകളുടെ സ്റ്റാമ്പ് ഡ്യൂട്ടി അവസാനമായി പുതുക്കി നിശ്ചയിച്ചത് 22.11.1996 ലാണ്. നിലവിൽ 1000 രൂപയ്ക്ക് 25 രൂപ നിരക്കിലാണ് മുദ്രവില നിശ്ചയിച്ചിട്ടുള്ളത്. ഈ സ്റ്റാമ്പ് ഡ്യൂട്ടി കാലോചിതമായി പരിഷ്കരിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ ചിട്ടി/കുറി വരിയോലകളുടെ മുദ്രവില 1000 രൂപയ്ക്ക് 50 രൂപ എന്ന നിരക്കിൽ വർദ്ധിപ്പിക്കുന്നതാണ്.

317. സഹകരണ ബാങ്കുകൾ / സംഘങ്ങൾ എന്നിവയിൽ നിന്ന് വായ്പയെടുക്കുന്നതിന് പണയാധാരത്തിന് പകരം നല്കുന്ന ഡിക്ളറേഷനാണ് ഗഹാൻ. വായ്പ ഇടപാട് നടത്തുന്നതിന് അനുവാദമുള്ള മിസലേനിയസ് സംഘങ്ങൾ ഉൾപ്പെടയുള്ള എല്ലാ വിഭാഗം സഹകരണ സംഘങ്ങൾക്കും സഹകരണ ബാങ്കുകൾക്കും ഗഹാൻ സമ്പ്രദായം ബാധകമാണ്. ഗഹാൻ/ ഗഹാൻ ഒഴിമുറികൾ രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ലായെങ്കിലും ഇവയ്ക്ക് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട എല്ലാ നടപടികളും ചെയ്യേണ്ടതുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിൽ ഉണ്ടാകുന്ന ഈ അധിക ജോലികൾക്കും അവയുടെ സൂക്ഷിപ്പുകൾക്കും വരുന്ന ചെലവുകൾക്ക് ഒരു നിശ്ചിത ഫീസ് ഈടാക്കേണ്ടതുണ്ട്. ഇതിലേയ്ക്ക് 2 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 0.25% നിരക്കിലും മറ്റ് വായ്പകൾക്ക് 1% നിരക്കിലും ഫീസ് ഈടാക്കുവാൻ ഉദ്ദേശിക്കുന്നു.

318. കമ്പനികളുടെ ആർട്ടിക്കിൾ ഓഫ് അസോസിയേഷന് കമ്പനിയുടെ മൂലധനത്തിനനുസൃതമായി മുദ്രവില പുനർനിർണ്ണയിക്കുന്നതാണ്. സംസ്ഥാനത്ത് പുതിയ കമ്പനികളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 10 ലക്ഷം രൂപ വരെ മൂലധനമുള്ള കമ്പനികൾക്ക് മുദ്രവില 2000 രൂപയായും 10 ലക്ഷത്തിന് മേൽ 25 ലക്ഷം രൂപ വരെ മൂലധനമുള്ള കമ്പനികൾക്ക് 5000 രൂപയായും 25 ലക്ഷത്തിന് മുകളിൽ മൂലധനമുള്ള കമ്പനികൾക്ക് മൂലധനത്തിന്റെ 0.50% എന്ന നിരക്കിലും മുദ്രവില പരിഷ്കരിക്കുന്നതാണ്.

319. 1955-ലെ തിരു-കൊച്ചി, സാഹിത്യ, ശാസ്ത്രീയ ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ നിയമത്തിലെ വിവിധ സെക്ഷനുകൾ പ്രകാരമുള്ള പിഴതുക പല സംഘങ്ങൾക്കും അവരുടെ കാരണം കൊണ്ടല്ലാതെ അധിക പിഴ ഒടുക്കേണ്ടി വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ പിഴ തുക യുക്തിസഹമായി മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നു.

320. ലൈസൻസ്ഡ് സ്റ്റാമ്പ് വെണ്ടർമാരുടെ സ്റ്റാമ്പ് വില്പന പരിധി 20000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതും നിലവിലുള്ള ഡിസ്കൗണ്ട് നിരക്കുകൾ യുക്തിസഹമായി പരിഷ്കരിക്കുന്നതുമാണ്.

മേൽ നിയമഭേദഗതികളിലൂടെ 100 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**ഭാഗ്യക്കുറി വകുപ്പ്**

321. ഭാഗ്യക്കുറി വകുപ്പ് കഴിഞ്ഞ രണ്ട് വർഷമായി വിൽപനയിലും, ജീവകാരുണ്യ പ്രവർത്തനങ്ങളിലും വളരെയധികം പുരോഗതി കൈവരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭാഗ്യക്കുറി മേഖലയിൽ നിലനിന്നിരുന്ന എല്ലാ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും, നിയമവിരുദ്ധ അന്യസംസ്ഥാന ഭാഗ്യക്കുറികൾക്കും എതിരായി ശക്തമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി നിലവിലുള്ള ഭാഗ്യക്കുറി മോണിറ്ററിംഗ് സെല്ലുകൾക്ക് പുറമേ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ഒരു വിജിലൻസ് വിഭാഗം രൂപീകരിക്കുന്നതാണ്.

322. ഈ വർഷം ലോട്ടറി വിറ്റുവരവ് 3000 കോടി രൂപയാണ് പ്രതീക്ഷിച്ചതെങ്കിലും അത് ഈ വർഷാവസാനം 3750 കോടി രൂപയാകുമെന്ന് കരുതുന്നു. 2014-15 സാമ്പത്തിക വർഷം ലോട്ടറി വരുമാനം 5500 കോടി രൂപയായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിലേയ്ക്ക് നിലവിൽ 20 രൂപ മുഖവിലയുള്ള 4 പ്രതിവാര ഭാഗ്യക്കുറികളുടെ വില 30/- രൂപയായി വർദ്ധിപ്പിക്കാനും, 40/- രൂപ മുഖവിലയുള്ള 2 പ്രതിവാര ഭാഗ്യക്കുറികളുടെ വില 50/- രൂപയായി വർദ്ധിപ്പിക്കാനും അവയുടെ സമ്മാനഘടനയിൽ മാറ്റം വരുത്താനും ഉദ്ദേശിക്കുന്നു.

323. ഭാഗ്യക്കുറിയുടെ വരുമാനം കൂടുതൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുന്നതിലേയ്ക്ക് ഒരു ഭാഗ്യക്കുറിയുടെ വരുമാനം കൂടി കാരുണ്യ ചികിത്സാ ധനസഹായത്തിനായി മാറ്റി വയ്ക്കും. നിലവിലുള്ള ഒരു പ്രതി

വാര ലോട്ടറിയുടെ പേര് **'മംഗല്യ'** എന്ന് ആക്കി അതിൽ നിന്നും കിട്ടുന്ന വരുമാനം കൂടി മംഗല്യ നിധിയിലേയ്ക്ക് മാറ്റിവയ്ക്കും.

**324.** ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിലേയ്ക്ക് കൂടുതൽ എത്തിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം 3 ജില്ലകളിൽ താലൂക്ക് ഓഫീസ് അനുവദിച്ചിരുന്നു. ഏജന്റുമാരുടെയും, പൊതുജനങ്ങളുടെയും അഭ്യർത്ഥനമാനിച്ചും വകുപ്പിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി വിപുല പ്പെടുത്തുന്നതിനും വേണ്ടി ബാക്കി 11 ജില്ലകളിൽ കൂടി ഓരോ താലൂക്ക് ഭാഗ്യക്കുറി ഓഫീസുകൾ ആരംഭിക്കുന്നതാണ്. ഭാഗ്യക്കുറി മേഖല യിലെ വളർച്ചയും, വിറ്റുവരവിലുള്ള വർദ്ധനവും കണക്കിലെടുത്ത് പൊതുജനങ്ങൾക്കും, ഏജന്റുമാർക്കും മെച്ചപ്പെട്ട സേവനം നൽകുന്നതിന് ഭാഗ്യക്കുറി വകുപ്പിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്യും. ഇതിലേക്കായി 5 കോടി രൂപ അനുവദിക്കുന്നതാണ്.

**325.** സംസ്ഥാന ഭാഗ്യക്കുറിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ നിന്നും ഏജന്റുമാർ, വിൽപ്പനക്കാർ എന്നിവരിൽ നിന്നും ഉയർന്നു വന്ന പരാതികളും വകുപ്പ് നേരിടുന്ന മറ്റു പ്രശ്നങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു റിട്ട:ജില്ലാ ജഡ്ജിയെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്.

**കെട്ടിടനികുതി**

**326.** കെട്ടിടനികുതി 17 കൊല്ലത്തിനു മുമ്പാണ് പുതുക്കി നിശ്ചയിച്ചത്. നിലവിലെ കെട്ടിട നികുതിയുടേയും ആഡംബര നികുതിയുടേയും നിരക്ക് ഇരട്ടിയാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. പാവപ്പെട്ടവരേയും കൃഷിക്കാരേയും സഹായിക്കുവാനായി $100M^2$ വരെയുള്ള വാസഗൃഹങ്ങൾക്കും $50M^2$ വരെയുള്ള മറ്റ് കെട്ടിടങ്ങളേയും കന്നുകാലി

വളർത്തൽ, കോഴി വളർത്തൽ, പന്നിവളർത്തൽ ഫാമുകൾക്കുള്ള കെട്ടിടങ്ങളെയും കെട്ടിടനികുതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നു. ഇതിൽ നിന്ന് 70 കോടി വരുമാനം പ്രതീക്ഷിക്കുന്നു.

**മോട്ടോർ വാഹന വകുപ്പ്**

**നടപടിക്രമങ്ങളുടെ ലഘൂവത്കരണവും പരിഷ്കരണവും**

327. ഇ-പേയ്മെന്റ്

പൊതുജനങ്ങൾക്ക് വാഹനങ്ങളുടെ നികുതി അടയ്ക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും ഡി ഡി കമ്മീഷൻ നൽകുന്നതുവഴി ഉണ്ടാകുന്ന ധനനഷ്ടവും ഒഴിവാക്കുന്നതിനുമായി പുതിയ വാഹനങ്ങൾക്കു പുറമേ മുഴുവൻ മോട്ടോർ വാഹനങ്ങളുടേയും നികുതി ഇ-പേയ്മെന്റ് സംവിധാനം വഴി അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയാണ്.

328. 3000 കിലോഗ്രാം വരെ RLW (രജിസ്റ്റേർഡ് ലാഡൻ വെയ്റ്റ്) ഉള്ള ചരക്ക് വാഹനങ്ങൾക്ക് Lumpsum tax ഏർപ്പെടുത്തൽ

പുതുതായി രജിസ്റ്റർ ചെയ്യുന്ന ചരക്ക് വാഹനങ്ങൾക്കും 15 വർഷത്തേയ്ക്ക് ഒറ്റത്തവണ നികുതി ഏർപ്പെടുത്തുന്ന വിഷയം പരിഗണിക്കണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരിക്കുന്നു. നിലവിലുള്ള ടാക്സ് നിരക്കിൽ യാതൊരുമാറ്റവും വരുത്താതെ 3000 കിലോഗ്രാം വരെ RLW ഉള്ള ചെറിയതരം ചരക്ക് വാഹനങ്ങൾക്ക് മാത്രം 5 വർഷത്തേയ്ക്ക് താഴെപ്പറയുന്ന രീതിയിൽ Lumpsum tax ഏർപ്പെടുത്തുന്നതു വഴി വാഹന ഉടമകൾക്ക് വർഷം തോറും ടാക്സ് അടയ്ക്കുന്നതിനുള്ള ബുദ്ധിമുട്ട് ലഘൂകരിക്കാൻ സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

| | |
|---|---|
| 300 കി.ഗ്രാം വരെ ഭാരമുള്ള ചരക്കു വാഹനങ്ങൾ | 5 വർഷത്തേയ്ക്ക് 2700 രൂപ |
| 300 കി.ഗ്രാമിനു മുകളിൽ 1000 കി.ഗ്രാം വരെ ഭാരമുള്ള ചരക്കു വാഹനങ്ങൾ | 5 വർഷത്തേയ്ക്ക് 4400 രൂപ |

| | |
|---|---|
| 1000 കി.ഗ്രാമിനുമുകളിൽ 1500 കി. ഗ്രാം വരെ ഭാരമുള്ള ചരക്കു വാഹനങ്ങൾ | 5 വർഷത്തേയ്ക്ക് 8400 രൂപ |
| 1500 കി.ഗ്രാമിനുമുകളിൽ 2000 കി. ഗ്രാം വരെ ഭാരമുള്ള ചരക്കു വാഹനങ്ങൾ | 5 വർഷത്തേയ്ക്ക് 11000 രൂപ |
| 2000 കി.ഗ്രാമിനുമുകളിൽ 3000 കി. ഗ്രാം വരെ ഭാരമുള്ള ചരക്കു വാഹനങ്ങൾ | 5 വർഷത്തേയ്ക്ക് 14100 രൂപ |

മേൽപ്പറഞ്ഞ ഭേദഗതിയിലൂടെ സർക്കാരിന് വരും വർഷം 116 കോടി രൂപ മുൻകൂർ വരുമാനം പ്രതീക്ഷിക്കുന്നു.

329. നിലവിലുള്ള മോട്ടോർസൈക്കിൾ, മോട്ടോർ കാറുകൾ എന്നിവയ്ക്ക് Lumpsum tax ഏർപ്പെടുത്തൽ

ഒറ്റത്തവണ നികുതി അടച്ചിട്ടുള്ള മോട്ടോർസൈക്കിളുകൾ, കാറുകൾ എന്നിവയുടെ രജിസ്ട്രേഷൻ കാലാവധി അവസാനിക്കുമ്പോൾ വീണ്ടും 5 വർഷത്തേയ്ക്ക് രജിസ്ട്രേഷൻ പുതുക്കി നൽകുന്നുണ്ടെങ്കിലും രണ്ട് വർഷത്തേയ്ക്കാണ് ടാക്സ് ഈടാക്കുന്നത്. ഈ സമ്പ്രദായത്തിന് മാറ്റം വരുത്തി പ്രസ്തുത വാഹനങ്ങൾക്കും നിലവിലുള്ള നികുതിനിരക്കിൽ യാതൊരു മാറ്റവും വരുത്താതെ തന്നെ 5 വർഷത്തേയ്ക്ക് താഴെപ്പറയുന്ന രീതിയിൽ Lumpsum tax സമ്പ്രദായം ഏർപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു.

| | |
|---|---|
| എല്ലാത്തരം മോട്ടോർ സൈക്കിളുകൾ | 5 വർഷത്തേയ്ക്ക് 900 രൂപ |
| 750 കി.ഗ്രാം വരെ ULW ഉള്ള മോട്ടോർ കാറുകൾ | 5 വർഷത്തേയ്ക്ക് 6400 രൂപ |
| 750 കി.ഗ്രാമിനുമുകളിൽ 1500 കി. ഗ്രാം വരെ ULW ഉള്ള മോട്ടോർ കാറുകൾ | 5 വർഷത്തേയ്ക്ക് 8600 രൂപ |
| 1500 കി. ഗ്രാമിനു മുകളിൽ ULW ഉള്ള മോട്ടോർ കാറുകൾ | 5 വർഷത്തേയ്ക്ക് 10600 രൂപ |

മേൽപ്പറഞ്ഞ ഭേദഗതിയിലൂടെ സർക്കാരിന് വരും വർഷം 34 കോടി രൂപ മുൻകൂർ വരുമാനം പ്രതീക്ഷിക്കുന്നു.

330. **പർച്ചേസ് വാല്യൂ**

നിലവിൽ വാഹനത്തിന്റെ വാങ്ങൽ വില എന്നത് വാഹനത്തിന് നിർമ്മാതാവ് നിശ്ചയിച്ചിട്ടുള്ള വിലയും എക്സൈസ്/ കസ്റ്റംസ് ഡ്യൂട്ടി, വാറ്റ്, സെസ്സ് തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ആകെ തുകയാണ്. എന്നാൽ എക്സൈസ് ഡ്യൂട്ടി, കസ്റ്റംസ് ഡ്യൂട്ടി, വാറ്റ്, സെസ്സ് തുടങ്ങിയവ വാങ്ങൽ വിലയിൽ ഉൾപ്പെടുത്തുവാൻ പാടില്ല എന്ന് ബഹു. ഹൈക്കോടതി ഇതു സംബന്ധമായ ഒരു ഹർജിയിൽ വിധി പ്രസ്താവിച്ചിട്ടുണ്ട്. എക്സൈസ്/ കസ്റ്റംസ് ഡ്യൂട്ടി, വാറ്റ്, സെസ്സ് എന്നിവ ഒഴിവാക്കി വാങ്ങൽവില നിശ്ചയിച്ചാൽ സർക്കാരിന് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന നികുതിയിൽ വൻതോതിൽ കുറവ് ഉണ്ടാകുന്നതാണ്. ഈ നികുതി നഷ്ടം ഒഴിവാക്കുന്നതിനായി വാഹനങ്ങളുടെ ഒറ്റത്തവണ നികുതി താഴെപ്പറയുന്ന രീതിയിൽ പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതുമൂലം സർക്കാർ അധികവരുമാനം പ്രതീക്ഷിക്കുന്നില്ല.

| | |
|---|---|
| ഒരു ലക്ഷത്തിനു താഴെ വിലയുള്ള മോട്ടോർ സൈക്കിൾ | വാങ്ങൽ വിലയുടെ 7% |
| ഒരു ലക്ഷത്തിനു താഴെ വിലയുള്ള ഇറക്കുമതി ചെയ്ത മോട്ടോർ സൈക്കിൾ | വാങ്ങൽ വിലയുടെ 13% |
| മുച്ചക്രവാഹനങ്ങൾ | വാങ്ങൽ വിലയുടെ 7% |
| 5 ലക്ഷം രൂപവരെ വിലയുള്ള മോട്ടോർ കാറുകൾ സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന പ്രൈവറ്റ് സർവീസ് വാഹനങ്ങൾ | വാങ്ങൽ വിലയുടെ 7% |
| ഇറക്കുമതിചെയ്ത 5 ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർകാറുകൾക്കും സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന പ്രൈവറ്റ് സർവീസ് വാഹനങ്ങൾക്കും | വാങ്ങൽ വിലയുടെ 13% |

| | |
|---|---|
| 5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ കാറുകൾക്കും സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന പ്രൈവറ്റ് സർവീസ് വാഹനങ്ങൾക്കും | വാങ്ങൽ വിലയുടെ 10% |
| ഇറക്കുമതി ചെയ്ത 5 ലക്ഷത്തിനു മുകളിൽ 10 ലക്ഷം രൂപവരെ വിലയുള്ള മോട്ടോർകാറുകൾക്കും സ്വകാര്യ ആവശ്യത്തിന് ഉപയോഗി ക്കുന്ന പ്രൈവറ്റ് സർവീസ് വാഹനങ്ങൾക്കും | വാങ്ങൽ വിലയുടെ 18% |
| 10 ലക്ഷത്തിനു മുകളിൽ 15 ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ കാറുകൾക്കും സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന പ്രൈവറ്റ് സർവീസ് വാഹനങ്ങൾക്കും | വാങ്ങൽവിലയുടെ 12% |
| ഇറക്കുമതി ചെയ്ത 10 ലക്ഷത്തിനു മുകളിൽ 15 ലക്ഷംരൂപ വരെ വിലയുള്ള മോട്ടോർകാറുകൾക്കും സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന പ്രൈവറ്റ് സർവീസ് വാഹനങ്ങൾക്കും | വാങ്ങൽവിലയുടെ 22% |
| 15 ലക്ഷത്തിന് മുകളിൽ , വിലയുള്ള മോട്ടോർകാറുകൾക്കും സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന പ്രൈവറ്റ് സർവീസ് വാഹനങ്ങൾക്കും | വാങ്ങൽവിലയുടെ 17% |
| ഇറക്കുമതി ചെയ്ത 15 ലക്ഷത്തിന് മുകളിൽ വിലയുള്ള മോട്ടോർകാറുകൾക്കും സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന പ്രൈവറ്റ് സർവീസ് വാഹനങ്ങൾക്കും | വാങ്ങൽവിലയുടെ 33% |
| കൺസ്ട്രക്ഷൻ എക്യുപ്മെന്റ് വാഹനങ്ങൾക്ക് | വാങ്ങൽവിലയുടെ 7% |
| ഇറക്കുമതി ചെയ്ത കൺസ്ട്രക്ഷൻ എക്യുപ്മെന്റ് വാഹനങ്ങൾക്ക് | വാങ്ങൽവിലയുടെ 13% |

**331. നികുതി അടയ്ക്കാത്തതിന് പിടിച്ചെടുക്കുന്ന വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള അധികാരം.**

മോട്ടോർവാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് ടാക്സ് അടയ്ക്കാത്തതിന് പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുവാൻ നിലവിലുള്ള നിയമത്തിൽ അധികാരമില്ല. ഇപ്രകാരം പിടിച്ചെടുത്ത പല വാഹനങ്ങളും തുരുമ്പെടുത്ത് നശിക്കുന്നതോടൊപ്പം സർക്കാരിന് വരുമാനനഷ്ടവും വാഹനങ്ങൾ സൂക്ഷിക്കേണ്ടിവരുന്നതുമൂലം ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ പ്രസ്തുത വാഹനങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ നികുതിയും പിഴയും ഒടുക്കിയില്ലെങ്കിൽ ലേലം ചെയ്തുവിൽക്കാനും ലേല തുക സർക്കാരിലേക്ക് മുതൽക്കൂട്ടുവാനും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അധികാരം നൽകുവാൻ ഉള്ള നിയമവ്യവസ്ഥ കൊണ്ടുവരുന്നതാണ്.

**332. മൂന്ന് യാത്രക്കാർക്ക് സഞ്ചരിക്കാവുന്ന മോട്ടോർക്യാബുകൾക്ക് ടാക്സ്**

.നിലവിൽ മൂന്ന് യാത്രക്കാർക്ക് സഞ്ചരിക്കാവുന്ന മോട്ടോർക്യാബുകൾക്ക് ടാക്സ് ഈടാക്കുവാൻ പ്രത്യേക വ്യവസ്ഥയില്ല. നിലവിലുള്ള മോട്ടോർക്യാബുകളുടെ ഗണത്തിൽ ഈ വാഹനങ്ങളേയും ഉൾപ്പെടുത്തി ടാക്സ് ഈടാക്കുവാൻ വ്യവസ്ഥ ചെയ്യുന്നതാണ്.

## നികുതി നിർദ്ദേശങ്ങൾ

**333. പുതിയ മോട്ടോർ ക്യാബുകൾക്കും ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്കും ലക്ഷ്വറി ടാക്സികൾക്കും ഒറ്റത്തവണ നികുതി ഏർപ്പെടുത്തൽ.**

മോട്ടോർ ക്യാബുകളുടേയും ആൾ ഇന്ത്യാ മോട്ടോർ ക്യാബുകളുടേയും വാർഷിക നികുതി കഴിഞ്ഞ 17 വർഷങ്ങളായി സർക്കാർ വർദ്ധിപ്പിച്ചിരുന്നില്ല. എന്നാൽ സ്വകാര്യ വാഹനങ്ങൾക്കുള്ള ഒറ്റത്തവണ നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാകുന്നതിനായി ലക്ഷങ്ങളും കോടികളും വിലമതിക്കുന്ന ആഡംബര കാറുകൾ ടാക്സിയായി രജിസ്റ്റർ ചെയ്ത് സാധാരണ ടാക്സികളുടെ നിരക്കിൽ തുച്ഛമായ വാർഷിക ടാക്സ്

അടച്ച് സ്വകാര്യ ആവശ്യത്തിനായി ഉപയോഗിക്കുന്നതിന്റെ ഫലമായി സർക്കാരിന് വൻതോതിൽ നികുതിനഷ്ടം ഉണ്ടാകുന്നുണ്ട്. ടാക്സികളുടെ നികുതി ദേശവ്യാപകമായി ഏകീകരിക്കണമെന്നും ഏറ്റവും കുറഞ്ഞത് വാഹനവിലയുടെ അടിസ്ഥാനത്തിൽ ഒറ്റത്തവണ നികുതിയായി ചുമത്തണമെന്നും കേന്ദ്രസർക്കാർ നിരന്തരം ആവശ്യപ്പെട്ട തനുസരിച്ചും നികുതിവെട്ടിപ്പ് തടയുന്നതിനുമായി 1500 സി.സി.യിൽ കൂടുതൽ ക്യുബിക് കപ്പാസിറ്റിയുള്ള ടാക്സികളെ ലക്ഷ്വറി ടാക്സി എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുവാനും അത്തരം പഴയ ലക്ഷ്വറി കാറുകളുടെ ത്രൈമാസ നികുതി 1500 രൂപയായി നിജപ്പെടുത്തുവാനും എല്ലാത്തരം പുതിയ ടാക്സികാറുകൾക്കും താഴെപ്പറയുന്ന നിരക്കിൽ 15 വർഷത്തേയ്ക്ക് ഒറ്റത്തവണ നികുതി ഏർപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു.

| | |
|---|---|
| 1500 സി.സി. യിൽ കുറവ് ക്യുബിക് കപ്പാസിറ്റിയുള്ള പുതിയ മോട്ടോർ ക്യാബുകൾക്ക് 10 ലക്ഷം രൂപവരെ വാങ്ങൽ വിലയുള്ള പുതിയ ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്കും | വാങ്ങൽവിലയുടെ 7% |
| ഇറക്കുമതി ചെയ്ത 1500 സി.സി. യിൽ കുറവ് ക്യുബിക് കപ്പാസിറ്റിയുള്ള പുതിയ മോട്ടോർ ക്യാബുകൾക്കും 10 ലക്ഷം രൂപയ്ക്ക് മുകളിൽ വാങ്ങൽ വിലയുള്ള പുതിയ ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്കും | വാങ്ങൽവിലയുടെ 13% |
| 1500 സി.സി.യിൽ കുറവ് ക്യുബിക് കപ്പാസിറ്റിയുള്ള 10 ലക്ഷത്തിനുമുകളിൽ ടൂറിസ്റ്റ് മോട്ടോർക്യാബുകൾക്കും 15 ലക്ഷം രൂപ വരെ വിലവരുന്ന ലക്ഷ്വറി ടാക്സികൾക്കും | വാങ്ങൽവിലയുടെ 12% |
| ഇറക്കുമതി ചെയ്ത 1500 സി.സി.യിൽ കുറവ് ക്യുബിക് കപ്പാസിറ്റിയുള്ള 10 ലക്ഷം രൂപയ്ക്കു മുകളിൽ വിലയുള്ള ടൂറിസ്റ്റ് മോട്ടോർക്യാബുകളും 15 ലക്ഷം രൂപവരെ വിലവരുന്ന ലക്ഷ്വറി ടാക്സികൾക്കും | വാങ്ങൽവിലയുടെ 22% |
| 15 ലക്ഷം രൂപയ്ക്കു മുകളിൽ വിലവരുന്ന ലക്ഷ്വറി ടാക്സികൾ | വാങ്ങൽവിലയുടെ 17% |
| ഇറക്കുമതി ചെയ്ത 15 ലക്ഷം രൂപയ്ക്ക് മുകളിൽ വിലവരുന്ന ലക്ഷ്വറി ടാക്സികൾ | വാങ്ങൽവിലയുടെ 33% |

ഇതനുസരിച്ച് സർക്കാരിന് ഈ വർഷം 80 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു.

334. നിലവിലുള്ള മോട്ടോർ ക്യാബുകൾക്കും ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്കും Lumpsum Tax ഏർപ്പെടുത്തൽ

കഴിഞ്ഞ 17 വർഷങ്ങളായി ടാക്സി കാറുകളുടെ നികുതിനിരക്കിൽ യാതൊരു വർദ്ധനവും വരുത്തിയിട്ടില്ല. ഇത്തരം വാഹനങ്ങളുടെ വാർഷിക നികുതിയിൽ അൽപം വർദ്ധനവ് വരുത്തി താഴെപ്പറയുന്ന തരത്തിൽ Lumpsum ടാക്സ് സമ്പ്രദായം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

| | |
|---|---|
| മോട്ടോർ ക്യാബുകൾ | 5 വർഷത്തേയ്ക്ക് 7000 രൂപ |
| ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾ | 5 വർഷത്തേയ്ക്ക് 8500 രൂപ |
| ലക്ഷ്വറി ടാക്സികൾ | 2 വർഷത്തേയ്ക്ക് 12000 രൂപ |

മേൽ ഭേദഗതിയിലൂടെ സർക്കാർ ഈ വർഷം 32 കോടി രൂപ മുൻകൂർ വരുമാനം പ്രതീക്ഷിക്കുന്നു.

335. ഓട്ടോറിക്ഷകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള Lumpsum Tax വർദ്ധിപ്പിക്കലും എല്ലാ ഓട്ടോറിക്ഷകൾക്കും ഇത് ബാധകമാക്കലും.

കഴിഞ്ഞ 17 വർഷക്കാലമായി പല പ്രാവശ്യം ഓട്ടോറിക്ഷാ യാത്രക്കൂലിയിൽ വർദ്ധനവ് വരുത്തിയിരുന്നെങ്കിലും അവയുടെ നികുതി വർദ്ധിപ്പിച്ചിരുന്നില്ല. മാത്രമല്ല പുതിയ ഓട്ടോറിക്ഷകൾക്ക് 5 വർഷത്തേയ്ക്ക് Lumpsum Tax നിർബന്ധമാക്കിയിരുന്നെങ്കിലും പഴയ ഓട്ടോറിക്ഷകൾക്ക് ഇത് നിർബന്ധമാക്കിയിരുന്നില്ല. ആയതിനാൽ പുതിയ ഓട്ടോറിക്ഷകളെപ്പോലെ തന്നെ പഴയവയ്ക്കും Lumpsum Tax നിർബന്ധമാക്കുവാനും അവയുടെ Lumpsum Tax 5 വർഷത്തേയ്ക്ക് 2000 രൂപയിൽ നിന്നും 2500 രൂപയായി ഉയർത്തുവാനും ഉദ്ദേശിക്കുന്നു. നിലവിൽ പെട്രോൾ ഓട്ടോറിക്ഷകൾക്ക് ദിവസം 1 രൂപ 32 പൈസ എന്ന നിരക്കിലും ഡീസൽ ഓട്ടോറിക്ഷകൾക്ക് 1 രൂപ 42 പൈസ എന്ന നിരക്കിലും ടാക്സ് അടച്ചുകൊണ്ടിരിക്കുന്ന സ്ഥാനത്ത് ദിവസേന 1 രൂപ 37 പൈസ നിരക്കിൽ മാത്രമേ നൽകേണ്ടതായി വരികയുള്ളൂ.

ഇതനുസരിച്ച് 25 കോടി രൂപയുടെ വരുമാനം സർക്കാർ പ്രതീക്ഷിക്കുന്നു.

336. ആഡംബര ബൈക്കുകളുടെ നികുതി വർദ്ധിപ്പിക്കൽ

ഒരു ലക്ഷത്തിന് മുകളിൽ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ നികുതി വാങ്ങൽ വിലയുടെ 10 ശതമാനം എന്ന നിരക്കിലും ഇറക്കുമതി ചെയ്യുന്ന മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ നികുതി 22 ശതമാനമെന്ന നിരക്കിലും നികുതി ഈടാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

ഇതനുസരിച്ച് 4 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

337. ക്യാരവാൻ / ക്യാമ്പർ വാനുകൾക്ക് പുതിയ നികുതിഘടന

ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്യാരാവാൻ/ ക്യാമ്പർ വാനുകൾ ധാരാളമായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്നുണ്ടെങ്കിലും ഇവയ്ക്ക് വളരെ തുച്ഛമായ നിരക്കിലുള്ള ടാക്സ് മാത്രമേ ഈടാക്കുന്നുള്ളൂ. ഇത്തരം വാഹനങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണത്തിന്റെ (ഫ്ളോർ ഏരിയ) അടിസ്ഥാനത്തിൽ ഓരോ സ്ക്വയർ മീറ്ററിനും 1000 രൂപ നിരക്കിൽ ത്രൈമാസ നികുതി ചുമത്തുവാൻ ഉദ്ദേശിക്കുന്നു.

ഇതിലൂടെ സർക്കാരിന് ഈ വർഷം 10 ലക്ഷം രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

338. ജനറേറ്റർ വാനുകൾക്ക് പുതുക്കിയ നികുതി ഏർപ്പെടുത്തൽ

2004-ലെ കേന്ദ്രസർക്കാരിന്റെ നോട്ടിഫിക്കേഷൻ പ്രകാരം ജനറേറ്റർ വാനുകളെ നോൺ ട്രാൻസ്പോർട്ട് വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അടുത്ത കാലത്തായി ചരക്കുവാഹനങ്ങളിൽ ജനറേറ്റർ ഘടിപ്പിച്ച് നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളായി മാറ്റുന്നതിന്റെ ഫലമായി നികുതിനഷ്ടം സംഭവിച്ചു കൊണ്ടിരിക്കുകയാണ്. ഇതൊഴിവാക്കുന്നതിനായി ജനറേറ്റർ

വാനുകൾക്കും റിഗ്ഗ്/ കംപ്രസ്സർ തുടങ്ങിയ വാഹനങ്ങൾക്കും താഴെപ്പറയുന്ന പ്രകാരം ത്രൈമാസ നികുതി നിരക്ക് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

| | | |
|---|---|---|
| ജനറേറ്റർ വാൻ/ കംപ്രസർ/ റിഗ്ഗ് | ലൈറ്റ് മോട്ടോർ വാഹനം | 1000 രൂപ |
| | മീഡിയം മോട്ടോർ വാഹനം | 1500 രൂപ |
| | ഹെവി മോട്ടോർ വാഹനം | 2000 |

ഇതിലൂടെ സർക്കാരിന് ഈ വർഷം 25 ലക്ഷം രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

339. ആഡംബര കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് പുതുക്കിയ നികുതി

പുഷ്ബാക്ക് സീറ്റുകൾ ഉള്ളതും സ്ലീപ്പർ ബെർത്ത് ഉള്ളതുമായ ധാരാളം ആഡംബര കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾ സംസ്ഥാനത്തിനകത്തും സംസ്ഥാനത്തിന് പുറത്തേക്കും സർവീസ് നടത്തിവരുന്നുണ്ട്. ഇത്തരം വാഹനങ്ങൾക്കും സാധാരണ കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ നികുതിയാണ് ഈടാക്കിവരുന്നത്. മാത്രമല്ല പുഷ്ബാക്ക്/ സ്ലീപ്പർ ബെർത്തുകൾ ഘടിപ്പിക്കുന്നതുവഴി ഇരിപ്പിടങ്ങളുടെ എണ്ണം കുറയുകയും സർക്കാരിന് ലഭിക്കേണ്ടതായ നികുതി വരുമാനത്തിൽ കുറവ് അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. ആയതിനാൽ ഇത്തരം വാഹനങ്ങൾക്ക് താഴെപ്പറയുന്ന നിരക്കിൽ ത്രൈമാസ നികുതി ഈടാക്കുവാൻ ഉദ്ദേശിക്കുന്നു.

| | | |
|---|---|---|
| കേരളത്തിനുള്ളിൽ സർവീസ് നടത്തുന്ന പുഷ്ബാക്ക്/ സ്ലീപ്പർ സംവിധാനമുള്ള 7 സീറ്റിൽ കൂടുതൽ ഉള്ള കോൺട്രാക്ട് കാര്യേജുകൾ | പുഷ്ബാക്ക് സീറ്റ് | സീറ്റൊന്നിന് 1000 രൂപ |
| | സ്ലീപ്പർ ബർത്ത് | സീറ്റൊന്നിന് 2000 രൂപ |
| കേരളത്തിന് പുറത്തേയ്ക്ക് സർവീസ് നടത്തുന്ന പുഷ്ബാക്ക് സീറ്റ് / സ്ലീപ്പർ ബർത്ത് സംവിധാനമുള്ള 7 സീറ്റിൽ കൂടുതൽ ഉള്ള ഇന്റർസ്റ്റേറ്റ് കോൺട്രാക്ട് കാര്യേജുകൾ | പുഷ്ബാക്ക് സീറ്റ് | സീറ്റൊന്നിന് 2000 രൂപ |
| | സ്ലീപ്പർ ബർത്ത് | സീറ്റൊന്നിന് 3000 രൂപ |

ഈ ഭേദഗതി അനുസരിച്ച് സർക്കാരിന് ഈ വർഷം ഒരു കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു.

**340. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ നികുതി പരിഷ്കരിക്കൽ**

കേരളത്തിൽ രജിസ്റ്റർ ചെയ്ത് മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 88 ലെ 8-ഉം 9-ഉം ഉപവകുപ്പുകൾ പ്രകാരം പെർമിറ്റ് എടുത്ത് അന്യസംസ്ഥാനത്തേക്ക് സർവീസ് നടത്തുന്ന കോൺട്രാക്ട് കാര്യേജുകൾ വാഹനങ്ങൾക്ക് കേരളം ഇതേ തരത്തിലുള്ള അന്യ സംസ്ഥാന വാഹനങ്ങൾക്ക് ഈടാക്കുന്ന നികുതിയേക്കാൾ, അധിക നികുതിയാണ് അന്യസർക്കാരുകൾ ഈടാക്കി വരുന്നത്. ആയതിനാൽ അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിലേക്ക് പ്രവേശിക്കുന്ന കോൺട്രാക്ട് കാര്യേജുകൾ വാഹനങ്ങളുടെ ത്രൈമാസ നികുതി താഴെപ്പറയുന്ന നിരക്കിൽ ഈടാക്കുവാൻ ഉദ്ദേശിക്കുന്നു.

| | |
|---|---|
| ഓർഡിനറി കോൺട്രാക്ട് കാര്യേജുകൾ | സീറ്റൊന്നിന് 4000 രൂപ |
| 7 സീറ്റിൽ കൂടുതലുള്ളതും പുഷ്ബാക്ക് സീറ്റുകളുള്ളതുമായ കോൺട്രാക്ട് കാര്യേജുകൾ | സീറ്റൊന്നിന് 6000 രൂപ |
| 7 സീറ്റിൽ കൂടുതലുള്ളതും സ്ലീപ്പർ ബർത്ത് ഉള്ളതുമായ കോൺട്രാക്ട് കാര്യേജുകൾ | സീറ്റൊന്നിന് 7000 രൂപ |

ഈ പുതുക്കിയ നിരക്കും അന്യസംസ്ഥാന നിരക്കുകളെക്കാൾ കുറവാണ്. മേൽപ്പറഞ്ഞ ഭേദഗതിയിലൂടെ സർക്കാരിന് 2 കോടി രൂപയുടെ അധികവരുമാനം ലഭിക്കുന്നതാണ്.

341. നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങൾക്ക് അഡിഷണൽ ടാക്സിനോടൊപ്പം 12% പലിശ ഈടാക്കൽ.

ഇപ്പോൾ മോട്ടോർവാഹന നികുതി കുടിശ്ശികയായി 254 കോടിയോളം രൂപ പിരിഞ്ഞു കിട്ടാനുണ്ട്. വർഷങ്ങളോളം നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള വാഹനങ്ങൾക്ക് ടാക്സ് അടയ്ക്കുമ്പോൾ അല്ലെങ്കിൽ റവന്യൂറിക്കവറി നടപടികൾ സ്വീകരിക്കുമ്പോൾ നിലവിൽ പരമാവധി 50 ശതമാനം അഡിഷണൽ ടാക്സ് മാത്രമേ ഈടാക്കുന്നുള്ളൂ. ഇത്തരം വാഹനങ്ങൾ 6 മാസത്തിൽ കൂടുതൽ കാലയളവിലേക്ക് കുടിശ്ശിക വരുത്തുകയാണെങ്കിൽ അവയിൽ നിന്നും അഡിഷണൽ ടാക്സിനോടൊപ്പം 12 ശതമാനം പലിശയും കൂടി ഈടാക്കുവാൻ ഉദ്ദേശിക്കുന്നു. എന്നാൽ ഇത്തരത്തിൽ ഈടാക്കുന്ന പലിശ അടയ്ക്കേണ്ട നികുതിയേക്കാൾ കൂടുതൽ ഈടാക്കാൻ പാടില്ല.

മേൽപ്പറഞ്ഞ ഭേദഗതിയിലൂടെ സർക്കാരിന് ഈ വർഷം 1 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## വാണിജ്യനികുതി വകുപ്പ്

### നികുതി നിർദ്ദേശങ്ങൾ

342. കേരളത്തിൽ നിലവിൽ ബിയർ, വൈൻ എന്നിവ ഒഴികെയുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് 105 ശതമാനവും ബിയർ, വൈൻ എന്നിവയ്ക്ക് 50 ശതമാനവും ആണ് നികുതി. അബ്കാരി നയത്തിനനുസൃതമായി, കേരളത്തിൽ മദ്യത്തിന്റെ ലഭ്യതയും അമിതമായ ഉപഭോഗവും നിയന്ത്രിക്കുന്നതിനു വേണ്ടി, സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യാജമദ്യം നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തന തന്ത്രത്തിന് സഹായകമാകുംവിധം, വളരെ മിതമായ വിലയിലുള്ള മദ്യം വിപണിയിൽ ലഭിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഇതിന് അനുയോജ്യമായ നടപടി എന്ന നിലയിൽ ഒരു കെയ്സിന് 400 രൂപയോ അതിൽ കൂടുതലോ ബിവറേജസ് കോർപ്പറേഷൻ വാങ്ങൽവില നൽകുന്ന

വിദേശമദ്യത്തിന്റെ നികുതി നിരക്ക് 10 ശതമാനം ഉയർത്തുന്നതാണ്. ഈ നടപടിയിലൂടെ 400 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

343. തുണിത്തരങ്ങളിൻമേൽ ഉണ്ടായിരുന്ന വിൽപന നികുതി നിരോധനം കേന്ദ്രം അവരുടെ അഡിഷണൽ എക്സൈസ് ഡ്യൂട്ടി പിൻവലിച്ചതോടെ അവസാനിച്ചിരിക്കുന്നു. പൊതുജനങ്ങൾക്ക് യാതൊരു നികുതിബാദ്ധ്യതയും ഉണ്ടാക്കാതെ ഒരു കോടി രൂപയ്ക്ക് മേൽ ടെക്സ്റ്റയിൽസ് ഇനങ്ങളുടെ വിറ്റുവരവുള്ള വ്യാപാരസ്ഥാപനങ്ങളുടെ റെഡിമെയ്ഡ് ഒഴികെയുള്ള ടെക്സ്റ്റയിലുകളുടെ വിറ്റുവരവിന്മേൽ 2 ശതമാനം ടേൺ ഓവർ ടാക്സ് ചുമത്തുന്നതാണ്. ഈ നികുതി ഉപഭോക്താക്കളിൽ നിന്നു പിരിക്കാതെ വ്യാപാരികൾ അവരുടെ ലാഭത്തിൽ നിന്നുമാണ് അടയ്ക്കേണ്ടത്. ഇതിൽ നിന്നും 100 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

344. പേപ്പർ ലോട്ടറികളുടെ നറുക്കെടുപ്പിന്മേലുള്ള നികുതി സാധാരണ നറുക്കെടുപ്പുകൾക്ക് നിലവിലെ 30 ലക്ഷം രൂപയിൽ നിന്ന് 50 ലക്ഷം രൂപയായും ബമ്പർ നറുക്കെടുപ്പുകളുടേത് 60 ലക്ഷം രൂപയിൽ നിന്ന് ഒരു കോടിരൂപയായും ഉയർത്തുന്നു. ഇതിൽ നിന്നും 100 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

345. നാളികേര കർഷകരെ സഹായിക്കാനായി വെളിച്ചെണ്ണയിൽ നിന്നുള്ള നികുതി ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ 2011-ലെ ബഡ്ജറ്റിൽ ഞാൻ എല്ലാ വിഭാഗം ഭക്ഷ്യ എണ്ണകളുടേയും നികുതിനിരക്ക് 4 ശതമാനത്തിൽ നിന്നും ഒരു ശതമാനമായി കുറവു ചെയ്യുകയുണ്ടായി. ഇതിനെത്തുടർന്ന് വെളിച്ചെണ്ണയുടെ വ്യാപാരത്തിൽ മാന്ദ്യമുണ്ടായി. കേരകർഷകരുടെ താൽപര്യം സംരക്ഷിക്കുന്നതിനായി വെളിച്ചെണ്ണ ഒഴികെയുള്ള എല്ലാ ഭക്ഷ്യഎണ്ണകളുടേയും നികുതി ഒരു ശതമാനത്തിൽ നിന്നും 5 ശതമാനമായി ഉയർത്തുന്നതാണ്. ഇതിൽനിന്നും 80 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

346. അൺ ഇന്ററപ്റ്റഡ് പവർ സപ്ലൈ സിസ്റ്റത്തിന് (യു.പി.എസ്) നിലവിൽ 5 ശതമാനം നികുതിയും ഇൻവെർട്ടറുകൾക്ക് 14.5 ശതമാനം നികുതിയുമാണ്. എന്നാൽ ഇൻവെർട്ടറുകൾ യു.പി.എസ്. സംവിധാനമായി ബിൽ ചെയ്ത് വൻതോതിൽ നികുതിവെട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു പരിഗണിച്ച് എല്ലാത്തരം യു.പി.എസുകളുടേയും ഇൻവെർട്ടറുകളുടേയും നികുതി 14.5 ശതമാനമായി ഏകീകരിക്കുന്നതാണ്. ഇതിൽ നിന്നും 6 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

347. മുന്തിയ കെട്ടിടങ്ങൾ, പാർപ്പിട സമുച്ചയങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയുടെ സൗന്ദര്യവത്കരണത്തിനും ആഡംബരത്തിനുമായി ഉപയോഗിക്കുന്ന അലുമിനിയം കോമ്പോസിറ്റു പാനലിന്റെ നികുതി 14.5 ശതമാനമായി ഉയർത്തുന്നതാണ്. ഇതിലൂടെ 5 കോടി രൂപ അധികവരുമാനം പ്രതീക്ഷിക്കുന്നു.

348. ബഹുരാഷ്ട്ര ബ്രാൻഡുകളുടെ കീഴിൽ നിരവധി റെസ്റ്റോറന്റുകളിൽ, ഭക്ഷണ സാധനങ്ങൾ ഉയർന്ന നിരക്കിൽ വിൽക്കുകയും സാധാരണ ഹോട്ടലുകൾക്ക് വേണ്ടിയുള്ള 0.5 ശതമാനം എന്ന കുറഞ്ഞ കോമ്പൗണ്ടിംഗ് നിരക്കിന്റെ ആനുകൂല്യം പറ്റുകയും ചെയ്യുന്നു. അത്തരം സ്ഥാപനങ്ങൾ വിൽക്കുന്ന ഭക്ഷണം സാധാരണക്കാരനെ ഉദ്ദേശിച്ചിട്ടുള്ളതല്ല. ഈ വസ്തുത കണക്കിലെടുത്ത് ട്രേഡ് മാർക്സ് ആക്ടിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ബ്രാൻഡ് നെയിം എക്സ്ക്ലൂസീവായി ഉപയോഗിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക്, റെസ്റ്റോറന്റുകൾക്ക് ബാധകമായിട്ടുള്ള കോമ്പൗണ്ടിംഗ് വ്യവസ്ഥയുടെ ആനുകൂല്യം ലഭിക്കുകയില്ല എന്നു നിയമത്തിൽ വ്യക്തമാക്കുന്നതാണ്. ഇവർ ഷെഡ്യൂൾഡ് നിരക്കിൽ നികുതി ഒടുക്കേണ്ടതാണ്. കൂടാതെ കോമ്പൗണ്ടഡ് നികുതി അടയ്ക്കുന്നവർക്ക് സംസ്ഥാനത്തിനു പുറത്തുനിന്ന് ക്യാപിറ്റൽ ഗുഡ്സോ, പാക്കിംഗ് മെറ്റീരിയൽസോ ഒഴിച്ചുള്ള സാധനങ്ങളുടെ പർച്ചേസ് നടത്തിയാൽ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ

നിന്ന് പുറത്ത് പോകുന്നതാണ്. ഇതിൽ നിന്നും 10 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

349. സർവീസ് അപ്പാർട്ട്മെന്റുകൾ ദിവസ വാടകയ്ക്ക് നൽകുക എന്ന പ്രവണത കേരളത്തിൽ വ്യാപകമായിട്ടുണ്ട്. ഹോട്ടലുകൾക്ക് സമാനമായ പ്രവർത്തനരീതിയാണ് ഇവരും അവലംബിക്കുന്നത്. എന്നാൽ ഇപ്പോഴത്തെ നിയമപ്രകാരം ഇവർ ആഡംബര നികുതിയുടെ പരിധിയിൽ വരുന്നതല്ല. ഇവരെയും ആഡംബരനികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതും 12.5 ശതമാനം നികുതി ചുമത്തുന്നതുമാണ്.

350. മെറ്റൽ ഉൽപാദിപ്പിക്കുന്ന മെറ്റൽ ക്രഷർ യൂണിറ്റുകൾക്ക് അതിനുപയോഗിക്കുന്ന യന്ത്രസാമഗ്രിയുടെ വായ്‌വട്ടത്തെ ആസ്പദമാക്കി നികുതി അടയ്ക്കാൻ കോമ്പൗണ്ടിംഗ് വ്യവസ്ഥ നിലവിലുണ്ട്. ഇത്തരം കോമ്പൗണ്ടിംഗ് വ്യവസ്ഥ നടപ്പിലാക്കിയതിനുശേഷം മെറ്റലിന്റെ ഉത്പാദനത്തിലും വിലയിലും ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ടെങ്കിലും അതിനനുസൃതമായ വർദ്ധനവ് കോമ്പൗണ്ടിംഗ് നികുതിയിൽ വരുത്തിയിട്ടില്ല. ഇതെല്ലാം പരിഗണിച്ച് മെറ്റൽ ക്രഷിംഗ് യൂണിറ്റുകളുടെ കോമ്പൗണ്ടിംഗ് നികുതിനിരക്ക് കാലോചിതമായി താഴെപ്പറയുംപ്രകാരം പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു.

30.48 cm x 22.86 cm ൽ കൂടുതൽ വായ്‌വട്ടമില്ലാത്ത ക്രഷറുകളുടെ നികുതി നിരക്ക് 1,20,000 രൂപയായി ഉയർത്തുന്നു. 30.48 cm x 22.86 cm ൽ കൂടുതൽ വായ് വട്ടമുള്ളതും 40.46 cm x 25.46 cm ൽ കവിയാത്തതുമായ ക്രഷറുകളുടെ നികുതി നിരക്ക് 4,80,000 രൂപയായി ഉയർത്തുന്നു. അതിനുമുകളിൽ വായ്‌വട്ടമുള്ള ക്രഷറുകൾക്ക് 9,60,000 രൂപയായി ഉയർത്തുന്നു. കോൺക്രഷറുകളുടെ നിലവിലുള്ള കോമ്പൗണ്ടഡ് നികുതി 54 ലക്ഷം രൂപയായി ഉയർത്തുന്നതാണ്.

എന്നാൽ ഒറ്റ ക്രഷിംഗ് മെഷീൻ മാത്രമുള്ള ആദ്യ രണ്ടു വിഭാഗത്തിൽപ്പെടുന്ന ക്രഷിംഗ് യൂണിറ്റുകളുടെ നിലവിലുള്ള

കോമ്പൗണ്ടിംഗ് നികുതിനിരക്കിൽ യാതൊരു മാറ്റവും വരുത്തുന്നതല്ല. ഈ നികുതിപരിഷ്കാരത്തിൽ നിന്നും 100 കോടിയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

**നികുതിനിരക്ക് യുക്തിസഹമാക്കൽ**

351. നിലവിലെ വർക്സ് കോൺട്രാക്ടർമാരുടെ കോമ്പൗണ്ടഡ് നികുതി ഘടനയിൽ നികുതിഭരണ നിർവഹണത്തെ സംബന്ധിച്ച പ്രശ്നങ്ങളും, നികുതിചോർച്ചയ്ക്കുള്ള പഴുതുകളും ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇവ വർക്സ് കോൺട്രാക്ടിൽ നിന്നുള്ള നികുതിയേയും നിർമ്മാണവസ്തുക്കളുടെ നികുതിയേയും പൊതുവേ ദോഷകരമായി ബാധിക്കുന്നതായി അക്കൗണ്ടന്റ് ജനറലും നിരീക്ഷിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി, ഇവരുടെ കോമ്പൗണ്ടിംഗ് സംവിധാനം പുനഃക്രമീകരിക്കാനുദ്ദേശിക്കുന്നു. സി.എസ്.ടി. രജിസ്ട്രേഷനുള്ള കോൺട്രാക്ടർമാർ അവരുടെ ആകെ കോൺട്രാക്ട് തുകയുടെ 6 ശതമാനം നികുതി നൽകേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നതാണ്. ഗവൺമെന്റ് കോൺട്രാക്ടുകൾക്ക് സി.എസ്.ടി. ഉള്ളവർക്ക് 4 ശതമാനം നികുതി തുടരുന്നതാണ്. എന്നാൽ കോമ്പൗണ്ടഡ് വ്യവസ്ഥയിൽ നികുതി ഒടുക്കുന്നവർ രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികളിൽ നിന്നും വാങ്ങുന്ന സാധനങ്ങൾക്ക് വാങ്ങൽ നികുതി നൽകേണ്ടതാണെന്നും നിഷ്കർഷിക്കുന്നതാണ്.

352. പാറ പൊടിച്ച് നിർമ്മിക്കുന്ന manufactured sand എന്ന പുതിയ ഉൽപന്നം നിർമ്മാണ പ്രവർത്തനങ്ങളിൽ ആറ്റുമണലിന്റെ ദൗർലഭ്യത്തെത്തുടർന്ന് വ്യാപകമായി ഉപയോഗിച്ചുവരുന്നു. നിലവിലുള്ള കോമ്പൗണ്ടിംഗ് നിയമപ്രകാരം മെറ്റൽ ഉണ്ടാക്കുന്ന ഉൽപാദന പ്രക്രിയയിൽ നിന്നും ലഭ്യമാകുന്ന ഉപ ഉത്പന്നമാണ് ക്വാറി ഡസ്റ്റ്. അതിന് ഇപ്പോൾ പ്രത്യേകമായി നികുതി നൽകേണ്ടതില്ല. ഈ വ്യവസ്ഥയുടെ പഴുതുപയോഗിച്ച് പ്രത്യേക യന്ത്രസാമഗ്രികൾ മുഖേന ധാരാളം ക്വാറി ഉടമകൾ manufactured sand ഉൽപാദിപ്പിക്കുകയും

നികുതി ഒഴിവ് ക്ലെയിം ചെയ്യുന്ന അവസ്ഥ സംജാതമാകുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം സർക്കാരിന് നികുതിനഷ്ടം ഉണ്ടാകുന്നുണ്ട്. ഇത് തടയുവാൻ manufactured sand ഉൽപാദിപ്പിക്കുന്ന യൂണിറ്റുകൾക്ക് കൂടി കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കുവാൻ പ്രത്യേക വ്യവസ്ഥ കൊണ്ടുവരാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രായോഗികതയെപ്പറ്റി പഠിക്കുന്നതിനായി വാണിജ്യനികുതി വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു പ്രത്യേക സമിതി രൂപീകരിച്ചിരുന്നു. അവരുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത്തരം മണൽ ഉൽപാദിപ്പിക്കുന്നതിനായി ഉപയോഗിക്കുന്ന vertical shaft impacter/ horizontal shaft impacter എന്ന യന്ത്രസാമഗ്രിയുടെ ഉൽപാദനക്ഷമതയുടെ അടിസ്ഥാനത്തിൽ 5 വിഭാഗങ്ങളായി തിരിച്ച് താഴെപ്പറയുന്ന നിരക്കിൽ വാർഷികമായി കോമ്പൗണ്ടിംഗ് നികുതി ഈടാക്കുന്നതാണ്.

1. മണിക്കൂറിൽ 50 മെട്രിക് ടൺ ഉൽപാദനക്ഷമതയുള്ളതിന്- 25 ലക്ഷം രൂപ
2. മണിക്കൂറിൽ 50 മെട്രിക് ടൺ ന് മുകളിൽ 100 മെട്രിക് ടൺ വരെ- 45 ലക്ഷം രൂപ
3. മണിക്കൂറിൽ 100 മെട്രിക് ടൺ ന് മുകളിൽ 150 മെട്രിക് ടൺ വരെ- 65 ലക്ഷം രൂപ
4. മണിക്കൂറിൽ 150 മെട്രിക് ടൺ ന് മുകളിൽ 200 മെട്രിക് ടൺ വരെ- 90 ലക്ഷം രൂപ
5. മണിക്കൂറിൽ 200 മെട്രിക് ടൺ ന് മുകളിൽ- 1.40 കോടി രൂപ

കൂടാതെ manufactured sand ന്റെ ഷെഡ്യൂൾഡ് നികുതി നിരക്ക് 14.5 ശതമാനമായി ഉയർത്തുന്നതാണ്. ഇതിൽ നിന്നും 40 കോടി രൂപയുടെ അധികനികുതി വരുമാനം പ്രതീക്ഷിക്കുന്നു.

353. ബാർ ഹോട്ടലുകൾക്ക് നിലവിലുള്ള ടേണോവർ ടാക്സ്, മദ്യത്തിന്റെ വിറ്റുവരവിന്റെ 10 ശതമാനമാണ്. 2 സ്റ്റാറും അതിന് താഴെയുമുള്ള ബാറുകളുടെ നിലവിലെ കോമ്പൗണ്ടിംഗ് നികുതി കണക്കാക്കുന്നതിന്റെ ഘടകങ്ങൾ തനതുവർഷത്തെ വാങ്ങൽവിലയിലെ നിശ്ചിതശതമാനം വർദ്ധനവിനെ അടിസ്ഥാനപ്പെടുത്തി അതിന്റെ 10 ശതമാനമോ, മുൻവർഷം അടച്ച നികുതിയുടെ നിശ്ചിതശതമാനം വർദ്ധനവോ, ഇവയിൽ ഏതാണോ കൂടുതൽ എന്നതിനെ അടിസ്ഥാനമാക്കിയാണ്. എന്നാൽ ഇത്തരം ഹോട്ടലുകൾ കോമ്പൗണ്ടിംഗ് നികുതിവ്യവസ്ഥയിൽ നിന്നും പിന്മാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരെ കോമ്പൗണ്ടിംഗ് സമ്പ്രദായത്തിൽ തന്നെ നിലനിർത്തുന്നതിനായി കോമ്പൗണ്ടിംഗ് ഘടനയിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തുന്നതാണ്.

ഇപ്പോൾ രണ്ടുഘടകങ്ങൾ പരിഗണിച്ച് തിട്ടപ്പെടുത്തുന്ന കോമ്പൗണ്ടിംഗ് നികുതി, കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ നിന്നും വാങ്ങുന്ന മദ്യത്തിന്റെ വാങ്ങൽവിലയുടെ അടിസ്ഥാനത്തിൽ മാത്രമാക്കി നിജപ്പെടുത്തുന്നതിനായി നിയമത്തിൽ യുക്തമായ ഭേദഗതികൾ കൊണ്ടുവരുന്നതാണ്. ഇതോടൊപ്പം തന്നെ നികുതിനിരക്കിൽ മുനിസിപ്പൽ കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, കന്റോൺമെന്റ് പ്രദേശങ്ങൾ, പഞ്ചായത്ത് എന്നിവ പരിഗണിച്ചുള്ള തരംതിരിവില്ലാതാക്കി ഇത് 160 ശതമാനമായി ഉയർത്തുന്നതാണ്. ത്രീസ്റ്റാർ ഹോട്ടലുകളുടെ കോമ്പൗണ്ടിംഗ് നിരക്ക് നിലവിലെ രീതിയിൽ തുടരുന്നതാണ്.

**നികുതി ഇളവുകൾ**

354. കഴിഞ്ഞ കൊല്ലം കാർഷികാദായ നികുതിയിൽ നിന്ന് കർഷകരെ പൂർണ്ണമായി ഒഴിവാക്കിയിരുന്നു. അതിന്റെ തുടർച്ചയായി തെങ്ങ്, കവുങ്ങ്, കുരുമുളക് എന്നിവ കൃഷിചെയ്യുന്ന കർഷകരേയും പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ വരുന്ന കമ്പനികൾ അല്ലാത്ത എല്ലാ കർഷകരേയും പ്ലാന്റേഷൻ നികുതി നൽകുന്നതിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കുന്നു.

355. സ്വർണ്ണാഭരണങ്ങളുടെ കോമ്പൗണ്ടിംഗ് നികുതി സമ്പ്രദായത്തിൽ ചില അശാസ്ത്രീയതകൾ നിലവിലുണ്ട്. ഇത് സബ്ജക്ട് കമ്മറ്റിയുടെ പരിഗണനയിൽ വരികയും സബ്ജക്ട് കമ്മറ്റിയുടെ ശുപാർശപ്രകാരം ഇത്തരം വിഷയങ്ങളെപ്പറ്റി വിശദമായി പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിനാൻസ് ആന്റ് ടാക്സേഷനെ ചുമതലപ്പെടുത്തി. അവർ നൽകിയ പഠനറിപ്പോർട്ടും അതിന്റെ അടിസ്ഥാനത്തിൽ സബ്ജക്ട് കമ്മറ്റി നൽകിയ ശുപാർശയും പരിഗണിച്ച് നിലവിലുള്ള കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിക്കുന്നു.

ആദ്യമായി കോമ്പൗണ്ട് ചെയ്യുന്നവർക്ക് നിലവിലെ വ്യവസ്ഥ തുടരുന്നതാണ്. സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച്, തുടർച്ചയായി 3 വർഷം, 5 വർഷം എന്നി കാലയളവുകൾക്കു മുകളിൽ, കോമ്പൗണ്ട് ചെയ്തവർക്ക് ഒരു കുറഞ്ഞനിരക്ക് വിറ്റുവരവ് സ്ലാബനുസരിച്ച് താഴെപ്പറയുംപ്രകാരം നിശ്ചയിക്കുന്നതാണ്. ഇതിൽപ്പെടാത്തവർക്ക് നിലവിലെ നിരക്കുകൾ തുടരുന്നതാണ്.

| കഴിഞ്ഞ വർഷത്തെ മൊത്തം വിറ്റ് വരവ് | അഞ്ച് കൊല്ലത്തിൽ കൂടുതൽ തുടർച്ചയായി കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നവർ | മൂന്ന് കൊല്ലത്തിൽ കൂടുതൽ തുടർച്ചയായി കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നവർ | മൂന്നോ അതിൽ താഴെയോ വർഷം കോമ്പൗണ്ടിംഗ് അടയ്ക്കുന്നവർ |
|---|---|---|---|
| 10 ലക്ഷത്തിന് മുകളിൽ 40 ലക്ഷം വരെ | കഴിഞ്ഞവർഷം അടച്ച നികുതിയുടെ 103 ശതമാനം | കഴിഞ്ഞവർഷം അടച്ച നികുതിയുടെ 104 ശതമാനം | കഴിഞ്ഞവർഷം അടച്ച നികുതിയുടെ 105 ശതമാനം |
| 40 ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ | കഴിഞ്ഞവർഷം അടച്ച നികുതിയുടെ 109 ശതമാനം | കഴിഞ്ഞവർഷം അടച്ച നികുതിയുടെ 112 ശതമാനം | കഴിഞ്ഞവർഷം അടച്ച നികുതിയുടെ 115 ശതമാനം |
| ഒരു കോടിയ്ക്ക് മുകളിൽ | കഴിഞ്ഞവർഷം അടച്ച നികുതിയുടെ 115 ശതമാനം | കഴിഞ്ഞവർഷം അടച്ച നികുതിയുടെ 120 ശതമാനം | കഴിഞ്ഞവർഷം അടച്ച നികുതിയുടെ 125 ശതമാനം |

മൊത്തം 10 ലക്ഷംരൂപ വരെ വിറ്റുവരവുള്ള കോമ്പൗണ്ട് നികുതിയടയ്ക്കുന്ന വ്യാപാരികൾക്ക് മുൻപറഞ്ഞ കാലപരിധിയില്ലാതെ വിറ്റുവരവിന്റെ ഒരു ശതമാനമായിരിക്കും കോമ്പൗണ്ടഡ് നികുതി.

ഇതിന് പുറമെ അവരുടെ വിറ്റുവരവിന്റെ മേൽപറഞ്ഞ നിശ്ചിത ശതമാനത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിയാണ് കോമ്പൗണ്ടഡ് നികുതിയെക്കാൾ കൂടുതലെങ്കിൽ അത് അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതാണ്. പുതുതായി തുടങ്ങുന്ന ബ്രാഞ്ചുകളെ പ്രത്യേക സ്ഥാപനമായി പരിഗണിച്ച് ഒരു വർഷം തുടർച്ചയായി വ്യാപാരമില്ലാത്തവരെ കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നതിന് അനുവദിക്കുന്നതല്ല. കൂടാതെ വാങ്ങൽ, വിൽപന എന്നിവ ഇല്ലാത്ത ബ്രാഞ്ചുകൾക്ക് കോമ്പൗണ്ടിംഗ് നികുതി ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല. വ്യാപാരം നിർത്തുന്ന ബ്രാഞ്ചുകളുടെ നികുതി ബാദ്ധ്യത പരിഗണിച്ച് അടുത്ത വർഷം അടയ്ക്കേണ്ടുന്ന കോമ്പൗണ്ടിംഗ് നികുതിയിൽ ആനുപാതികമായ കുറവ് നൽകുന്നതിനുള്ള വ്യവസ്ഥ നിയമത്തിൽ കൊണ്ടുവരും. കോമ്പൗണ്ടിംഗ് നികുതി നിശ്ചയിക്കുന്ന സ്ലാബ് സമ്പ്രദായം, മൊത്തം വിറ്റുവരവനുസരിച്ചായിരിക്കും എന്ന് സ്പഷ്ടമാക്കും. ഇതിനുപുറമേ വിറ്റുവരവുമായി ബന്ധപ്പെട്ട കോമ്പൗണ്ടിംഗ് നികുതിനിരക്ക്, വാറ്റ് നികുതിയുടെ പരിധിയിൽ വരുന്ന ടാക്സബിൾ ടേണോവറിനു മാത്രം ബാധകമായിരിക്കുമെന്ന് വ്യക്തമാക്കുന്നതാണ്. ഇത്തരം വ്യാപാരികൾക്ക് ഉപഭോക്താവിൽ നിന്ന് പിരിക്കാവുന്ന നികുതി അവർ അടയ്ക്കേണ്ട കോമ്പൗണ്ടഡ് നികുതിയുടെ നിരക്കനുസരിച്ച് പരിമിതപ്പെടുത്തും. ഈ വ്യവസ്ഥകൾക്ക് 01.04.2013 മുതൽ മുൻകാല പ്രാബല്യം നൽകുന്നതും ഇതിൻപ്രകാരം നികുതിയടക്കാൻ ഓപ്ഷന് അവസരം നൽകുന്നതുമാണ്. ഇതുമൂലം 25 കോടി രൂപയുടെ നികുതി നഷ്ടം പ്രതീക്ഷിക്കുന്നു. സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തതുപോലെ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ ഉൾപ്പെടാത്തവരും ഒരു നിശ്ചിത വിറ്റുവരവുമുള്ള സ്വർണ്ണവ്യാപാരികൾക്ക് ഓൺലൈൻ ഇൻവോയ്സ് സമ്പ്രദായം കൊണ്ടുവരുന്നതിന്റെ പ്രായോഗികതയെപ്പറ്റി പഠിച്ച് തീരുമാനമെടുക്കുന്നതാണ്.

356. പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തിക സഹായം നൽകുന്നതിനുവേണ്ടി കഴിഞ്ഞ വർഷത്തെ ബജറ്റിൽ കല്യാണമണ്ഡപങ്ങളിലും, ഹോട്ടലുകളിലും വച്ച് നടത്തുന്ന കല്യാണങ്ങൾക്കും അനുബന്ധ ചടങ്ങുകൾക്കും മംഗല്യനിധി സെസ്സ് ഏർപ്പെടുത്തുകയുണ്ടായി. ഇതിനെപ്പറ്റി ചില പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ഒരു കല്യാണത്തിന് ഒന്നിൽ കൂടുതൽ അനുബന്ധ ചടങ്ങുകൾ നടത്തിയാൽ എല്ലാത്തിനും മംഗല്യനിധി, സെസ്സ് വരുമെന്നുള്ളതാണ് പരാതി. ഡൈനിംഗ് ഹാൾ ഉൾപ്പെടെ 500 സീറ്റുണ്ടെങ്കിൽ മംഗല്യനിധി സെസ്സ് നൽകേണ്ടിവരുന്നത് കല്യാണങ്ങൾ ചെറിയ തോതിൽ നടത്തുന്നവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പരാതികൾ ഒഴിവാക്കുന്നതിനായി യുക്തമായ മാറ്റങ്ങൾ നിയമത്തിൽ വരുത്തുന്നതാണ്.

357. എൽ.പി.ജി. സിലിണ്ടറുകൾക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കിയതിനാൽ ഉപഭോക്താക്കൾക്ക്, തങ്ങൾക്ക് ലഭിക്കുന്ന സബ്സിഡി തുകയിന്മേലും മൂല്യവർദ്ധിത നികുതിബാദ്ധ്യത ഉണ്ടാകുന്നു. ഉപഭോക്താക്കൾക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി, 2014 ജനുവരി 1 മുതൽ മുൻകാല പ്രാബല്യത്തോടെ സബ്സിഡി തുകയിന്മേലുള്ള മൂല്യവർദ്ധിത നികുതി ഒഴിവാക്കുന്നതിന് നിയമത്തിൽ അനുയോജ്യമായ ഭേദഗതി വരുത്തും. ഈ നടപടി വഴി ഒരു സിലിണ്ടറിന് 41.32 രൂപയുടെ വിലക്കുറവ് ഉപഭോക്താവിന് ലഭിക്കുന്നതാണ്. ഇതിലൂടെ സർക്കാരിന് ലഭിക്കേണ്ടിയിരുന്ന അധികനികുതിയായ 287 കോടിരൂപ വേണ്ടെന്നു വയ്ക്കുകയാണ്.

358. ചരക്കുനീക്കത്തിന് ചെലവ് കുറഞ്ഞ ഒരു മാർഗ്ഗമാണ് തീരദേശ ചരക്കുഗതാഗതം. തുറമുഖങ്ങൾ ഉള്ള കേരളത്തിന് ഇത് പ്രത്യേകിച്ചും ഗുണകരമാണ്. ഇത് പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഇത്തരം കപ്പലുകളിൽ ഇന്ധനമായി ഉപയോഗിക്കുന്ന ഫർണസ് ഓയിലിന് 14.5 ശതമാനമാണ് നികുതി. ഇത് നിബന്ധനകൾക്കു വിധേയമായി 5 ശതമാനമാക്കി

കുറയ്ക്കുന്നു. ഈ നികുതിയിളവ് കാരണം കൊച്ചി തുറമുഖത്തുനിന്നും കൂടുതൽ കപ്പലുകൾ ഇന്ധനം നിറയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു തുറമുഖത്തേയ്ക്ക് സർവീസ് നടത്തുവാൻ കപ്പലുകൾക്ക് ഇത് പ്രോത്സാഹനജനകവുമാകും.

359. ചാരിറ്റബിൾ ആശുപത്രികൾക്ക് അവർ തങ്ങളുടെ രോഗികൾക്ക് വിൽക്കുന്ന കോമ്പൗണ്ടഡ് നികുതി ഒടുക്കിയ മരുന്നുകൾ, ലബോറട്ടറി സ്റ്റോർ ഐറ്റങ്ങൾ, കൺസ്യൂമബിൾസ് എന്നിവയെ കഴിഞ്ഞവർഷം നികുതി വിമുക്തമാക്കിയിരുന്നു. 01.04.2005 മുതൽ ഈ ഒഴിവ് ലഭിക്കണമെങ്കിൽ ഇവർ 30.06.2013 ന് മുമ്പ് രജിസ്ട്രേഷൻ എടുക്കേണ്ടതായിരുന്നു. എന്നാൽ പല ചാരിറ്റബിൾ ആശുപത്രികളും ഈ സൗകര്യം ഉപയോഗപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന വ്യവസ്ഥകൾ നിയമത്തിൽ ഉൾക്കൊള്ളിക്കുന്നതാണ്.

- ഇൻകം ടാക്സ് ആക്ട് പ്രകാരമുള്ള നികുതി ഒഴിവിനുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാണിജ്യനികുതി കമ്മീഷണർ വ്യവസ്ഥകൾക്ക് വിധേയമായി ഒരു സർട്ടിഫിക്കറ്റ് നൽകുന്നതും അതിന്റെ അടിസ്ഥാനത്തിൽ ചാരിറ്റബിൾ ഹോസ്പിറ്റലുകളുടെ രജിസ്ട്രേഷൻ, റിട്ടേൺ ബാദ്ധ്യത എന്നിവ ഒഴിവാക്കുന്നതുമാണ്. കോമ്പൗണ്ടഡ് നികുതി ഒടുക്കുന്ന വ്യാപാരികളിൽ നിന്നു മാത്രം മരുന്നും, രജിസ്ട്രേഷനുള്ള വ്യാപാരികളിൽ നിന്നും മാത്രം കൺസ്യൂമബിൾസ്, ലബോറട്ടറി സ്റ്റോർ ഐറ്റങ്ങൾ എന്നിവ വാങ്ങാവൂ എന്നുള്ളതായിരിക്കും പ്രധാന വ്യവസ്ഥകൾ. ഇതിനുള്ള ചട്ടങ്ങൾ നിർണ്ണയിക്കപ്പെടുന്നതാണ്. വ്യവസ്ഥകളുടെ ലംഘനം കണ്ടെത്തിയാൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

- 31.03.2013 വരെയുള്ള കാലയളവിൽ മറ്റ് നിബന്ധനകളൊന്നുമില്ലാതെ, നികുതിയിളവ് ലഭിക്കുന്നതിനായി ഇൻകം ടാക്സ് എക്സംപ്ഷൻ

ഉത്തരവ് മാത്രംപരിഗണിച്ച് വാണിജ്യനികുതി കമ്മീഷണർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകുന്നതാണ്.

- സർട്ടിഫിക്കറ്റിന് 10000 രൂപ ഫീസ് ചുമത്തുന്നതാണ്.

360. മറ്റ് ആശുപത്രികളെ സംബന്ധിച്ച്, അവർ തങ്ങളുടെ രോഗികൾക്ക് നൽകുന്ന മരുന്നുകളും, മറ്റ് കൺസ്യൂമബിൾസും എം.ആർ.പി.യിൽ വാങ്ങണമെന്നതിന്റെ അടിസ്ഥാനത്തിൽ, ഓപ്ട് ചെയ്യുന്ന പക്ഷം, അവരെ ഇതിനെ സംബന്ധിച്ച നികുതി ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതാണ്. കൂടാതെ നികുതിനിർണ്ണയം പൂർത്തിയായ കേസുകളിൽ മൊത്തം നികുതി 31.03.2014-നകം അടയ്ക്കുകയാണെങ്കിൽ അത്തരം ആശുപത്രികളിന്മേൽ ചുമത്തിയിട്ടുള്ള പിഴയും പലിശയും ഒഴിവാക്കുന്നതാണ്.

361. ആയുർവേദ മേഖലയിൽ നിലനിൽക്കുന്ന നികുതിയെ സംബന്ധിച്ച അനിശ്ചിതത്വം ഒഴിവാക്കുന്നതിനായി 13.11.2009 മുതൽ 31.03.2012 വരെയുള്ള കാലയളവിൽ, ഡ്രഗ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ച് വിറ്റഴിച്ച ആയുർവേദ കോസ്മെറ്റിക് ഉത്പന്നങ്ങളുടെ നികുതിനിരക്ക് 12.5 ശതമാനത്തിൽ നിന്നും 4 ശതമാനമായി കുറയ്ക്കുന്നു. വ്യാപാരികൾ ഉയർന്ന നികുതി പിരിച്ചിട്ടുണ്ടെങ്കിൽ അത് സർക്കാരിലേക്ക് ഒടുക്കേണ്ടതാണെന്നും ഉയർന്ന നിരക്കിൽ സർക്കാരിലേക്ക് ഒടുക്കിയ നികുതി തിരികെ നൽകുന്നതല്ല എന്നും വ്യവസ്ഥ ചെയ്യുന്നതാണ്.

362. കേരളത്തിൽ ബേക്കറി ഉത്പാദനരംഗത്തുള്ള പ്രാദേശിക ബ്രാൻഡഡ് സംരംഭകരുടെ ദീർഘനാളത്തെ ആവശ്യം മാനിച്ച് ബ്രാന്റഡ്, അൺ ബ്രാന്റഡ് വ്യത്യാസമില്ലാതെ വിവിധതരം കേക്കുകൾ, ഹൽവ, മിക്സ്ചർ, ലഡ്ഡു, ജിലേബി എന്നിവയുടെ നികുതി 5 ശതമാനമായി ഏകീകരിക്കുന്നു.

363. കൊച്ചി മെട്രോ പദ്ധതി കേരളത്തിന്റെ ഒരു അഭിമാനാർഹമായ അടിസ്ഥാന സൗകര്യ വികസന പദ്ധതിയായി കണക്കാക്കപ്പെടുന്നു. മറ്റു സംസ്ഥാനങ്ങൾ

ഇപ്രകാരമുള്ള മെട്രോ പദ്ധതികൾക്ക് നൽകിയ ഇളവുകൾക്ക് സമാനമായി, നിർദ്ദിഷ്ട വ്യവസ്ഥകൾക്ക് വിധേയമായി ഈ പദ്ധതിയിന്മേലുള്ള വർക്സ് കോൺട്രാക്ട് നികുതി ഒഴിവാക്കുന്നതാണ്. ഇതുമൂലം 250 കോടിരൂപയുടെ നികുതിയാണ് വേണ്ടെന്നു വയ്ക്കുന്നത്.

364. കേരളത്തിന്റെ ഒരു പ്രധാന വ്യവസായമായി പരിഗണിച്ചുപോരുന്ന ടൂറിസം മേഖലയ്ക്ക് ഒരു പ്രോത്സാഹനമെന്ന നിലയിൽ ഓഫ് സീസണായ ജൂൺ, ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിൽ ഹോട്ടലുകളുടെ ലക്ഷ്വറി ടാക്സ് 5 ശതമാനമായി കുറയ്ക്കുന്നു. ദേശീയ-അന്തർദേശീയ ശിൽപശാലകൾ, കൺവെൻഷനുകൾ എന്നിവയ്ക്ക് കേരളം ഒരു സ്ഥിരം വേദിയാക്കുവാനുള്ള ടൂറിസം വകുപ്പിന്റെ ശ്രമങ്ങൾക്ക് കരുത്തുപകരാനായി, 20000 രൂപയ്ക്ക് മുകളിൽ വാടകയുള്ള ആഡിറ്റോറിയങ്ങളേയും കൺവെൻഷൻ സെന്ററുകളുടേയും ആഡംബര നികുതിനിരക്ക് നിലവിലെ 20 ശതമാനത്തിൽ നിന്നും 10 ശതമാനമായി കുറയ്ക്കുന്നു. ടൂറിസം വകുപ്പ് അംഗീകരിക്കുന്ന ശിൽപശാലകൾക്കും കൺവെൻഷനുകൾക്കും മാത്രമേ ഈ കുറഞ്ഞ നികുതിനിരക്ക് ബാധകമാവുകയുള്ളൂ.

365. കഴിഞ്ഞവർഷം പ്രഖ്യാപിച്ച കേരള പൊതുവിൽപന നികുതി ആംനസ്റ്റി പദ്ധതി 31.12.2013-ന് അവസാനിച്ചു. മൂല്യവർദ്ധിത നികുതി വരുന്നതിന് മുമ്പുള്ള കുടിശ്ശികകൾ തീർക്കുന്നതിനുള്ള ഒരു പദ്ധതി ആയതിനാലും, വിവിധ മേഖലകളിൽ നിന്നുള്ള ആവശ്യം പരിഗണിച്ചും ഈ പദ്ധതി മാർച്ച് 31, 2014 വരെ നീട്ടുന്നു.

366. മൂല്യവർദ്ധിതനികുതി നിലവിൽ വരുന്നതിന് മുമ്പുള്ള കുടിശ്ശിക തീർപ്പാക്കുന്നതിന് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 2008-ൽ ഒരു പ്രത്യേക ആംനസ്റ്റി പദ്ധതി നിലവിലുണ്ടായിരുന്നു. പ്രസ്തുത സമയത്ത് ചില പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഈ ഇളവുകൾ നേടുവാനായില്ല. അന്നത്തെ ആംനസ്റ്റി പദ്ധതി വീണ്ടും നടപ്പിലാക്കണമെന്നും ഇവർ ആവശ്യപ്പെടുന്നു. ഈ ആവശ്യം പരിഗണിച്ച്,

സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങൾക്ക് വേണ്ടി 2008-ൽ പ്രാബല്യത്തിൽ ഉണ്ടായിരുന്ന ആംനസ്റ്റി പദ്ധതി, അതേ വ്യവസ്ഥകൾക്ക് വിധേയമായി വീണ്ടും നടപ്പിലാക്കുന്നതാണ്. ഓപ്ഷൻ നൽകുന്നതിനുള്ള അവസാനതീയതി ജൂലൈ 31, 2014 ആയും കുടിശ്ശിക അടച്ചുതീർക്കാനുള്ള തീയതി ഡിസംബർ 31, 2014 ആയും നിജപ്പെടുത്തുന്നതാണ്.

367. കാർഷികാദായ നികുതിക്കും ഒരു ആംനസ്റ്റി പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. 31.03.2005 വരെയുള്ള നികുതി കുടിശ്ശികകൾക്ക് ആണ് ഈ സ്കീം ബാധകം. ഈ ആംനസ്റ്റി പദ്ധതി പ്രകാരം ഓപ്ഷൻ നൽകുന്നതിനുള്ള അവസാനതീയതി ജൂലൈ 31, 2014 ഉം, കുടിശ്ശിക അടച്ചുതീർക്കുന്നതിനുള്ള അവസാന തീയതി 31 ഡിസംബർ, 2014 ആയിരിക്കും. 2008-ൽ നിലവിലുണ്ടായിരുന്ന കാർഷികാദായ നികുതി ആംനസ്റ്റി വ്യവസ്ഥകൾ ഇതിനും ബാധകമായിരിക്കും.

368. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ 1.4.2005 മുതൽ 31.3.2013 വരെയുള്ള കാലയളവിൽ അംഗീകൃത റേഷൻ മൊത്തക്കച്ചവട വ്യാപാരികൾക്ക് വിറ്റ അരിക്ക് നികുതി ബാധകമായിരുന്നു. പക്ഷേ റേഷൻ സംവിധാനത്തിലെ വില, മൂല്യവർദ്ധിത നികുതി ഒഴിവാക്കിയാണ് നിശ്ചയിച്ചിരുന്നത്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ വ്യാപാരികളിൽ നിന്നും നികുതി പിരിക്കുകയും അതിനാൽ വ്യാപാരികൾക്ക് അവിചാരിതമായി നികുതിബാദ്ധ്യത ഉണ്ടാവുകയും ചെയ്തു. അംഗീകൃത റേഷൻ മൊത്തക്കച്ചവട വ്യാപാരികൾക്ക് ഈ നികുതി തിരികെ നൽകുന്നതിന് എഫ്.സി.ഐ. യെ സഹായിക്കുന്നതിലേക്കായി എഫ്.സി.ഐ. 1.4.2005 മുതൽ 31.3.2013 വരെയുള്ള കാലയളവിൽ അംഗീകൃത റേഷൻ മൊത്തക്കച്ചവട വ്യാപാരികൾക്ക് വിറ്റ അരിയെ നികുതിയിൽ നിന്നും ഒഴിവാക്കുന്നു. ഇത് മൂലം 45 കോടി രൂപയുടെ വരുമാനനഷ്ടം ഉണ്ടാകും.

369. പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങളുടെ പ്രോത്സാഹനം മുൻനിർത്തി മുൻനടപടികളുടെ തുടർച്ചയെന്ന നിലയിൽ പേപ്പർ കപ്പുകളെ നികുതിയിൽ നിന്നും ഒഴിവാക്കുന്നു.

370. അരി ഉത്പാദനവും അരി അധിഷ്ഠിത ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ പ്രോത്സാഹനവും മുൻനിർത്തി അരിയുടേയും അരി ഉത്പന്നങ്ങളുടേയും നികുതി കഴിഞ്ഞ ബഡ്ജറ്റിൽ ഞാൻ ഒഴിവാക്കിയിരുന്നു. തവിടെണ്ണ ഒരു അരി ഉത്പന്നമായതിനാൽ അതിന്റെ നിലവിലുള്ള നികുതി ഒഴിവാക്കുന്നു.

371. സാധാരണക്കാരന് ആശ്വാസം പകരുന്നതിന് അരിയെ നികുതി വിമുക്തമാക്കിയിരുന്നു. പയർവർഗ്ഗങ്ങൾ, ധാന്യപ്പൊടികൾ എന്നിവയുടെ നികുതിനിരക്ക് 5-ൽ നിന്ന് ഒരു ശതമാനമാക്കി കുറച്ചിരുന്നു. ഇതിനു തുടർച്ചയായി മൈദ, ഗോതമ്പ് പൊടി എന്നിവയെ നികുതിയിൽ നിന്നും ഒഴിവാക്കുകയും ഉഴുന്നുപൊടിയുടെ നിരക്ക് ഒരു ശതമാനമായി കുറയ്ക്കുകയും ചെയ്യുന്നു. 25 കോടി രൂപയുടെ നഷ്ടം പ്രതീക്ഷിക്കുന്നു.

372. നാളികേര അനുബന്ധ വ്യവസായങ്ങൾക്ക് പ്രോത്സാഹനമെന്ന നിലയിൽ പൂർണ്ണമായും വെളിച്ചെണ്ണയിൽ അധിഷ്ഠിതമായി നിർമ്മിക്കുന്ന സോപ്പുകളെ നികുതിയിൽ നിന്നും ഒഴിവാക്കും.

373. സോയാബീൻ ഡി-ഓയിൽഡ് കേക്കുകളിൽ നിന്ന് നിർമ്മിക്കുന്ന ഭക്ഷ്യവസ്തുവായ സോയാ ചങ്സിന്റെ നികുതി, 5 ശതമാനമായിരിക്കുമെന്ന് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ വ്യക്തമാക്കിയിരുന്നു. മുൻവർഷങ്ങളിൽ വ്യാപാരികൾ ആരുംതന്നെ ഇതിന് 12.5 ശതമാനം നിരക്കിൽ നികുതി പിരിച്ചിരുന്നില്ല എന്നത് കണക്കിലെടുത്ത് ഇതിന്റെ നികുതി 01.04.2005 മുതൽ 31.03.2012 വരെ 4 ശതമാനം നിരക്കിലും 01.04.2012 മുതൽ 31.03.2013 വരെ 5 ശതമാനം നിരക്കിലും നികുതി ബാധകമാക്കുന്നതാണ്. വ്യാപാരികൾ ഉയർന്ന നികുതി പിരിച്ചിട്ടുണ്ടെങ്കിൽ അത് സർക്കാരിലേക്ക്

ഒടുക്കേണ്ടതാണെന്നും ഉയർന്ന നിരക്കിൽ സർക്കാരിലേക്ക് ഒടുക്കിയ നികുതി തിരികെ നൽകുന്നതല്ല എന്നും വ്യവസ്ഥ ചെയ്യുന്നതാണ്.

374. ഇപ്പോൾ എൽ.ഇ.ഡി. ലാമ്പുകൾക്ക് നിലവിലുള്ള നികുതിയായ 5 ശതമാനം പ്രകാശം പരത്താൻ എൽ.ഇ.ഡി. ഉപയോഗിക്കുന്ന എല്ലാത്തരം ലാമ്പുകൾക്കും ബാധകമായിരിക്കുമെന്ന് വ്യക്തമാക്കുന്നു.

375. റബർ കർഷകർക്ക് ഒരാശ്വാസമെന്ന നിലയിൽ റബ്ബർതോട്ടങ്ങളിൽ ഫംഗസ് മൂലമുണ്ടാകുന്ന രോഗബാധകൾ നിയന്ത്രിക്കുവാൻ ഉപയോഗിക്കുന്ന റബ്ബർസ്പ്രേ ഓയിലിന്റെ നികുതിനിരക്ക് 5 ശതമാനമായി കുറവു ചെയ്യുന്നതാണ്.

**നികുതി ചോർച്ച തടയൽ**

376. നിലവിലെ വ്യവസ്ഥപ്രകാരം മിലിട്ടറി, നേവൽ, എയർഫോഴ്സ്, എൻ.സി.സി. ക്യാന്റീൻ, ഇൻഡ്യൻ നേവൽ ക്യാന്റീൻ സർവീസ്, സി.എസ്.ഡി., സെൻട്രൽ പോലീസ് ക്യാന്റീനും അനുബന്ധ കേരളാ പോലീസ് ക്യാന്റീനുകൾ എന്നിവർക്ക്, ചരക്കുകൾ വാങ്ങുമ്പോഴും വിൽക്കുമ്പോഴും നിലവിലുള്ള നികുതിയുടെ പകുതി നിരക്ക് മാത്രം ഒടുക്കിയാൽ മതിയാകും. എന്നാൽ യൂണിറ്റ്റൺ ക്യാന്റീനുകൾ ചരക്കുകൾവാങ്ങുന്നത് ക്യാന്റീൻ സ്റ്റോഴ്സ് ഡിപ്പാർട്ട്മെന്റ് മുഖേനയോ അവർ അംഗീകാരം നൽകിയ വ്യാപാരികളിലോ നിന്നുമാണ്. യൂണിറ്റ്-റൺ ക്യാന്റീനുകൾ, കേന്ദ്രസർക്കാർ പുറപ്പെടുവിച്ച യൂണിറ്റ്-റൺ ക്യാന്റീൻ മാനുവലിലെ വ്യവസ്ഥകൾ പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. യൂണിറ്റ് റൺ ക്യാന്റീൻ മാനുവലിലെ വ്യവസ്ഥകൾ പ്രകാരം യൂണിറ്റ് റൺ കാന്റീനുകൾക്ക് സി.എസ്.ഡി.യിൽ നിന്നോ അവർ അംഗീകരിച്ച ഡീലർമാരിൽ നിന്നോ അല്ലാതെ മറ്റൊരു സ്രോതസ്സിൽ നിന്നും ചരക്കുകൾ വാങ്ങുവാൻ നിയമപരമായി അവകാശമില്ല. അതുപോലെ തന്നെ സെൻട്രൽ പോലീസ് ക്യാന്റീന്റെ അനുബന്ധ ക്യാന്റീനുകൾക്കും ഇതേപോലുള്ള വ്യവസ്ഥകൾ ബാധകമാണ്. അതിനാൽ യൂണിറ്റ്-റൺ ക്യാന്റീനുകൾക്ക് സി.എസ്.ഡി. മുഖേനയോ അവർ അംഗീകാരം നൽകിയ

ഡീലർമാരിൽ നിന്നോ വാങ്ങുന്ന ചരക്കുകൾക്ക് മാത്രമേ നികുതി ഇളവ് ലഭിക്കൂ എന്ന് വ്യവസ്ഥ ചെയ്യുന്ന ഭേദഗതി കൊണ്ടുവരും. പോലീസ് ക്യാന്റീനുകൾക്കും, സെൻട്രൽ പോലീസ് ക്യാന്റീൻ അല്ലെങ്കിൽ അവർ അംഗീകരിച്ച ഡീലർമാർ എന്നിവരിൽ നിന്നും വാങ്ങുന്ന ചരക്കുകൾക്കു മാത്രമേ നികുതിയിളവിന് അർഹതയുള്ളൂ എന്ന് നിയമത്തിൽ വ്യക്തമാക്കുന്നതാണ്.

377. രജിസ്ട്രേഷനില്ലാത്തവരിൽ നിന്നും രജിസ്റ്റേർഡ് വ്യാപാരികൾ വാങ്ങുന്ന റബ്ബർ തടി, റബ്ബർ പാൽ എന്നിവയ്ക്ക് വ്യാപാരികൾ വാങ്ങൽ നികുതി നിർബന്ധമായും അടയ്ക്കണമെന്നും അടച്ചു കഴിഞ്ഞ് അടുത്ത മാസം മാത്രമേ സ്പെഷ്യൽ റിബേറ്റ് എടുക്കുവാൻ അർഹതയുള്ളൂവെന്നും കേരള മൂല്യവർദ്ധിത നികുതിനിയമത്തിൽ വ്യവസ്ഥ ചെയ്യുന്നതാണ്.

378. കേരള പേപ്പർ ലോട്ടറി നിയമപ്രകാരമുള്ള രജിസ്ട്രേഷന് ലോട്ടറീസ് ഡയറക്ടറുടെ എൻ.ഒ.സി. കൂടി നിർബന്ധമാക്കുന്നതാണ്. അതിനാവശ്യമായ ഭേദഗതി നിയമത്തിൽ കൊണ്ടുവരുന്നതാണ്.

379. വളരെയധികം വ്യാപാരികൾ, യഥാസമയം റിട്ടേണുകൾ സമർപ്പിക്കാതെ,പിരിച്ചെടുത്ത നികുതി ഒടുക്കുന്നതിൽ മനഃപൂർവം വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ നടപടി അവസാനിപ്പിക്കുന്നതിനായി വാറ്റ് നിയമം 31-ാം വകുപ്പിൽ,പിരിച്ചെടുത്ത നികുതി യഥാസമയം ഒടുക്കുന്നതിൽ വീഴ്ചവരുത്തിയാൽ ആയതിന്മേൽ പ്രതിവർഷം 36 ശതമാനം പലിശയും ഒടുക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്ന ഒരു പുതിയ വ്യവസ്ഥ കൂട്ടിച്ചേർക്കുന്നതാണ്.

380. 2010-ൽ വാണിജ്യനികുതി വകുപ്പിലെ പ്രത്യേക ആഡിറ്റ് അസസ്മെന്റ് വിഭാഗം നിർത്തലാക്കുകയുണ്ടായി. മൂല്യവർദ്ധിത നികുതിനിയമം വിഭാവനം ചെയ്ത ആഡിറ്റ് അസസ്മെന്റ് പ്രവർത്തനത്തെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. ഈ വസ്തുത അക്കൗണ്ടന്റ് ജനറലും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഈ കർത്തവ്യം സർക്കിളിലെ ആഫീസർമാർക്ക് കൈമാറിയെങ്കിലും, ആഡിറ്റ് അസസ്മെന്റ് ഫലപ്രദമായി നടപ്പിലാക്കാൻ

കഴിഞ്ഞില്ല. 2010-ന് മുമ്പുള്ള വർഷങ്ങളിലും ഈ പരിമിതി നിലനിന്നിരുന്നു. 2010-ന് ശേഷം റിട്ടേണുകളുടെ ഇ-ഫയലിംഗ്, ഇ-ഡിക്ലറേഷനുകൾ, ഇ-പേയ്മെന്റ്, ആഡിറ്റഡ് സ്റ്റേറ്റുമെന്റുകളുടെ ഇ-ഫയലിംഗ് എന്നിവ മുഖേന ഇലക്ട്രോണിക് നികുതി നിർവഹണത്തിൽ കാര്യമായ മുന്നേറ്റം കൈവരിക്കാൻ കഴിഞ്ഞു. വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർവത്കൃത ഫയൽ തെരഞ്ഞെടുക്കൽ പ്രക്രിയ ഇപ്പോൾ സാധ്യമാണ്. കൂടാതെ ഒരു വർഷത്തേക്ക് ഉള്ള ഓഡിറ്റ് അസ്സസ്മെന്റ് നടപടികൾ ക്ലിപ്തമായി ആസൂത്രണം ചെയ്യുവാനും സാധിക്കും.

ഇതിനായി, വാണിജ്യനികുതി വകുപ്പിൽ ഉണ്ടായിരുന്ന പ്രത്യേക ആഡിറ്റ് അസസ്മെന്റ് വിഭാഗം പുനരുജ്ജീവിപ്പിക്കുന്നതാണ്.

381. 100 രൂപയ്ക്ക് മുകളിലുള്ള എല്ലാ ഇടപാടുകൾക്കും വ്യാപാരി വില്പന ബിൽ നൽകേണ്ടതാണ്. കച്ചവടത്തിൽ ബിൽ നൽകാതിരിക്കുന്നതാണ് നികുതി വെട്ടിപ്പിനുള്ള മുഖ്യകാരണം എന്നത് സുവ്യക്തമാണ്. ബിൽ നൽകാതിരുന്നാൽ പിഴ ചുമത്തുവാൻ മൂല്യവർദ്ധിത നികുതി നിയമത്തിൽ നിലവിൽ വ്യവസ്ഥയുണ്ട്. ബിൽ നൽകാതിരിക്കൽ എന്നത് ക്രിമിനൽ കോടതിയിൽ വിചാരണ ചെയ്ത് 10,000/- രൂപ പിഴയോ ആറ് മാസംവരെ തടവോ ലഭിക്കാവുന്ന ക്രിമിനൽ കുറ്റമാക്കി മാറ്റി പ്രസ്തുത വ്യവസ്ഥയെ കൂടുതൽ ശക്തമാക്കുന്നതാണ്. 5000 രൂപയിൽ കൂടുതൽ മൂല്യംവരുന്ന ഒരു വിൽപനയ്ക്ക് മാത്രമേ ഇത് ബാധകമാവുകയുള്ളൂ. ബന്ധപ്പെട്ട ഡെപ്യൂട്ടി കമ്മീഷണറുടെ മുൻകൂർ അനുമതി നേടിയതിന് ശേഷമേ പ്രോസിക്യൂഷൻ നടപടികൾ തുടങ്ങാൻ കഴിയുകയുള്ളൂ.

382. നികുതി നിർണ്ണയാധികാരിക്ക് റിട്ടേൺ സമർപ്പിക്കാതിരുന്നാൽ 10,000/- രൂപ വരെ പിഴ ചുമത്തുവാനുള്ള വിവേചനാധികാരം നിലവിലുണ്ട്. ഇതിലേക്ക് കർശനമായി കുറഞ്ഞത് 1000 രൂപയെങ്കിലും ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യും.

**നടപടികളുടെ ലളിതവൽകരണം**

383. നിലവിലെ വ്യവസ്ഥ പ്രകാരം പ്രത്യേക സാമ്പത്തിക മേഖലയിലേക്കുള്ള നിർമ്മാണ സാമഗ്രികൾ, വ്യാവസായിക ഇൻപുട്ടുകൾ, പ്ലാന്റ്, മെഷിനറി എന്നിവയുടെ വിൽപന നികുതി വിമുക്തമാണ്. എന്നാൽ പ്രത്യേക സാമ്പത്തിക മേഖലയിൽ നടത്തുന്ന കരാർ പണികളെ സംബന്ധിച്ച് ചില അവ്യക്തതകൾ നിലനിൽക്കുന്നു. സബ് കോൺട്രാക്ടർ വഴിയാണ് കരാർ പണി നടപ്പാക്കുന്നതെങ്കിൽ അവർക്കും പ്രത്യേക സാമ്പത്തിക മേഖലയെ സംബന്ധിച്ച നികുതിഒഴിവ് ലഭ്യമാകുമെന്ന് വ്യക്തമാക്കുന്നതാണ്.

384. അനുമാനനികുതി ഒടുക്കുന്നതിനുള്ള പരിധി കണക്കാക്കുവാൻ കേരള പൊതുവിൽപന നികുതി നിയമത്തിൻകീഴിലെ വിറ്റുവരവും, പരമാവധി വിൽപനവിലയിൽ വാറ്റ് നികുതിയ്ക്ക് വിധേയമായ മരുന്നുകളുടെ വിറ്റുവരവും കണക്കാക്കുന്നതല്ല എന്ന് വ്യക്തമാക്കി നിയമഭേദഗതി കൊണ്ടുവരുന്നതാണ്. ഇതിന് 01-04-2005 മുതൽ മുൻകാല പ്രാബല്യം നൽകുന്നതാണ്.

385. അനുമാനനികുതി ചെറിയ വ്യാപാരികൾക്ക് ചില പ്രത്യേക നിബന്ധനകളുടെ അടിസ്ഥാനത്തിൽ ബാധകമാക്കിയിട്ടുള്ള ഒരു ലളിതമായ വ്യവസ്ഥയാണ്. ഈ നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ, ഒരു സാധാരണ ഡീലർ ആയി നികുതിനിർണ്ണയം നടത്തുന്നതും അതിൻപ്രകാരം നികുതി ഒടുക്കേണ്ടതുമാണ്. പക്ഷേ ഇങ്ങനെ നികുതിനിർണ്ണയം നടത്തുമ്പോൾ ഇവർക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, സ്പെഷ്യൽ റിബേറ്റ് എന്നിവ ലഭിക്കുന്നതിൽ ചില ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നു. അതിനാൽ അനുമാന നികുതിദായകർ എന്ന പദവി നിരാകരിച്ച് ഇവരെ നികുതി നിർണ്ണയത്തിന് വിധേയമാക്കുമ്പോൾ ഇൻപുട്ട് ടാക്സ് ക്രഡിറ്റ്, സ്പെഷ്യൽ റിബേറ്റ് എന്നിവ നൽകുന്നതിനുള്ള ബുദ്ധിമുട്ടുകൾ മാറ്റുന്നതിനുള്ള വ്യവസ്ഥകൾ നിയമത്തിൽ കൊണ്ടുവരുന്നതാണ്.

386. ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) മാരുടെ മുമ്പാകെ വളരെ കുറഞ്ഞ എണ്ണം അപ്പീലുകൾ മാത്രമേ നിലവിലുള്ളൂവെന്നത് പരിഗണിച്ച്, 2006-ൽ പെനാൽറ്റി ഉത്തരവുകളും അപ്പീൽ നൽകാവുന്ന ഉത്തരവുകളുടെ ഗണത്തിൽപ്പെടുത്തി. എന്നാൽ ഇപ്പോൾ നിലവിലുള്ള അപ്പീലുകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഇത് പരിഗണിച്ച് പെനാൽറ്റി ഉത്തരവുകൾക്കു മുകളിൽ ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാർക്ക് മുമ്പ് നിലവിലുണ്ടായിരുന്നത് പോലെ റിവിഷൻ അധികാരങ്ങൾ പുനഃസ്ഥാപിക്കുന്നതാണ്. ഡെപ്യൂട്ടി കമ്മീഷണർമാർ, ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) എന്നിവരുടെ റിമാന്റ് ചെയ്യാനുള്ള അധികാരം എക്സ്-പാർട്ടി ഉത്തരവുകൾക്ക് മാത്രമായി പരിമിതപ്പെടുത്തും.

387. ഫാറം 13, ഫാറം 13 എ എന്നിവ സമർപ്പിക്കേണ്ടതില്ലാത്ത വ്യാപാരികൾ നിയമപ്രകാരം ഓൺലൈനായി പ്രോഫിറ്റ് ആന്റ് ലോസ്സ് അക്കൗണ്ട് സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നതാണ്.

388. നിലവിലെ വ്യവസ്ഥകൾ പ്രകാരം സഹകരണസംഘങ്ങൾക്ക് ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ ആഡിറ്റഡ് സ്റ്റേറ്റ്മെന്റിന് പകരം സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ നൽകുന്ന ആഡിറ്റഡ് സ്റ്റേറ്റ്മെന്റുകളും, സർട്ടിഫിക്കറ്റുകളും സമർപ്പിക്കാവുന്നതാണ്. ഖാദി, ഗ്രാമ വ്യവസായ യൂണിറ്റുകളുടെ കാര്യത്തിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് തയ്യാറാക്കുന്ന ആഡിറ്റ് റിപ്പോർട്ട് ഈ ആവശ്യത്തിലേക്കായി സ്വീകരിക്കുന്നതാണ്.

389. കോൺട്രാക്ടർമാർക്ക് നൽകുന്ന തുകയിൽ നിന്ന് അവാർഡർ കുറവ് ചെയ്ത് അടയ്ക്കുന്ന നികുതിതുക, തുടർന്നുവരുന്ന മാസം അഞ്ചാംതീയതിക്ക് മുമ്പായി ഒടുക്കേണ്ടതാണ്. ഈ വ്യവസ്ഥ, സർക്കാർ വകുപ്പുകൾക്ക് പ്രത്യേകിച്ചും പ്രയാസമുണ്ടാക്കുന്നു. ഈ സാഹചര്യത്തിൽ ഈ തുക ഒടുക്കേണ്ട തീയതി സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വരുന്ന മാസം 20-ാം തീയതിവരെ നീട്ടുന്നതാണ്.

390. കഴിഞ്ഞവർഷം ഞാൻ ചെറിയ വ്യാപാരികളെ അവരുടെ മുൻ ബാദ്ധ്യതകളിൽ നിന്ന് മുക്തരായി രജിസ്ട്രേഷൻ എടുക്കുവാൻ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഒരു ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി നടപ്പിലാക്കി. പദ്ധതിയുടെ അവസാന തീയതി സെപ്തംബർ 30, 2013 ആയിരുന്നു. ഈ പദ്ധതിയുടെ സമയപരിധി ആഗസ്റ്റ് 31, 2014 വരെയാക്കി നീട്ടുവാൻ ഉദ്ദേശിക്കുന്നു. പദ്ധതി നടപ്പിലാക്കിയപ്പോൾ ലഭിച്ചഒരു നിർദ്ദേശം രജിസ്ട്രേഷന് വേണ്ടിയുള്ള രേഖകളെക്കുറിച്ചായിരുന്നു. വ്യവസ്ഥകൾ പുനരവലോകനം ചെയ്യുന്നതും, നടപടിക്രമങ്ങൾ ലളിതമാക്കുന്നതുമാണ്.

391. ഏലം, തേയില എന്നിവയുടെ വ്യാപാരം പ്രധാനമായും ലേല കേന്ദ്രങ്ങളിലൂടെയാണ് നടക്കുന്നത്. പ്ലാന്ററിന് വേണ്ടി അംഗീകൃത ബ്രോക്കർമാരാണ് ഇത്തരം വിൽപനയിൽ പങ്കെടുക്കുന്നതും വിൽപന സ്ഥിരപ്പെടുത്തുന്നതും. യഥാർത്ഥത്തിൽ പ്ലാന്റർമാരുടെ ഏജന്റുമാരായാണ് ഈ ബ്രോക്കർമാർ പ്രവർത്തിക്കുന്നതെങ്കിലും ഇവർ സ്വന്തമായി രജിസ്ട്രേഷൻ എടുത്ത് അന്തർസംസ്ഥാന വിൽപനയ്ക്ക് നികുതി ഇളവിനായി വാങ്ങുന്ന ആളിൽ നിന്നും സി-ഫോം സ്വീകരിക്കാറുണ്ട്. എന്നാൽ നടപടിക്രമങ്ങളിലെ ചില അവ്യക്തതകൾ ചൂണ്ടിക്കാട്ടി ബ്രോക്കർമാർ നികുതി അടച്ച വിറ്റുവരവിനെ നികുതി ഒഴിവ് നൽകാതെ, ആ വിറ്റുവരവിൽ വീണ്ടും പ്ലാന്റർമാരുടെ മേൽ നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ ചില ഉദ്യോഗസ്ഥർ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

392. വർദ്ധിച്ചുവരുന്ന ഓൺ-ലൈൻ വ്യാപാരം സംസ്ഥാനത്തിന്റെ നികുതി പിരിവിനെ ബാധിച്ചിട്ടുണ്ട്. കേരളത്തിൽ സ്ഥിതി ചെയ്യുന്ന ഉപഭോക്താവിൽ നിന്ന്, സാധനം വിൽക്കുന്ന സംസ്ഥാനത്തിന് നികുതി ലഭിക്കുന്നു. ഇത്തരം ഇടപാടുകളെ നിയന്ത്രിക്കുവാൻ നിലവിൽ ചില പരിമിതികളുണ്ട്. ഇതുമൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന നികുതി നഷ്ടത്തിന്റെ തോത്, സെയിൽ ഓഫ് ഗുഡ്സ് ആക്ട്, കേന്ദ്ര വിൽപന

നികുതി നിയമം, ഭരണഘടന വ്യവസ്ഥകൾ എന്നിവയും കൂടി പരിഗണിച്ച് എന്തൊക്കെ പരിഹാരനടപടികൾ സ്വീകരിക്കാം എന്ന് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഒരു വിദഗ്ദ്ധസമിതി രൂപീകരിക്കുന്നതാണ്.

393. കോമ്പൗണ്ടഡ് നികുതി ഓപ്റ്റ് ചെയ്യുന്നവർ ഏപ്രിൽ 30-ന് മുമ്പ് ഓപ്ഷൻ ഫയൽ ചെയ്യണമെന്നാണ് പൊതുനിയമം. എന്നാൽ ഗവൺമെന്റ് കോൺട്രാക്ടർമാരുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, അവർക്ക് ഈ ഓപ്ഷൻ ഫയൽ ചെയ്യാൻ താമസിച്ചാൽ കമ്മീഷണർക്ക് വാർഷിക റിട്ടേൺ ഫയൽ ചെയ്യേണ്ട സമയംവരെ മതിയായ കാരണങ്ങൾക്ക് കാലവിളംബം മാപ്പാക്കാനുള്ള അധികാരം നൽകുന്നതാണ്.

394. സംസ്ഥാനങ്ങളിൽ നിലവിലുള്ള പൊതുവിൽപന നികുതി നിയമത്തിലെ അസസ്മെന്റ് വ്യവസ്ഥകളാണ്, കേന്ദ്രവിൽപന നികുതി നിയമത്തിലെ വ്യവസ്ഥകൾക്കും ബാധകം, എന്ന് കേന്ദ്രവിൽപന നികുതി നിയമം വിവക്ഷിക്കുന്നു. പക്ഷേ വാറ്റ് നിയമത്തിലെ സെൽഫ് അസസ്മെന്റ് സമ്പ്രദായം നിലവിൽ വന്നശേഷം ഇക്കാര്യത്തിൽ ചില അവ്യക്തതകൾ നിലനിൽക്കുന്നു. നികുതിനിർണ്ണയം പൂർത്തീകരിക്കുന്നതിനുള്ള കാലാവധി വാറ്റ് നിയമത്തിലുള്ള വ്യവസ്ഥകൾ തന്നെയായിരിക്കും കേന്ദ്ര വിൽപന നികുതി നിയമത്തിനും ബാധകം എന്ന് സ്പഷ്ടമാക്കുന്നതാണ്. നിയമപ്രകാരമുള്ള എല്ലാ ഫാറങ്ങളും അനുബന്ധങ്ങളും നിശ്ചിത കാലാവധിക്കുള്ളിൽ സമർപ്പിച്ചാൽ മാത്രമേ കേരള മൂല്യവർദ്ധിത നികുതിനിയമം, കേന്ദ്ര വിൽപനനികുതി നിയമം എന്നിവയ്ക്ക് കീഴിലുള്ള കൽപിത നികുതി നിർണ്ണയം പൂർത്തിയാകൂ എന്ന് വ്യവസ്ഥ ചെയ്യുന്നതാണ്.

395. കേരള ആഡംബരനികുതി നിയമപ്രകാരം കല്യാണമണ്ഡപങ്ങൾ, ആഡിറ്റോറിയങ്ങൾ, കൺവെൻഷൻ സെന്ററുകൾ എന്നിവ ഈടാക്കുന്ന തുകയിൽ ഭക്ഷ്യവസ്തുക്കൾ ഒഴികെയുള്ള തുകയ്ക്ക് നിലവിൽ ആഡംബരനികുതിയുണ്ട്. എന്നാൽ ആഡംബരനികുതിയിൽ നിന്നും ഒഴിവാകുവാനായി ബില്ലുകളിൽ സംഭാവനകൾ, വിവിധയിനം ചാർജ്ജുകൾ

എന്നിങ്ങനെ വകമാറ്റി എഴുതി നികുതി ഒഴിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവണതകൾ തടയുന്നതിനായി നിയമത്തിൽ യുക്തമായ ഭേദഗതി കൊണ്ടുവരുന്നതാണ്.

396. കേരള മൂല്യവർദ്ധിത നികുതിനിയമത്തിലെ വകുപ്പ് 67(1) പ്രകാരം ഒരു കുറ്റം കണ്ടെത്തിയ ദിവസം മുതൽ, ഡെപ്യൂട്ടി കമ്മീഷണർ സമയം നീട്ടി നൽകിയിട്ടില്ല എങ്കിൽ, ഒരു വർഷത്തിനകം ആ കേസ് തീർപ്പാക്കേണ്ടതാണ്. ഡെപ്യൂട്ടി കമ്മീഷണർക്ക് മൂന്നുവർഷം വരെ സമയം നീട്ടിക്കൊടുക്കാവുന്നതാണ്. വിവരസാങ്കേതിക വിദ്യയുടെ ഈ കാലഘട്ടത്തിൽ, പല സങ്കീർണ്ണ അന്വേഷണങ്ങളും മൂന്ന് കൊല്ലം കൊണ്ട് തീർപ്പാക്കുവാൻ കഴിയില്ല എന്നത് ഒരു വസ്തുതയാണ്. നികുതി വെട്ടിപ്പുകാർ മനപ്പൂർവ്വം നടപടികളുമായി സഹകരിക്കാത്ത അവസ്ഥയും ഉണ്ട്. വെട്ടിപ്പ് നടത്തുന്നവർതന്നെ കേസ് തീർപ്പാക്കുന്നതിൽ വിവിധ തടസ്സങ്ങൾ നിരത്തി നടപടിക്രമങ്ങൾ വൈകിപ്പിച്ച് അവസാനം സമയപരിധി തീർന്നു എന്ന ന്യായം ഉന്നയിക്കാറുണ്ട്. സംസ്ഥാനത്തിന്റെ വരുമാന താത്പര്യങ്ങളെ മുൻനിർത്തി ഈ വ്യവസ്ഥ ഒഴിവാക്കുന്നതാണ്.

397. തിരുവനന്തപുരം, എറണാകുളം, കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിൽ നിലവിലുള്ള പൊതു വിൽപന ട്രിബ്യൂണൽ ബെഞ്ചുകൾക്ക് മൂല്യവർദ്ധിത നികുതി അപ്പീലുകൾ കൈകാര്യം ചെയ്യുവാനുള്ള അധികാരം നൽകുന്നതാണ്. ഇതിലേക്കായി ട്രൈബ്യൂണലിന്റെ ഘടനയിലും അധികാരത്തിലും മാറ്റം വരുത്തുന്നതാണ്.

**ഇ-ഗവേണൻസ്**

398. നികുതിഭരണം സുതാര്യവും കൃത്യവും ആക്കുന്നതിൽ വകുപ്പിൽ നടപ്പിലാക്കിയ ഇ-ഗവേണൻസ് പദ്ധതികൾക്ക് വലിയ പങ്കുണ്ട്. പക്ഷേ ഇപ്പോഴത്തെ സർവറുകളുടെ കപ്പാസിറ്റി ഉദ്യോഗസ്ഥർക്കും വ്യാപാരികൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ഉയർന്ന ക്ഷമതയുള്ള അത്യാധുനിക സർവറുകൾ വകുപ്പിൽ ഉടൻതന്നെ സ്ഥാപിക്കുന്നതാണ്.

399. എക്സ്പോർട്ട് റീഫണ്ടുകൾ ഓൺലൈനായി നൽകുന്നതിനും എക്സ്പോർട്ട് രേഖകൾ ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും വിദേശ വ്യാപാര ഡയറക്ടറേറ്റുമായി ചേർന്ന് ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്.

400. വാണിജ്യനികുതിവകുപ്പിൽ ഇ-ഗവേണൻസ് സാങ്കേതികവിദ്യ വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഒരു സാങ്കേതിക വിദഗ്ദ്ധന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക വിംഗ് രൂപീകരിക്കുന്നതാണ്. ഇതിന്റെ സഹായത്തോടെ വകുപ്പിലെ ജീവനക്കാർക്ക് പരിശീലനവും നൽകുന്നതാണ്. കൂടാതെ വകുപ്പിൽ പ്രത്യേക സൈബർ സ്ക്വാഡ് രൂപീകരിക്കുന്നതാണ്.

401. വാണിജ്യ നികുതി വകുപ്പിൽ നിന്നും വ്യാപാരികൾക്കുള്ള നോട്ടീസുകൾ, അസസ്മെന്റ് ഓർഡറുകൾക്ക് ഡിമാന്റ് നോട്ടീസുകൾ എന്നിവ വ്യാപാരികൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉടൻ പൂർത്തിയാക്കും.

**അടിസ്ഥാന സൗകര്യ വികസനം**

402. പാലക്കാട് ജില്ലയിലെ കോംപ്ലക്സിന്റെ നിർമ്മാണം ഈ വർഷംതന്നെ പൂർത്തിയാക്കുന്നതാണ്.

403. വകുപ്പിൽ ആധുനികവത്കരണത്തിന്റെ ഭാഗമായി, കാലപ്പഴക്കം ചെന്ന വാഹനങ്ങൾ മാറ്റുന്നതിനും പുതുതായി തുടങ്ങുന്ന ആഡിറ്റ് അസസ്മെന്റ് വിംഗ്, ഇക്കണോമിക് ഇന്റലിജൻസ് വിംഗ് എന്നിവയ്ക്കും ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുമായി ആവശ്യമായ പുതിയ വാഹനങ്ങൾ വാങ്ങുന്നതാണ്. കൂടാതെ നിലവിലുള്ള വാർത്താവിനിമയ സംവിധാനം മെച്ചപ്പെടുത്തുന്നതാണ്. ഇന്റലിജൻസ് സ്ക്വാഡുകളുടെ നിയന്ത്രണവും കാര്യക്ഷമതയും മെച്ചപ്പെടുത്തുവാൻ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുന്നതാണ്.

404. പാലക്കാട് റെയിൽവേസ്റ്റേഷനിൽ ഒരു ഫെസിലിറ്റേഷൻ സെന്റർ ഉടൻതന്നെ പ്രവർത്തനമാരംഭിക്കും. കേരളത്തിലെ മൂന്ന് പ്രധാന വിമാനത്താവളങ്ങളിലും കോഴിക്കോട്, തൃശ്ശൂർ മുതലായ റെയിൽവേ സ്റ്റേഷനുകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങുന്നതാണ്.

405. വാണിജ്യനികുതിവകുപ്പിന്റെ അടിസ്ഥാനസൗകര്യങ്ങൾ വിപുലീകരിക്കപ്പെട്ടതിനെ തുടർന്ന് വകുപ്പിൽ ചെക്ക്പോസ്റ്റിലെ വെയ്ബ്രിഡ്ജുകൾ, വാഹനങ്ങൾ എന്നിവയുടെ അറ്റകുറ്റ പണികൾ കാര്യക്ഷമമായും വേഗത്തിലും നടപ്പിലാക്കുവാൻ ഒരു മെക്കാനിക്കൽ എൻജിനീയറിംഗ് വിഭാഗം ആരംഭിക്കുന്നതാണ്.

**പരിശീലനം**

406. ദേശീയസ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷന്റെ ആസ്ഥാനമന്ദിരം തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യത്ത് ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തിലും ആഭിമുഖ്യത്തിലും വാണിജ്യനികുതി വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതാണ്.

**കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്**

407. ചിട്ടി രംഗത്ത് കെ.എസ്.എഫ്.ഇ. വളർച്ചയുടെ പാതയിലാണ്. എല്ലാ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളും ഇതിനോടകംതന്നെ കമ്പ്യൂട്ടർവത്കരിച്ചുകഴിഞ്ഞു. അടുത്തവർഷം മുതൽ ചിട്ടി ലേലം ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പാക്കുന്നതാണ്.

**ഉപസംഹാരം**

408. സർ, സംസ്ഥാനത്തിന്റെ സമഗ്ര വികസനവും സാമൂഹ്യക്ഷേമവുമാണ് ഈ സർക്കാരിന്റെ മുഖമുദ്ര. ഈ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് ഉപകരിക്കുന്ന വികസനപദ്ധതികളും പരിപാടികളും

ആവിഷ്കരിക്കുന്നതിന് കഴിഞ്ഞ രണ്ടു ബഡ്ജറ്റുകളിലും സാധിച്ചതിന്റെ ചാരിതാർത്ഥ്യത്തോടുകൂടെയാണ് ഞാൻ ഈ പ്രസംഗം ഉപസംഹരിക്കുന്നത്.

409. രാജ്യത്ത് പൊതുവായി നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ മൊത്തം ഉപഭോഗത്തെ സാരമായി ബാധിച്ചതു മൂലം സംസ്ഥാന തനത് റവന്യൂ വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ചാനിരക്ക് കൈവരിക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ വികസനച്ചെലവിന് കൂടുതൽ ഊന്നൽ നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. വികസന ചെലവുകൾക്ക് നടപ്പു വർഷത്തേതിനേക്കാൾ 7010 കോടി രൂപയുടെ അധിക വിഹിതമാണ് 2014-15 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പശ്ചാത്തലത്തിൽ കേരള ധന ഉത്തരവാദിത്വ നിയമത്തിൽ നിഷ്കർഷിച്ച പ്രകാരം റവന്യൂ കമ്മി ഇല്ലാതാക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 1.53% റവന്യു കമ്മിയും 3.10% ധനകമ്മിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് ഞാൻ അവതരിപ്പിക്കുന്നത്.

410. ഇനി ഞാൻ 2013-14 വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റുകളുടേയും 2014-15 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടേയും സംക്ഷിപ്ത രൂപം അവതരിപ്പിക്കട്ടെ.

**2013-14 – ലെ പുതുക്കിയ എസ്റ്റിമേറ്റ് (രൂപ കോടിയിൽ)**

| | |
|---|---|
| റവന്യൂ വരവ് | 54966.85 |
| റവന്യൂ ചെലവ് | 61175.20 |
| ഇതിൽ ഉൾപ്പെടുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള ഗ്രാന്റ് | 4318.60 |
| റവന്യൂ കമ്മി | (-) 6208.35 |
| യഥാർത്ഥ റവന്യൂ കമ്മി | (-) 1889.75 |
| മൂലധന ചെലവ് | 5877.59 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 1054.42 |

| | |
|---|---|
| പൊതുകടം (തനി) | 11844.38 |
| പൊതുകണക്ക് (തനി) | 864.36 |
| ആകെ കമ്മി | (-) 431.62 |
| വർഷാരംഭ റൊക്ക ബാക്കി | 86.15 |
| വർഷാന്ത്യ റൊക്ക ബാക്കി | (-) 345.47 |

**2014-15 - ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് (രൂപ കോടിയിൽ)**

| | |
|---|---|
| റവന്യൂ വരവ് | 64842.35 |
| റവന്യൂ ചെലവ് | 71974.04 |
| ഇതിൽ ഉൾപ്പെടുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള ഗ്രാന്റ് | 5078.68 |
| റവന്യൂ കമ്മി | (-) 7131.69 |
| യഥാർത്ഥ റവന്യൂ കമ്മി | (-) 2053.01 |
| മൂലധന ചെലവ് | 6611.35 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 655.43 |
| പൊതുകടം (തനി) | 13721.86 |
| പൊതുകണക്ക് (തനി) | 821.16 |
| ആകെ മിച്ചം | 144.55 |
| വർഷാരംഭ റൊക്ക ബാക്കി | (-) 345.47 |
| വർഷാന്ത്യ റൊക്ക ബാക്കി | (-) 200.92 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | 1398.80 |
| പ്രഖ്യാപിച്ച ഇളവുകൾ | 125.55 |
| അധിക വിഭവ സമാഹരണം | 1556.35 |
| വർഷാന്ത്യ റൊക്ക ബാക്കി | (-) 168.92 |

411. മഹാഭാരതത്തിൽ വിദുരർ പറയുന്നു

"ചക്ഷുഷാ മനസാ വാചാ

കർമ്മണാ ച ചതുർവിധം

പ്രസാദയതി യോ ലോകം

തം ലോകോ അനുപ്രസീദതി"

412. കണ്ണുകൊണ്ടും മനസ്സുകൊണ്ടും വാക്കുകൊണ്ടും കർമ്മംകൊണ്ടും ജനങ്ങളെ സന്തുഷ്ടരാക്കുന്നവരെ ജനങ്ങളും സന്തുഷ്ടരാക്കുന്നു.

413. യു.ഡി.എഫിന്റെ കണ്ണും മനസ്സും വാക്കും കർമ്മങ്ങളും എന്നും ജനങ്ങൾക്കൊപ്പമാണ്, ജനങ്ങൾക്കുവേണ്ടിയാണ്. എന്റെ കഴിഞ്ഞ മൂന്നു ബഡ്ജറ്റുകളും ഈ വസ്തുതയാണ് പ്രഖ്യാപിച്ചത്. അതുകൊണ്ടുതന്നെ ജനങ്ങൾ സന്തുഷ്ടരാണ്. യു.ഡി.എഫും സന്തുഷ്ടമാണ്. ഈ സന്തുഷ്ടി നിലനിർത്തിക്കൊണ്ടു മുന്നോട്ടുപോകാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

ജയ് ഹിന്ദ്




ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല–2014